Date of Publication: 9 ഏപ്രിൽ 2019
വോള്യം 17/ലക്കം 3 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# വിവാഹം



കവർ ചിത്രം കടപ്പാട്: **കാളിഘട്ട് ചിത്രശൈലി**
**യിലെ 'മത്സ്യലോകത്തെ വിവാഹം'**

# സംഘടിത

സംഘടിത/ ഏപ്രിൽ 2019/വോള്യം 17/ലക്കം 3


'അതിപാവനമാം വിവാഹമേ...' 6
**വി.എസ്. ബിന്ദു**

വിവാഹം അഥവാ തന്തയെ
ഉണ്ടാക്കുംവിധം 10
**ഗാർഗി ഹരിതകം**

ചാരുലത 11
കവിത/**ദിവ്യ എൻ.**

പ്രസവിച്ച കുഞ്ഞിൽ ഒരമ്മയുടെ
അവകാശം; നേരനുഭവം 12
**എച്ച്മുക്കുട്ടി**

വിവാഹ നിയമങ്ങളും
ചില സ്വതന്ത്ര കാഴ്ചപ്പാടുകളും 18
**പ്രീത കെ.കെ.**

രണ്ടു വിപ്ലവകാരികളുടെ വിവാഹം 22
**അജിത കെ.**

കേരളത്തിലെ വിവാഹചരിത്രം 23
**ഗീതാഞ്ജലി കൃഷ്ണൻ**

ഭ്രാന്ത് 27
കവിത/**നിഷ അക്കരത്തൊടി**

ഒരു പഴയ വേളിയോർമ്മ 28
**സാവിത്രി അന്തർജ്ജനം**

ലോക്സഭാ തെരഞ്ഞെടുപ്പ് - 2019 30
പെൺപക്ഷം/**കെ അജിത**

അതിജീവനത്തിന്റെ പ്രണയവർണ്ണങ്ങൾ 35
**അക്കു അഖിൽ**

പ്രണയത്തിന്റെ നൈതികതകൾ 38
വാസ്തവം/**ഡോ. ജാൻസി ജോസ്**

ഭിന്നലൈംഗികത: ചില ഭിന്നവിചാരങ്ങൾ 39
**രഞ്ജിനി കൃഷ്ണൻ**

താലിച്ചരട് എന്ന മൂക്കുകയർ 43
**ജി.ഉഷാകുമാരി**

നവോത്ഥാനമലയാളകവിതയിലെ
ഗഹനപരിസ്ഥിതിബോധം 45
**സുനില ജി.**

വിവാഹം എന്ന അടിമക്കച്ചവടം 49
**ജ്യോതി നാരായണൻ**

ജാനകിക്ക് ലൗ സലാം 52
കഥ/**ശ്രീക്കുട്ടി**

ദേശരാഷ്ട്രത്തിന്റെ വിവാഹ യുക്തികൾ 58
**ഷീബ കെ.എം.**

നുണയും സത്യവും
ചീരുവിന്റെ പുതിയ സമസ്യകൾ 59
വഴിത്താരകൾ/**ജാനകി**

കാലാവസ്ഥാ വ്യതിയാനങ്ങൾക്കെതിരെ
പോരാടുന്ന പെൺകുട്ടി 61
ശാസ്ത്രം/**സീമാ ശ്രീലയം**

**ഫോട്ടോ ഫീച്ചർ : ചിത്രകലയിലെ വിവാഹദൃശ്യങ്ങൾ**



**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** ഗീതാഞ്ജലി കൃഷ്ണൻ, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

വേനലിനൊപ്പം തെരഞ്ഞെടുപ്പ് കാലത്തിന്റെ കൂടി ഉഷ്ണത്തിലാണ് നാമെല്ലാവരും. ഹിന്ദുത്വശക്തികൾ അഴിച്ചുവിട്ട ഭരണകൂടഭീകരതയുടെയും മുതലാളിത്ത ചൂഷണത്തിന്റെയും അഞ്ചു വർഷങ്ങൾ കടന്നു തീരുമ്പോൾ ഇനിയൊരിക്കലും അധികാരത്തിലെത്താത്ത വിധം ആ പാർട്ടിക്ക് തിരിച്ചടി കൊടുക്കണമെന്ന് ഇന്ത്യയിലെ അനവധിയായ ജനങ്ങളോടൊപ്പം ശക്തമായി ആഗ്രഹിക്കുന്നു. ഇത് യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ നിശ്ചയദാർഢ്യത്തോടെ കാലുറപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.നമ്മൾ ഓരോരുത്തരുടേയും വോട്ട് ജനാധിപത്യത്തിനും ജാതിവിരുദ്ധതയ്ക്കും മതേതര ജീവിതത്തിനും വേണ്ടിയുള്ളതാകട്ടെ.

കരുനാഗപ്പള്ളിയിൽ തുഷാര എന്ന ഇരുപത്തേഴുകാരിയെ ഭർത്താവും ഭർതൃമാതാവും സ്ത്രീധനത്തിന്റെ പേരിൽ പട്ടിണിക്കിട്ടുകൊന്ന ഞെട്ടിക്കുന്ന വാർത്ത കേരളത്തിന്റെ പുരോഗമന അവകാശവാദങ്ങളെ അപ്പാടെ തകർത്തു തരിപ്പണമാക്കുന്നു.തന്റെ പ്രണയാഭ്യർത്ഥന നിരസിച്ചുവെന്ന പേരിൽ പതിനെട്ടുകാരിയെ ഒരുവൻ പട്ടാപ്പകൽ നടുറോഡിൽ തീവെച്ചുകൊന്ന അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമായ നടപടിയും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. കേരളീയ സാമൂഹ്യബോധത്തിൽ സ്ത്രീവിരുദ്ധത മുമ്പെങ്ങുമില്ലാത്ത വിധം ആക്കം കൂടുകയാണെന്ന ബോധ്യം നമുക്കുണ്ടായേ തീരൂ. ചെറുത്തുനിൽപിനായി മാതാപിതാക്കളെയും ആൺ/പെൺ കുട്ടികളെയും സജ്ജരാക്കേണ്ടതുണ്ടുതാനും. വിവാഹമെന്നത് ജീവിതത്തിന്റെ പരമമായ ലക്ഷ്യമാണെന്നും എന്തു വില കൊടുത്തും അത് സംരക്ഷിക്കപ്പെടണമെന്നും സമർത്ഥിക്കപ്പെടാൻ ഒരിക്കലും അനുവദിച്ചുകൂടാ.

വഹിച്ചുകൊണ്ടു പോകുക എന്നർത്ഥമാക്കുന്ന 'വാഹ്' എന്ന പദത്തിൽ നിന്നാണത്രെ വിവാഹം എന്ന വാക്കുണ്ടായത്. സ്ത്രീയെ സ്വന്തം ഇടത്തിൽനിന്നും പൊടുന്നനെ സ്ഥാനചലനം നടത്തുന്ന പ്രവൃത്തി ! ഇന്ത്യയിൽ നിലനിന്ന പലതരത്തിലുള്ള വിവാഹങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ വേദകാലസാഹിത്യം മുതൽ കണ്ടെത്താവുന്നതാണ്. ബ്രഹ്മ, ദൈവ, അർസ, പ്രജാപത്യ, അസുര, ഗാന്ധർവ്വ, രാക്ഷസ, പൈശാച തുടങ്ങിയ വിവാഹങ്ങളെക്കുറിച്ച് മനുസ്മൃതിയിൽ പരാമർശിക്കുന്നുണ്ട്. വേദസംസ്ക്കാരം ഗംഗാസമതലങ്ങളിലേക്ക് വ്യാപിച്ചതോടെ ഗോത്ര ജീവിതങ്ങൾ വർണ്ണ/വർഗ്ഗ വ്യവസ്ഥയിലേക്ക് പരിവർത്തിപ്പിക്കപ്പെട്ടപ്പോൾ ജാതിയേയും സ്വത്തിനേയും നിലനിർത്താൻ ഏകഭർതൃവിവാഹങ്ങൾ മാതൃകകളാക്കപ്പെട്ടു. ദ്രൗപദിയിൽ നിന്ന് സീതയിലേക്കുള്ള പാതിവ്രത്യത്തിന്റെ ചുവടുവെപ്പുകൾ അങ്ങനെ അടയാളപ്പെട്ടു. ഇതിൽ നിന്നുമൊക്കെ വ്യത്യസ്തമായി കേരളത്തിൽ നിലനിന്ന അയഞ്ഞ സ്ത്രീപുരുഷബന്ധമാതൃകയ്ക്കകത്ത് ദമ്പതികൾ തമ്മിൽ മരണം വരെ പരസ്പരം ജീവിതം കൈമാറുന്ന അവസ്ഥയുണ്ടായിരുന്നില്ല. മരുമക്കത്തായത്തിൽ ചാരിത്ര്യനിർബന്ധങ്ങൾ ഏതുമുണ്ടായിരുന്നില്ല താനും. അതിനാൽത്തന്നെ ഒരു നൂറ്റാണ്ടോളം മാത്രമേ നമ്മുടെ, പ്രത്യേകിച്ച് കേരളത്തിലെ, ആധുനിക വിവാഹരീതികൾക്ക് ആയുസ്സുള്ളൂ. എങ്കിലും നമ്മുടെ ജീവിതക്രമത്തെ ഏറ്റവുമധികം നിർണ്ണയിക്കുന്ന ഒരു വ്യവസ്ഥയായി അത് ഇതിനോടകം മാറിയിരിക്കുന്നു. വൈവിധ്യമാർന്ന സ്ത്രീപുരുഷബന്ധങ്ങളിൽ നിന്ന് ഏകപതീപത്നീബന്ധങ്ങളിലേക്ക് അത് ചുരുക്കപ്പെട്ടു. മതപ്രചാരകരുടേയും അധിനിവേശഭരണ താൽപര്യങ്ങളുടെയും നിർണ്ണായകമായ ഇടപെടൽ ഇതിനു പുറകിൽ ഉണ്ടായിരുന്നുതാനും. പുതുരൂപങ്ങളിൽ ലൈംഗികതയെയും സദാചാരത്തെയും സഭ്യതയെയും നിർമ്മിക്കുകയും അതിലുപരി ആധുനിക കാലത്തും പുരുഷാധിപത്യത്തിന് വേരോടാൻ പറ്റിയ വ്യവസ്ഥ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട് നമ്മുടെ വിവാഹ മാനദണ്ഡങ്ങൾ ! ചൊവ്വാദോഷം മുതൽ മുഖക്കുരു വരെ പെണ്ണിന്റെ വിവാഹസാധ്യതകൾ ഇല്ലാതാക്കുമ്പോൾ 'പുര നിറഞ്ഞ് നിൽക്കുന്ന' പെണ്ണിനെയോർത്ത് അങ്കലാപ്പിലാവുന്നൂ സമൂഹം.

ഭർത്താക്കൻമാർക്ക് സ്ത്രീശരീരത്തിനുമേലുള്ള ഉടമസ്ഥാവകാശങ്ങളിൽ വേണമെങ്കിൽ ഭാര്യമാരെ പട്ടിണിക്കിടാനും പീഡിപ്പിക്കാനും ചുട്ടെരിക്കാനും അനുമതി നൽകുന്ന വ്യവസ്ഥയായി മാറി വിവാഹം. ഇങ്ങനെയൊക്കെയുള്ള കഠിന യാഥാർത്ഥ്യങ്ങൾക്കിടയിലും മഹിമകളിൽ തോറ്റിയെടുത്ത് വാഴ്ത്തപ്പെടുന്ന വിവാഹം വിശകലനം ചെയ്യുകയാണ് ഗീതാഞ്ജലി കൃഷ്ണൻ അതിഥിപത്രാധിപയായ ഏപ്രിൽ മാസം സംഘടിത. എത്രയും സ്നേഹത്തോടെ ഈ ലക്കം വായനക്കാർക്ക് സമർപ്പിക്കട്ടെ.

## അതിഥിപത്രാധിപക്കുറിപ്പ്



ഗീതാഞ്ജലി
കൃഷ്ണൻ

# ജനാധിപത്യപരമല്ലാത്ത വിവാഹങ്ങൾ

"അതിപാവനമാം വിവാഹമേ!
ശ്രുതി മന്ദാര മനോജ്ഞപുഷ്പമായ്
ക്ഷിതിയിൽ സുഖമേകി നിന്ന നിൻ
ഗതികാൺകെത്രയധഃപതിച്ചു നീ!"

കുമാരനാശാന്റെ "ചിന്താവിഷ്ടയായ സീത"യുടെ നൂറാം വാർഷികമാണ് ഇത്. 1919 ൽ ആശാൻ ഇതെഴുതുമ്പോൾ ഇന്ത്യയിൽ ഉടനീളം വ്യത്യസ്തമായ വിവാഹരീതികളും ദായക്രമങ്ങളും നിലനിന്നു. "പുരുഷാധിപത്യത്തിനു കീഴിലെ സ്ത്രീജീവിതം അപമാനജീവിതമാണ്. സുഖഭോഗങ്ങളുടെ അത്യാർത്തിയാലും നിവർത്തികേടുകൊണ്ടും ചിലർ ഈ അപമാനങ്ങളെ നിസ്സാരമാക്കി എന്നു വരാം" എന്നാണ് ആശാന്റെ സീത പറയുന്നത്. മലയാളത്തിലെ ഈ ആദ്യ സ്ത്രീപക്ഷ കാവ്യം വിവാഹത്തേയും, അതിലെ പുരുഷാധികാരത്തേയും സ്നേഹമില്ലാത്ത, കടമയിലൊതുങ്ങിയ സാമൂഹ്യനീതിയേയും ചോദ്യം ചെയ്യുന്നു. അപവാദം ഭയന്നാണെങ്കിൽ രാമൻ എന്തുകൊണ്ട് രാജ്യമുപേക്ഷിച്ച് സീതയോടൊപ്പം കാട്ടിലേക്കുപോയില്ല? സ്ത്രീവിരുദ്ധമായ ആ രാമരാജ്യം ഇവിടെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരെ കൂടിയാണ് ഈ ശ്രമം. സ്വാതന്ത്ര്യം കിട്ടി എഴുപതു വർഷമായിട്ടും നമ്മുടെ വിവാഹങ്ങളോ കുടുംബമോ ജനാധിപത്യവൽക്കരിച്ചിട്ടില്ല!

സീതയെക്കാൾ അപമാനിതരായ പുരാണനായികമാരെപ്പറ്റി ബിന്ദു എഴുതുന്നു. മാധവിയും, അഹല്യയും ദമയന്തിയുമെല്ലാം ഇന്ത്യ കൊണ്ടാടുന്ന മഹത്തായ "ആർഷപാരമ്പര്യത്തിന്റെ" പ്രതീകങ്ങളാണ്. വിവാഹനിയമങ്ങളെപ്പറ്റി പ്രീത പറയുന്നുണ്ട്. കുടുംബക്കോടതികളിൽ കയറിയിറങ്ങിയവർക്കറിയാം, അതെത്ര മാനസിക സമ്മർദ്ദമേൽപ്പിക്കുന്ന പ്രക്രിയയാണെന്ന്! പണ്ടില്ലാത്ത വിധം ജാതകവും, ജാതിയും മതവും ചൊവ്വാ ദോഷം പോലുള്ള ജാതകദോഷങ്ങളും നമ്മുടെ വിവാഹ തിരയലുകളെ ബാധിക്കുന്നു. ദുരഭിമാനക്കൊലകളും, പ്രണയനിരാശക്കൊലകളും അരങ്ങേറുന്നു. സ്നേഹരാഹിത്യത്തിൽ നാടിനു ഭ്രാന്തു പിടിക്കുന്നു. ഏഴുവയസ്സുകാരനെ അമ്മയുടെ സുഹൃത്ത് കൊലപ്പെടുത്തിയ നടുക്കത്തിലാണ് ഇതെഴുതുന്നത്.

വിവാഹം എന്ന സാമൂഹ്യക്രമത്തിലൂടെ സ്ത്രീക്കും പുരുഷനും കുട്ടികളേയും കുടുംബത്തേയും ലഭിക്കുന്നു. കുഞ്ഞുങ്ങളെ പ്രസവിച്ച് വളർത്തുമ്പോഴും, അവരുടെ ഉടമസ്ഥാവകാശം ഭർത്താവിനും അയാളുടെ വീട്ടുകാർക്കുമാണ്. താൻ പ്രസവിച്ച കുഞ്ഞിന്റെ അവകാശത്തിനായി ഒരമ്മ നടത്തിയ നിയമ യുദ്ധത്തിന്റെ കഥ ഈ ലക്കത്തിൽ വായിക്കാം. കുഞ്ഞിന്റെ പിതൃത്വം ഒരു സാംഗത്യമേ അല്ലാത്ത ഒരു കാലം കേരളത്തിൽ ഉണ്ടായിരുന്നു. 70–80 വർഷം മുൻപു വരെ. ആ ജീവിതത്തിൽ നിന്നു പിറന്ന ഒരു തലമുറ ഇന്നും ഇവിടെ ജീവിച്ചിരിക്കുന്നു. ഏകദേശം ഗോത്രസംസ്ക്കാരം പോലെ ബഹുഭർതൃത്വവും ബഹുഭാര്യാത്വവും കേരളം കണ്ടിരുന്നു. ആധുനികർക്കു ദഹിക്കാത്ത വിധം സ്ത്രീകൾക്ക് സ്വത്തവകാശവും പിന്തുടർച്ചാവകാശവും ഉണ്ടായിരുന്നു. ഓരോ കാലത്തിലും പല വിവാഹരീതികൾ മനുഷ്യസമൂഹം നടപ്പിൽ വരുത്തുമെന്നും, അതു നിരന്തരം പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണെന്നുമേ നമുക്ക് പറയാനാവൂ. സ്ത്രീകൾ-പുരുഷന്മാർ-സ്ത്രീപുരുഷമാനക ലൈംഗികതയിലല്ലാത്തവർ ഇങ്ങനെ എല്ലാവർക്കും ആനന്ദവും സ്വാതന്ത്ര്യവും അനുഭവിച്ച് ജീവിക്കാൻ കഴിയണം. കുഞ്ഞുങ്ങൾക്ക് സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ഒരിടം വേണം.

സ്ത്രീപുരുഷമാനക ലൈംഗികതയിലല്ലാത്തവരുടെ വിവാഹത്തേയും ജീവിതത്തേയും കുറിച്ച് അഖിലും ഗാർഗിയും രഞ്ജിനിയും എഴുതിയിട്ടുണ്ട്. കന്യക എന്ന ശാരീരികാവസ്ഥ (കന്നി മണ്ണ്, കന്യാവനം) സ്ത്രീജീവിതത്തിന്റെ നിർണായക ഘടകമാവുന്നതിന്റെ പരിഹാസ്യതയും രഞ്ജിനി എടുത്തുകാട്ടുന്നു. സ്ത്രീപുരുഷമാനക ലൈംഗികമല്ലാത്ത വിവാഹങ്ങളെ പറ്റി സമൂഹത്തിനുള്ള ആകുലതകൾ അവർ പറയുന്നു. വിവാഹം തന്നെ ഒരുതരം മാമാങ്കവും കെട്ടുകാഴ്ച്ചയുമാണല്ലൊ. അത്യന്തം സ്ത്രീ വിരുദ്ധമായ കുറേ ഏർപ്പാടുകൾ : പെണ്ണുകാണൽ, സ്ത്രീധനം, പുടവകൊട, താലികെട്ട്, കന്യാദാനം, പാണിഗ്രഹണം, വരവേൽപ്പ്, കുടിവയ്പ്പ് എന്നിങ്ങനെ. ഇനി എന്നാവും വരന്റെ വീടും വീട്ടുകാരെയും കണ്ടിട്ട് മാത്രം സ്ത്രീകൾക്ക് വിവാഹ സമ്മതം നൽകാൻ സാധിക്കുന്ന കാലം വരിക?

ലജ്ജയാവുന്നു, ഇതെല്ലാം പറയാൻ. ലോകത്തിന്റെ പല ഭാഗങ്ങളിലും ഒരുകാലത്ത് നിലനിന്നിരുന്ന സ്ത്രീധനസമ്പ്രദായം ആധുനികതയുടെയും പരിഷ്ക്കാരത്തിന്റേയും സ്ത്രീ വിദ്യാഭ്യാസത്തിന്റേയും വരവോടെ ഇല്ലാതെയായി. ജപ്പാൻ, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലൊന്നും സ്ത്രീധന സമ്പ്രദായം ഇന്നു നിലവിലില്ല. എന്നാൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന ജീവിത സൂചികകളും പുരോഗതിയുമുള്ള കേരളത്തിൽ ഈ പിന്നാക്കാവസ്ഥ ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തെയും പോലെ ഇപ്പോഴും നിലനിൽക്കുന്നു.

**എഴുത്തുകാരി,**
**തിരുവനന്തപുരം ടെക്നോ പാർക്കിൽ**
**സീനിയർ പ്രോജക്ട് മാനേജർ**



**വി.എസ്. ബിന്ദു**
എഴുത്തുകാരി, അദ്ധ്യാപിക

# ‘അതി പാവനമാം വിവാഹമേ...’

**വ്യത്യസ്തരായ രണ്ടുപേർ അവരുടെ ജീവിതത്തെ ഒരു തന്തുവാൽ ബന്ധിക്കുകയാണ്. അവർ ഒന്നാകുന്നു എന്ന ചിന്ത സമൂഹം അംഗീകരിക്കുന്നു. പരസ്പരമുള്ള അവകാശത്തെ ബോധ്യമാക്കുന്നു.**



ചിന്താവിഷ്ടയായ സീത

മനുഷ്യരുടെ പല പല ജീവിത ഘട്ടങ്ങളിൽ ഏറെ പ്രാധാന്യമുള്ള അവസരമാണ് വിവാഹം.. വ്യത്യസ്തരായ രണ്ടുപേർ അവരുടെ ജീവിതത്തെ ഒരു തന്തുവാൽ ബന്ധിക്കുകയാണ്. അവർ ഒന്നാകുന്നു എന്ന ചിന്ത സമൂഹം അംഗീകരിക്കുന്നു. പരസ്പരമുള്ള അവകാശത്തെ ബോധ്യമാക്കുന്നു. പല തരത്തിലുള്ള വിവാഹരീതികൾ നിലനിൽക്കുന്ന നാടാണ് കേരളം. എങ്കിലും ലക്ഷ്യം കുടുംബത്തിന്റെ സ്ഥാപനവും നിലനിർത്തലും തന്നെ.

ചിന്താവിഷ്ടയായ സീതയിൽ വിവാഹത്തെക്കുറിച്ചുള്ള സീതയുടെ നിരീക്ഷണം ‘അതി പാവനമാം വിവാഹമേ’ എന്നാണ് കുമാരനാശാൻ തുടങ്ങുന്നത്. ധർമ്മ യുക്തികൾക്ക് അനുസരിച്ച് നിലനിന്ന വിവാഹമെന്ന ഒത്തുചേരൽ കാണെക്കാണെ ഇത്രയും അധഃപതിച്ചു പോയല്ലോ എന്നതാണ് സീതയുടെ ആധി. വിവാഹത്തിന്റെ നിയമങ്ങൾ ആർ ആർക്കു വേണ്ടി സൃഷ്ടിച്ചിരിക്കുന്നു എന്നത് ഈ ബന്ധത്തിന്റെ നിലനിൽപ്പിനു അടിസ്ഥാനമാകുന്നു. സ്ത്രീ സൗഹൃദമല്ലാത്ത തന്തവാഴ്ചകളുടെ മുഴുവൻ അഹന്തയും അടങ്ങുന്നതാണ് പലപ്പോഴും വിവാഹം. അതിലെ കരാറുകൾ പലപ്പോഴും അടിമ ഉടമ

ബന്ധത്തെ ഓർമ്മിപ്പിക്കും. ധനപരവും വസ്തുപരവുമായ കൊടുക്കൽ വാങ്ങലുകൾക്കു സ്ത്രീയേക്കാൾ മൂല്യം കൽപ്പിക്കപ്പെടുന്നു. കന്യാശുൽക്കം എന്ന ഏർപ്പാട് ഇതിഹാസങ്ങളിൽത്തന്നെ കാണാം. വിൽമുറിഞ്ഞ ഒച്ചയിലും യന്ത്രപ്പക്ഷിയുടെ കണ്ണു തുരക്കലിലും ആനന്ദം പൂണ്ട വരണ മാല്യങ്ങൾ വീരന്മാരുടെ കഴുത്തിൽ അലിവോടെ അണിയിക്കപ്പെട്ടു. സ്വയംവരമെങ്കിൽ ഒപ്പം തന്നെ ശാകുന്തളവും പിറന്നു. ഉപേക്ഷിക്കലും അടയാളം ചൊല്ലലും പുനസ്സമാഗമവും ആയിരുന്നു സ്വയംവരങ്ങളുടെ ഫലപ്രാപ്തി മഹാഭാരതത്തിൽ. ഭർത്താവിന്റെ അന്ധതയുടെ ബാക്കി പത്രമാകാൻ കൊതിച്ചതെന്നു കരുതുന്ന ഒരുവൾ കൃത്രിമമായി അന്ധത്വം വരിച്ചു. രാമായണത്തിൽ സഹധർമ്മിണിയായവൾക്ക് കാട്ടിലും മേട്ടിലും അലയേണ്ടി വന്നു. കാട്ടാളൻമാരുടെയും രാക്ഷസികളുടെയും കയ്യിൽപ്പെടേണ്ടി വന്നു. സ്മൃതിയും ശ്രുതിയും ചേർന്ന് എല്ലാ ദാരുണാന്ത്യങ്ങൾക്കും കുടപിടിക്കുകയും ചെയ്യുന്നു. ഭാര്യയുടെ ചാരിത്ര്യം എപ്പോഴും സൂക്ഷിക്കപ്പെടേണ്ട ഒന്നാകുകയും പുരുഷന് അത്തരം നിയമങ്ങൾ ബാധകമല്ലാതാവുകയും ചെയ്യുന്നു.

ഇടി വെട്ടീടും വണ്ണം വില്ല് മുറിഞ്ഞ ഒച്ചയിൽ 'മൈഥിലി മയിൽപ്പേട പോലെ സന്തോഷം പൂണ്ടാൾ' എന്ന് എഴുത്തച്ഛൻ എഴുതുന്നു. വീരനും ശൂരനുമായ വരനെ തനിക്കു ലഭിച്ചു കഴിഞ്ഞു, ഇനി അയോധ്യയിൽ പ്രിയതമനൊത്തു വാഴാം എന്ന മനക്കോട്ടയാണ് ആ വധുവിനും ഉണ്ടായിരുന്നത്. കൊട്ടാരത്തിൽ നിന്നു കാനനത്തിലേക്കുള്ള പാതയിലേക്ക് ഭർത്താവിനൊപ്പം അവളും പുറപ്പെട്ടു. പിന്നീടുണ്ടായ മുഴുവൻ സംഭവങ്ങൾക്കും പിന്നിൽ വധുവായ സീത നിമിത്തമാകുന്നു. അടിയ രാമായണത്തിലാകട്ടെ ഗോത്ര സംസ്കൃതിയുടെ തെളിച്ചം കാണാം. കല്യാണം കഴിഞ്ഞാൽ ഭാര്യയേയും മക്കളേയും ഉപേക്ഷിക്കരുതെന്നു രാമനെ ഉപദേശിക്കുന്ന ഗോത്ര മുഖ്യനായ വാല്മീകിയെയാണ് നാം അടിയരാമായണത്തിൽ കാണുക. രാമായണത്തിലെ സ്ത്രീ കഥാപാത്രങ്ങൾക്ക് സംഭവിച്ചിരിക്കുന്ന ജീവിത വിപര്യയങ്ങൾ അവരുടെ ദാമ്പത്യ വേളയിലാണ് ആരംഭിക്കുന്നത്, ജനകന്റെ മകളായ സീത മുന്തിയ ഉദാഹരണമായി എപ്പോഴും എടുത്തു കാട്ടപ്പെടുന്നു. നളചരിതത്തിൽ ദമയന്തിയുടെ കാര്യത്തിലാകട്ടെ നീണ്ട പന്ത്രണ്ടു സംവൽസരങ്ങൾക്ക് ശേഷമാണ് വിവാഹ ജീവിതം പ്രതിസന്ധികളാൽ നിറയുന്നത്. ഘോര കാനനത്തിൽ ഉടുവസ്ത്രം നഷ്ടപ്പെട്ട് വിടനെ ഭയന്ന് കരയുന്ന ആ ചിത്രം എക്കാലത്തെയും സ്ത്രീ ജീവിതത്തിന്റെ പൊള്ളുന്ന എഴുത്താണ്.



ഉപേക്ഷിക്കപ്പെട്ട ദമയന്തി

'ആരോമലേ, നിനച്ചു ഭംഗി തരംഗിതമംഗമിദം
ഓരോ ദിനം യുഗമായിംഗിതമെങ്ങു
മൊളിച്ചു ചിരം' എന്ന നളന്റെ കാമം പൂണ്ട വാക്കുകളാൽ ആഹ്ലാദം നിറച്ച ജീവിതം കാട്ടിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ദമയന്തിയുടെ വിലാപത്തിൽ കെട്ടടങ്ങുന്നു.

'അളവില്ലാ മമ ഭയം, ആളി മാരുമില്ല
നള, നളിനാക്ഷാ, നീ ഒളിവിലെന്തിരിക്കുന്നു ?'
എന്നത്രേ ആ വിലാപം.

ഇതിഹാസങ്ങളിൽ വിശ്വാസവഞ്ചന

യുടെ സ്ത്രീചരിതങ്ങൾ ആവോളം തുടരുകയാണ്. വിശ്രവസ്സിന്റെ ആശ്രമ കവാടത്തിലേക്ക് ഉത്തമ സന്താനലബ്ധിക്കായി കൊണ്ടു ചെന്നെറിയപ്പെട്ട കൈകസി-രാവണന്റെ അമ്മ-അവരിൽ ഒരാളാണ്. വർഗ വർണ്ണ സംഘർഷങ്ങൾ നിലനിൽക്കുന്നതും ഭയാനക യുദ്ധങ്ങൾ അരങ്ങേറുകയും ചെയ്യുന്നിടത്ത് പിതാവിന്റെ സ്വാർത്ഥതയാണ് കൈകസിയെ വിപത്തിലേക്ക് തള്ളിവിടുന്നത്. വംശരക്ഷകനായി ഒരുവൻ പിറക്കാൻ മകൾക്കായി അച്ഛൻ ബ്രാഹ്മണ ബീജം തേടുകയാണ്. അധ്യാത്മരാമായണത്തിൽത്തന്നെ ഉമാമഹേശ്വര സംവാദത്തിൽ ശ്രീ പാർവതി തന്റെ പതിയായ ശിവനെ ഗംഗാ കാമുകാ എന്ന് സംബോധന ചെയ്യുന്നുണ്ട്.

മാധവിയെയും ഗുരുവിനും കാഴ്ച വയ്ക്കുന്നു. അയാളത് സ്വീകരിക്കുകയും ചെയ്യുന്നു. ഈ ചരക്ക് കൈമാറ്റത്തിൽ അവൾക്കു കന്യകാത്വം നഷ്ടപ്പെട്ടിട്ടില്ല എന്നതിന് തെളിവായി ഒരു കഥയും മെനയുന്നുണ്ട്. യയാതിയുടെ ഈ പുത്രി ഇപ്പോഴും മരിച്ചിട്ടില്ല.

അഹല്യയുടെ കഥയും മറ്റൊന്നുമല്ല. പുരുഷാധിപത്യത്തിന്റെ ഏറ്റവും ക്രൂരമായ നോട്ടത്തിനു വിധേയയായി കല്ലായിപ്പോയതാണ് അവൾ. മോചിപ്പിക്കാൻ ഒരു പുരുഷൻ തന്നെ വേണ്ടി വന്നു. മോചനമെന്നാൽ മരണം എന്ന് തന്നെയാണ് അർഥം. താരയാകട്ടെ ഭർത്താവ് ചതിയാൽ കൊല്ലപ്പെട്ടതിനു ശേഷം അദ്ദേഹത്തിന്റെ അനുജന്റെ ഇംഗിതത്തിനു വഴങ്ങി ജീവിക്കേണ്ടി വന്നവളാണ്. സ്ത്രീയുടെ ആഗ്രഹങ്ങൾക്കും ഇഷ്ടങ്ങൾക്കും ഒട്ടും വെളിച്ചപ്പെടാനായില്ല അവിടെ.

**ലിംഗതുല്യതയ്ക്കു വേണ്ടി നാം പൊരുതുമ്പോഴും അടിച്ചമർത്താൻ ശ്രമിക്കുന്നതിൽ ആണധികാരശീലം നില നിർത്തുന്ന സ്ത്രീകളുമുണ്ട്. വിവാഹനിയമങ്ങൾ മാറണം. അലിഖിതമായി നടക്കുന്ന പാരമ്പര്യച്ചാർത്തലുകൾ ഇല്ലാതാവണം. പുതിയ എന്ന വാക്ക് ഇതിനും അന്യമല്ല. തീരുമാനം എടുക്കാൻ കഴിയുന്നവരാണ് വരും തലമുറ. പുരാണ കന്യകമാരുടെ ആ 'വിലപ്പെട്ട' വിവാഹ ദുഖങ്ങളെ അവർ വിമർശനാത്മകമായി വായിക്കും. ആചാരങ്ങളും അനുഷ്ഠാനങ്ങളും ധനാർത്തിയും കുടിയിരിക്കുന്ന അരക്കില്ലങ്ങളാണ് വിവാഹയിടങ്ങൾ**

***മാധവി എന്ന പണയപ്പണ്ടം***

ഗാലവന്റെ പേരിനൊപ്പം നിത്യവേദനയായി നാം ഉൾക്കൊള്ളുന്നുണ്ട് മാധവിയെ. കറുത്ത ചെവിയുള്ള അഞ്ഞൂറ് വെളുത്ത കുതിരകളെ ഗുരുദക്ഷിണയായി ചോദിച്ച വിശ്വാമിത്രനായി സ്ത്രീത്വത്തെ ബലി കഴിക്കാൻ കൂട്ടുനിന്ന കൊള്ളരുതായ്മയുടെ പേരാണ് ഗാലവൻ. യയാതിയുടെ മകളാണ് മാധവി. ഗരുഡന്റെ നിയോഗത്താൽ മാധവിയെ ഗാലവന് കൈമാറുന്നു. അയാളാകട്ടെ അവളെ രാജാക്കന്മാരായ ഹര്യശ്വന്നും ദിവോദാസന്നും ഉശീനരന്നും നൽകി ഇരുന്നൂറു കുതിരകളെ വീതം സമ്പാദിച്ചു, ഒടുവിൽ അറുന്നൂറു കുതിരകളേയും

ദമ്പതികൾ, അവർ ദൈവങ്ങളോ മുനിമാരോ മനുഷ്യരോ ആരുതന്നെയായാലും സ്ത്രീയുടെ പദവി ഭാര്യ എന്ന നിലയിൽ മാത്രമല്ല പൊതുവായ അന്തസ്സ് മാനുഷി എന്ന നിലയിലും ഇല്ലതാക്കപ്പെടുന്നു.

***തുല്യനീതി എന്ന കഠിന മല***

തുല്യത ഉറപ്പാക്കുന്നത് ജനനം മുതൽ തന്നെ നിരോധിക്കപ്പെടുന്നത് കൊണ്ട് നമ്മുടെ സ്ത്രീകൾ വിവാഹത്തിന്റെ എല്ലാ സ്ത്രീവിരുദ്ധതയും ചുമക്കുന്നു. അതിനു സമൂഹത്തിലെ എല്ലാ തട്ടിലും ഉള്ളവർ വിധേയരാണ്. ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴാണു കേരളത്തെ നടുക്കിയ വാർത്ത പെൺകുട്ടിയെ പട്ടിണിക്കിട്ട് കൊന്നുവെന്നുള്ളത്

അറിയേണ്ടി വരുന്നത്. സ്വത്തായിരുന്നു വില്ലൻ. അവർ അവൾക്കു എളുപ്പം ചത്തുപോകാൻ കുതിർത്ത അരിയും പച്ചവെള്ളവും നൽകി. മരണ സമയത്ത് തൂക്കം വെറും ഇരുപതു കിലോ. ആരു മറിയാതെ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അന്ധ വിശ്വാസവും മതവും കൂട്ട് നിൽക്കും. വിവാഹത്തിനു സ്വയം തെരഞ്ഞെടുക്കാനുള്ള അവസരം, തീരെ യോജിക്കാൻ വയ്യാതെ വരു മ്പോൾ പിരിഞ്ഞു പോകാനുള്ള അവസരം. കുട്ടികളെ അപ്പോഴും കരുതലോടെ ചേർത്തു പിടിക്കാനുള്ള മനസ്സ് ഇതൊക്കെ നഷ്ടമായതെ ങ്ങനെ എന്നോർക്കണം. സ്ത്രീധന നിരോധന നിയമവും ഗാർഹിക പീഡന നിരോധന നിയവും ഉണ്ട്. പ്രായോഗിക തലത്തിൽ പൂർണാർഥത്തിൽ ഇതു നടപ്പിലാക്കാൻ കഴിയുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. കേരളത്തിൽ നിരവധി മാതൃകാ വിവാഹങ്ങൾ നടക്കേണ്ടതുണ്ട്. ആർഭാ ടങ്ങളുടെ പിൻ ബലമില്ലെങ്കിൽ നമുക്കെന്തു പൊങ്ങച്ച ജീവിതം ചങ്ങാതീ എന്നല്ലേ ? ഇനി ഈ നിയമ സാക്ഷരത എത്ര പേർ നേടി ? കൊല്ലം പെൺകുട്ടിയുടെ അമ്മയ്ക്ക് ഈ വിവരങ്ങൾ എന്ത് കൊണ്ട് നേരത്തെ നിയമപാലകരെ അറിയിക്കാ നായില്ല ? ലിംഗതുല്യതയ്ക്കു വേണ്ടി നാം പൊരു തുമ്പോഴും അടിച്ചമർത്താൻ ശ്രമിക്കുന്നതിൽ ആണധികാരശീലം നില നിർത്തുന്ന സ്ത്രീകളു മുണ്ട്. വിവാഹ നിയമങ്ങൾ മാറണം. അലിഖി തമായി നടക്കുന്ന പാരമ്പര്യച്ചാർത്തലുകൾ ഇല്ലാതാവണം. പുതിയ എന്ന വാക്ക് ഇതിനും അന്യമല്ല. തീരുമാനം എടുക്കാൻ കഴിയുന്നവരാണ് വരും തലമുറ. പുരാണ കന്യകമാരുടെ ആ 'വില പ്പെട്ട' വിവാഹ ദുഖങ്ങളെ അവർ വിമർശനാത്മ കമായി വായിക്കും. ആചാരങ്ങളും അനുഷ്ഠാന ങ്ങളും ധനാർത്തിയും കുടിയിരിക്കുന്ന അരക്കില്ല ങ്ങളാണ് വിവാഹയിടങ്ങൾ. ചിലർ മാത്രം ചിറകിൽ പറ്റിയ തീക്കണങ്ങളിൽ വെള്ളമൊഴിച്ചു ജീവിക്കും. ചിലർ ആ ചിറകു വേർപെടുത്തും. ഇനിയും ചിലർ ആകെ കത്തിയമരും. പ്രണയ വിവാഹങ്ങളെ സംര ക്ഷിച്ചു നിർത്താനുള്ള നമ്മുടെ കടമ നിറവേറു ന്നുണ്ടോ ? ഇല്ല. കെവിന്മാരും ആതിരമാരും ഇനി യുമുണ്ടാകുമെന്നു സൂചന.

ആശയ മണ്ഡലത്തിൽപ്പോലും ഇന്ന് നിശ്ചലത ഈ വിഷയത്തിൽ അനുഭവപ്പെടുന്നു എന്നുള്ളത് ആധുനിക മുതലാളിത്തത്തിന്റെ വിജയമാണ്. ഉൽപ്പന്നങ്ങൾ മാത്രമായി സ്ത്രീകൾ മാറട്ടെ എന്നതാണല്ലോ അവരുടെ ലക്ഷ്യം ! ഭൂരി പക്ഷ മതാധികാരത്തിന്റെ നിയന്ത്രണത്തിലൂടെ അവരതു സാധ്യമാക്കുന്നു.

### *ദാരിദ്ര്യവും ബാലവിവാഹവും*

നവോത്ഥാനത്തിൽ വിവാഹത്തെക്കുറി ച്ചുള്ള ശ്രീ നാരായണീയ സങ്കൽപ്പം നാം തള്ളി ക്കളഞ്ഞു. മിശ്രവിവാഹം ഇന്ന് എതിർക്കപ്പെടുന്നത് വർദ്ധിച്ചു വരുന്ന മതാധികാരത്തിനു തെളിവാണ്. ഏകത്തിൽ പ്രതിഷ്ഠിക്കപ്പെട്ട കുടുംബങ്ങൾ അവ യുടെ വിക്ടോറിയൻ സദാചാര മൂല്യങ്ങൾ മുറുകെ പിടിക്കുകയും അതിനാൽ കടുത്ത സ്ത്രീ വിരു ദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

ബാലവിവാഹം ഇന്ത്യയിൽ നിരോധിക്ക പ്പെട്ടു കഴിഞ്ഞു. എങ്കിലും ഒഡീഷ പോലുള്ള സംസ്ഥാനങ്ങളിൽ ദാരിദ്ര്യത്തിന്റെ പല അവസ്ഥ കളിൽ ഒന്നാണ് ഇപ്പോഴും നിരന്തരം നടക്കുന്ന ബാലവിവാഹം. പഠനം പൂർത്തീകരിക്കേണ്ട പ്രായത്തിൽ അമ്മമാരും വിധവകളും ആകുന്ന പെൺകുട്ടികൾ ഇവിടങ്ങളിലെ ദുരിതക്കാഴ്ചകൾ തന്നെ പോക്സോ നിയമത്തിന് ഇവിടെ ഒന്നും ചെയ്യാനാകുന്നില്ല. ലൈംഗികാതിക്രമങ്ങൾ വിവാഹാനന്തരം അരങ്ങേറുമ്പോൾ അരക്കെട്ട് തകർന്നു പെൺകുട്ടി ഇവിടെയും മരിക്കുന്നു ണ്ടാവാം. ഇന്ദിരാ സഹസ്ര ബുദ്ധെയുടെ ഗോദാ വരി എന്ന നോവൽ ഈ പ്രമേയം കൈകാര്യം ചെയ്യുന്നതിലൂടെ പറഞ്ഞു വയ്ക്കുന്നത് സ്നേഹ ത്തിൻ മേലുള്ള നിരോധനമാണ് വിവാഹം എന്ന് തന്നെ. സാമ്പത്തിക അരാജകത്വം വിവാഹക്ക മ്പോളം വഴി നടപ്പാക്കുന്നവരിൽ ജനപ്രതിനിധി കൾ പോലുമുണ്ട്. ഖാപ്പ് പഞ്ചായത്തുകളുടെ വിധിക്കാണ് ഇന്നും ഉത്തരേന്ത്യയിൽ പ്രാധാന്യം. നിയമം നോക്കുകുത്തി തന്നെ പലപ്പോഴും.

### *ക്ലാസ് മുറികൾ മറന്നു പോകുന്നത്*

യഥാർഥ വർണവിവേചനം നടപ്പാകുന്നത് എത്ര പരിഷ്കരിക്കപ്പെട്ടിട്ടും സ്ത്രീ സൗഹൃദ മാകാത്തത് നമ്മുടെ പാഠ്യ പദ്ധതിയിലാണ്. ശരീര ത്തെക്കുറിച്ചോ ലൈംഗികതയെക്കുറിച്ചോ ചൂഷണം ചെയ്യപ്പെടാതിരിക്കാനുള്ള നിയമങ്ങളെ ക്കുറിച്ചോ അതു കുട്ടികളോടു സംസാരിക്കുന്നില്ല. ജീവിതപങ്കാളീ സങ്കൽപ്പം യുവാക്കൾക്കിടയിൽ രൂപപ്പെടുത്തുന്നില്ല. തുല്യത മാരകമായി മുറിവേൽ പ്പിക്കപ്പെടുന്നതും ഇവിടെയാണ്. വർദ്ധിച്ചു വരുന്ന വിവാഹ മോചനക്കേസുകൾ ഈ നിർജീവ ക്ലാസ് മുറികളുടെ അടയാളമാണ്.

നാം ചില തീരുമാനങ്ങളിലേക്ക് തന്നെ കട ക്കേണ്ടതുണ്ട് അത് നമ്മുടെ പെൺകുട്ടികൾക്ക് വേണ്ടിയാണ്. മുഴുവൻ കലകളും എഴുത്തും ഈ അടിമത്തത്തിൽ നിന്നുള്ള മോചനത്തെ ലക്ഷ്യ മിടട്ടെ. 'ദെയർ ഈസ്നൊ ആൾട്ടർനേറ്റീവ്' എന്ന് മാത്രം പറയരുത്. ഇനിയും വൈകരുതെന്നപേക്ഷ.

■

# വിവാഹം അഥവാ തന്തയെ ഉണ്ടാക്കുംവിധം



**ഗാർഗി ഹരിതകം**
എഴുത്തുകാരി, രാഷ്ട്രീയ പ്രവർത്തക

അത്രയും സ്വാഭാവികവും സാമ്പ്രദായികവുമായ ആൺ-പെൺ വിവാഹമെന്ന സ്ഥലത്തു നിന്നും അത്രമേൽ സ്വാഭാവികവും സാമ്പ്രദായികവുമല്ലാത്ത ക്വിയർ സഹജീവനമെന്ന ഇടത്തിലേക്കുള്ള എത്തിച്ചേരലിന്റെ ദൈർഘ്യത്തെ രാഷ്ട്രീയവൽക്കരിക്കുന്നിടത്താണ് ശീലങ്ങൾക്കും അനുശീലനങ്ങൾക്കുമതീതമായാണ് ചില അധികാരഘടനകൾ പ്രവർത്തിക്കുന്നത് എന്നു മനസ്സിലാവുന്നത്.

'പിതൃമേധാവിത്ത'മാണ് 'ആണധികാര'മല്ല എന്ന് ഫെമിനിസ്റ്റുകൾ പറയുന്നത് പിതാവ് ഒരധികാരസ്ഥാനമായതുകൊണ്ടാണ്. അതുകൊണ്ടു തന്നെയാണ് ഫെമിനിസം അടിസ്ഥാനപരമായി ഒരു ലിംഗ/ലിംഗത്വത്തിന്റെ വിമർശനമല്ല മറിച്ച് ഒരധികാര ഘടനയുടെ മനസ്സിലാക്കലാവുന്നത്. 'പിതാവ്' ഒരു കുഞ്ഞിനെ ഉണ്ടാക്കുന്ന പ്രക്രിയയുടെ സാങ്കേതിക പങ്കാളി മാത്രമല്ല, അയാൾക്ക്/ആ (അ)സ്ഥാനത്തിരിക്കുന്ന ആൾക്ക് മറ്റു പല അധികാരങ്ങളും കുഞ്ഞിന്റെയും അതിന്റെ അമ്മയുടെയും മുകളിലുണ്ട്. ഈ അധികാരമെന്നത് ഒരിക്കലും ചോദ്യം ചെയ്യപ്പെടാത്ത ഒന്നാവുമ്പോൾ, ചുമതല വളരെ വളച്ചൊടിക്കാവുന്നതുമാവുമ്പോൾ അമ്മയും കുഞ്ഞും അധികാര വ്യവസ്ഥയ്ക്ക് നിന്നു കൊടുക്കേണ്ടവരാവുന്നു. എന്നാൽ 'ആൺ' ശരീരത്തിൽ ജനിച്ച എല്ലാവരെയും സൂചിപ്പിക്കുന്ന 'ആണധികാര'മല്ല ഈ അധികാര വ്യവസ്ഥ.

***മലയാളിയും തന്തയും***

ഈ തന്ത മലയാളിയുടേതല്ല. അതായത് **ഇന്നാട്ടിലെ 'ഹൈന്ദവ സംസ്കാര'ത്തിൽ ഇങ്ങനെ ഒരു തന്തയുണ്ടായിരുന്നത് അഥവാ പിതൃദായക ക്രമം നിലനിന്നിരുന്നത് ജനസംഖ്യയിൽ വളരെ ചെറിയ ബ്രാഹ്മണരിലും മറ്റു ചുരുക്കം ചില സമുദായങ്ങളിലും മാത്രമാണ്. ഇത്തരത്തിലെ തന്തമാർ സർവ്വസാധാരണമാവാൻ ചരിത്രപരമായ കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കൊളോണിയൽ വിക്ടോറിയൻ സദാചാര മൂല്യങ്ങളുടെ പതിറ്റാണ്ടുകൾ നീണ്ട പ്രചരണ/അടിച്ചേൽപ്പിക്കൽ പരിപാടികളാണ് എന്നതിന് ഒരുപാടുദാഹരണങ്ങൾ കാണാം.**

ഇന്ദുലേഖ എന്ന മലയാളത്തിലെ ആദ്യത്തെ 'ലക്ഷണമൊത്ത' നോവലിൽ മാധവനെന്ന അതിസുന്ദരനും യോഗ്യനുമായ നായകന്റെ 'വ്യഥ' അയാൾ തന്തയില്ലാത്തവരുടെ കുലത്തിലാണ് എന്നതാണ്. അന്നുതുടങ്ങിയ ഈ വ്യഥ കേരളത്തിലടുത്തിറങ്ങിയ 'കുമ്പളങ്ങി നൈറ്റ്സി'ൽ വരെ കാണാം. ഇത്രയും കാലത്തെ സാഹിത്യ, സിനിമാ ചരിത്രത്തിൽ ആളുകളെ ഉലയ്ക്കുന്നതായിട്ടും തുലക്കുന്നതായിട്ടും ചിത്രീകരിക്കപ്പെട്ട പ്രശ്നങ്ങൾ സ്ത്രീയുടെ ചാരിത്ര്യവും കുട്ടിയുടെ പിതൃത്വവും ഒക്കെത്തന്നെയാണ്.

ഈ പ്രചരണപരിപാടികളുടെ വേരുകൾ നോക്കിയാൽ മിഷണറി സ്കൂളുകളിലെത്തിപ്പെടും. അവരോട് വിധേയപ്പെടുകയും ചേർന്നുനിൽക്കുകയും ചെയ്ത സവർണ്ണ സമുദായങ്ങളും ഈ മൂല്യങ്ങളെ 'ആധുനികത' 'പുരോഗമനം' തുടങ്ങിയ പേരുകളിലേറ്റെടുക്കുകയും അത് മറ്റു സമുദായങ്ങളിലേക്ക് പടർത്തുകയും ചെയ്തു. ഒരു ലൈംഗിക സ്വാതന്ത്ര്യമുള്ള ആധുനികതയിലേക്കാണ് നമ്മൾ പ്രവേശിച്ചിരുന്നത് എങ്കിൽ ജീവിതം കൊണ്ട് പല ജാതി സമൂഹങ്ങളിൽ പല കാരണങ്ങളാലുണ്ടായി വന്ന പലതരം സദാചാരമൂല്യങ്ങൾ പരീക്ഷിച്ച് നമ്മൾക്കിഷ്ടമുള്ളത് തിരഞ്ഞെടുക്കുവാനുള്ള choice ഉണ്ടായേനെ. എന്നാൽ ഈ കൊളോണിയൽ ആധുനികത സാംസ്കാരിക അധിനിവേശത്തിന്റെതു കൂടിയാകുമ്പോൾ വിവാഹം രണ്ടോ മൂന്നോ നാലോ ആളുകൾക്കിടയിലെ പ്രണയ സാദ്ധ്യതയെ തുറന്നിടുന്ന ഒന്നല്ല, പകരം എണ്ണം വെച്ചും ചുമതലകളുടെ ഭാണ്ഡങ്ങൾ തലയിൽ വെച്ചും അധികാരത്തിന്റ അസന്തുലിതാവസ്ഥ വെച്ചുമൊക്കെ ആത്മബോധമുള്ള മനുഷ്യർക്ക് വളരെ ജൈവികമായി, സ്വാഭാവികമായി സാദ്ധ്യമല്ലാത്ത ഒന്നായി മാറുന്നു.

ഇന്നത്തെ കാലത്ത് പല സാമൂഹ്യസാഹചര്യങ്ങളിലുള്ളവർക്ക് വിവാഹം ആവശ്യമായി വരുന്നു. സ്വത്തും മറ്റവകാശങ്ങളും കൈമാറ്റം ചെയ്യാനും മറ്റും സൗകര്യമുള്ള സംവിധാനമാണത്, ജാതിയെ നിലനിർത്താനുള്ള വഴിയാണ്. അത്തരം കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതിനെ സാമൂഹ്യമായും സാംസ്കാരികമായും പുനരാലോചിക്കാൻ, heteronormative ബന്ധങ്ങളിലും പ്രണയ ബന്ധങ്ങളിലെ മറ്റു വൈവിദ്ധ്യങ്ങളിലും പ്രവർത്തിക്കുന്ന ലിംഗാധികാര ഘടനയെ പുനർനിർമ്മിക്കാൻ കഴിയണം. എങ്കിൽ മാത്രമേ അതിന് നീതിയുക്തമായ ഒരിടമായി മാറാൻ കഴിയൂ.

■

കവിത



# ചാരുലത




**ദിവ്യ എൻ.**
തൃശ്ശൂർ കേരളവർമ്മ
കോളേജ് ഇംഗ്ലീഷ്
വിഭാഗം അദ്ധ്യാപിക


സ്വപ്നപുഴുക്കൾ അരിച്ച മോഹപൂക്കളിൽ
ആദ്യപ്രണയം കോരിയിട്ടവൾ
സൂര്യനെ ചുണ്ടിൽ പുതച്ചു.

കണ്ണിൽ നക്ഷത്രങ്ങളെ
കാവൽ നിർത്തിയവളുടെ
ഇരുൾവീണ പ്രണയവീഥികൾ
വെയിലിന്റെ നീണ്ട ഉമ്മകൾ
ഏറ്റുവാങ്ങി.

അവളുടെ മുടിയിതളുകളുടെ
പരിഭവങ്ങൾ കേട്ട കാറ്റ്
ക്ഷീണിച്ച സന്ധ്യയുടെ
കണ്ണീർചഷകം നിറച്ചു.

വീണുപോയവരുടെ
വിസ്മൃതിയിൽ ലയിച്ച,
ഒറ്റപ്പെട്ട ഘടികാരത്തിൽ
രാത്രിമണി മുഴങ്ങുമ്പോൾ
ഉയിർത്തെഴുന്നേൽപ്പ് പ്രതീക്ഷിച്ചവൾ
ഓർമ്മസൂര്യനെ കാത്തു നിന്നു.

***'ചാരുലത' സത്യജിത് റേയുടെ സിനിമയിലെ നായിക***



എച്ച്മുക്കുട്ടി
എഴുത്തുകാരി

# പ്രസവിച്ച കുഞ്ഞിൽ ഒരമ്മയുടെ അവകാശം: നേരനുഭവം

***ഒന്ന്***

കുടുംബം ശ്രീ കോവിലാണെന്നും സ്ത്രീ അതിലെ എണ്ണ വറ്റാത്ത വിളക്കാണെന്നും മറ്റും പറയുന്നതും പാടുന്നതും എഴുതുന്നതും അഭിനയിക്കുന്നതും നിറുത്തുക.

അവരുടെ കുടുംബകാര്യം എന്ന നിസ്സംഗത കുടഞ്ഞു തെറിപ്പിക്കുക.

ആർക്കും ഇടപെടാനാവാത്ത ദിവ്യത്വവും പരിപാവനതയും ആവശ്യമുള്ള ഒന്നല്ല, ഏറ്റവും ഉഷാറായി പോറ്റി വളർത്തുന്ന കുടുംബമെന്ന ഫാഷിസ്റ്റ് യൂണിറ്റ്.

നമുക്ക് ഫാഷിസമെന്ന രാഷ്ട്രീയം രുചിക്കുന്നത് തന്നെ നിലവിലുള്ള കുടുംബ വ്യവസ്ഥയുടെ പരിശീലനവും പരിപാലനവുമാണ്.

കുടുംബങ്ങൾ അക്കൗണ്ടബിൾ ആകണം. അതിന് പൊതുസമൂഹം മുൻ കൈ എടുത്തേ തീരൂ.

അല്ലെങ്കിൽ ദുരന്തം പേറി മരിക്കുന്ന ആത്മാവുകൾ ഇനിയും ഉണ്ടാവും....

***രണ്ട്***

രണ്ടു മിനിറ്റ് നടന്നപ്പോഴേക്കും ജോസഫിന്റെ ഭാവം പകർന്നു. 'എന്റെ കൊച്ചിനേം കൊണ്ട് അവന്റൊപ്പം കഴിയാൻ ഞാൻ സമ്മതിക്കില്ലെടീ' എന്നലറി കുഞ്ഞിനെ തട്ടിപ്പറിച്ച്, സന്തോഷ് വിളിച്ചു നിറുത്തിയ ഓട്ടോയിൽ കയറി അവർ സ്ഥലം വിട്ടത് ഒരു സെക്കൻഡിലായിരുന്നു.

ഞാൻ നിന്ന നിൽപിൽ മൂത്രമൊഴിക്കുകയും അപ്പിയിടുകയും ചെയ്തു. എന്റെ ഗർഭപാത്രം അതിന്റെ ഏറ്റവും വലിയ സ്വത്ത് അപ്രത്യക്ഷമായതു കണ്ട് സ്വയം തകർന്നു പോകും പോലെ രക്തക്കണ്ണീരൊഴുക്കി.

എനിക്ക് പൊടുന്നനെ ഒന്നും ചെയ്യാനില്ലാതായി. ജോലിയില്ല, കുഞ്ഞില്ല, കൂട്ടില്ല, വീടില്ല, പണമില്ല.

അന്ന് പകലൊക്കെ ഞാൻ ബസ്സ് സ്റ്റോപ്പുകളിൽ ഇരുന്നു കരഞ്ഞു. ആരും ഒന്നും ചോദിച്ചില്ല. അപ്പോൾ തന്നെ ഞാൻ ദില്ലിയെ സ്നേഹിച്ചു തുടങ്ങി. ആരും ഒന്നും അന്വേഷിക്കാത്ത, കുത്തിച്ചോദിച്ച് വിഷമിപ്പിക്കാത്ത സ്ഥലം. അത് കൊള്ളാം. ബനശ്രീ മിത്ര വലിയൊരു കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിന്റെ മേധാവിയായിരുന്നു. കുഞ്ഞുങ്ങളില്ലാത്ത വിധവയായിരുന്നു അവർ. ഔദ്യോഗികയാത്രകളുടെ ഭാഗമായി അവർ ഇടക്കിടെ ദില്ലി വിട്ടു പോകാറുണ്ട്. എന്റെ കഷ്ടകാലത്തിന് അവർ അന്ന് ദില്ലിയിൽ ഇല്ലായിരുന്നു. അതാണ് എനിക്ക് ബസ് സ്റ്റോപ്പിൽ ഇരിക്കേണ്ടി വന്നത്.

അങ്ങനെ ഇരിക്കുമ്പോഴാണ് സഹേലി എന്ന ഫെമിനിസ്റ്റ് ഓർഗനൈസേഷനെപ്പറ്റി ഞാൻ അറിയുന്നത്. ഞാൻ ഉടൻ തന്നെ ഡിഫൻസ് കോളനിയിലെ അവരുടെ ഓഫീസിലേക്ക് പോയി. അവിടെ ചെന്ന് ശ്രീമതി എലിസബത്തിനേയും

ശ്രീമതി രുഗ്മിണിയേയും കണ്ടു.

കരഞ്ഞ് പിഴിഞ്ഞ് കഥയൊക്കെ പറഞ്ഞപ്പോൾ പാർലമെന്റ് സ്ട്രീറ്റ് പോലീസ് സ്റ്റേഷനിലേക്ക് അവർ ഒരു പരാതി തയ്യാറാക്കി തന്നു. അതു ആ ഗമണ്ടൻ സ്റ്റേഷനിൽ മുട്ടിടിച്ചുകൊണ്ട് പോയി കൊടുത്തു.

'കുട്ടി അച്ഛന്റെ അല്ലേ? കുട്ടിയെ അദ്ദേഹം കൊണ്ട് പോയതിന് എന്താ കുഴപ്പം? നിങ്ങളും നാളത്തെ വണ്ടിക്ക് മടങ്ങൂ. വേണമെങ്കിൽ ടിക്കറ്റ് പോലീസ് എടുത്തു തരാം. '

അടിയും വഴക്കുമുണ്ട് പോവാൻ പറ്റില്ലെന്ന് പറഞ്ഞപ്പോൾ പോലീസ് പറഞ്ഞു.

'ആണുങ്ങൾ അടിക്കും. അത് അവരുടെ ജന്മസ്വഭാവമാണ്, അത് കൊള്ളാനുള്ള വഴി ഉണ്ടാക്കാതെ ജീവിക്കാൻ പഠിക്കുന്നതിലാണ് പെണ്ണിന്റെ വൈഭവം.'

എനിക്ക് ഉത്തരം മുട്ടി. പരാതി സ്വീകരിക്കാൻ പോലും ആരും കൂട്ടാക്കിയില്ല. പുറത്തിറങ്ങിയപ്പോൾ ഞാൻ ഒരു പ്രിവിലേജുമില്ലാത്ത ഒരു പെണ്ണാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ഇന്ത്യയെന്ന ഈ വലിയ രാജ്യത്തിൽ പോലും ആരുമല്ല. ഒന്നുമല്ല. രാജ്യത്തിന്റെ നിയമങ്ങളിൽ ഞാൻ പെടുന്നില്ല. ദേശീയമെന്ന ലേബലിൽ വരുന്ന യാതൊന്നും അതിനുശേഷം എന്നെ കോൾമയിർ കൊള്ളിച്ചിട്ടില്ല.

കുഞ്ഞിനെ ഓർത്തോർത്ത് എന്റെ സമനില തെറ്റുന്നുണ്ടായിരുന്നു. ഒരു മന്ത്രമായി ഞാൻ ആ പേര് ഉരുക്കഴിച്ചു. രാവും പകലുമായി കോടിക്കണക്കിൽ അങ്ങനെ ചൊല്ലിക്കൊണ്ടിരുന്നു.

ദിലീപിനും ശശിക്കും ദിനേശിനുമൊക്കെ ജോസഫ് ജീവിച്ചിരുന്നയിടത്ത് ഒത്തിരി സുഹൃത്തുക്കളുണ്ടാരുന്നു. അവർ കുഞ്ഞിനേയും ജോസഫിനേയും വഴിയിൽ കണ്ട കാര്യം എഴുതുമായിരുന്നു. പ്രസംഗത്തിനു പോയപ്പോൾ കണ്ടു, നടന്നു പോകുന്നതു കണ്ടു എന്നും മറ്റും അറിയിക്കുമായിരുന്നു. അങ്ങനെയാണ് യൂണിവേഴ്സിറ്റിയിൽ ഗവേഷണം ചെയ്തിരുന്ന ചേച്ചിയെ ജോസഫ് ചെന്നു കണ്ടുവെന്നും മാപ്പപേക്ഷിച്ചുവെന്നും ചേച്ചി എല്ലാം മറന്ന് പൊറുത്ത് ജോസഫിനൊരു ജീവിതം നൽകാൻ തയാറായെന്നുമുള്ള വിവരം എനിക്ക് കിട്ടുന്നത്. ഒരു സ്ത്രീ താമസത്തിനു വരുന്നത് എനിക്ക് സമാധാനം തരുന്ന ഒരു കാര്യമായിരുന്നു. എന്റെ കുഞ്ഞ് ഒറ്റയ്ക്ക് ആവില്ലല്ലോ എന്ന ആശ്വാസം.

ജോസഫിന്റെ സുഹൃത്തുക്കളെയും ചിലപ്പോൾ ജോസഫിനെ തന്നേയും എനിക്ക് പേടിയായിരുന്നു. കൂട്ടുകാർ എങ്ങനെ പെരുമാറും എന്ന ആശങ്ക, ജോസഫിന് കുഞ്ഞിനെ ശരിക്കും ഇഷ്ടമൊന്നുമില്ല, എന്നെ പാഠം പഠിപ്പിക്കുന്നതിൽ കുഞ്ഞ് ഒരു കരു മാത്രമാണെന്ന തിരിച്ചറിവ്... ഇതെന്നെ സദാ തകർത്തുകൊണ്ടിരുന്നു.

ആ കാലങ്ങളിൽ ജോസഫിനേയും എന്റെ അച്ഛനേയും എങ്ങനെ വധിക്കാമന്നോർത്ത് ഞാൻ ഒത്തിരി സമയം ചെലവാക്കീട്ടുണ്ട്. എന്നിട്ട് എനിക്ക് വധശിക്ഷ ലഭിച്ചാലും സാരമില്ല എന്നു ഞാൻ സമാധാനിക്കുമായിരുന്നു.

തീസ്ഹസാരി കോടതീലെ കേസിനു മുമ്പ് ടോമി സഹേലിയിൽ എത്തി. എന്നെക്കുറിച്ച് ഇംഗ്ലീഷിലെഴുതിയ അമ്പത് പേജ് ആരോപണങ്ങൾ അതിലുണ്ടായിരുന്നു. പണമില്ലാത്ത എനിക്ക് കുഞ്ഞിനെ വളർത്താൻ പറ്റില്ലെന്നും സ്വഭാവശുദ്ധിയില്ലാത്ത ഞാൻ പെൺകുട്ടിയെ വളർത്തിയാൽ കുഞ്ഞിന്റെ സ്വഭാവം ചീത്തയായിപ്പോകുമെന്നും അതിലുണ്ടായിരുന്നു. ജോസഫ് ചെയ്യാനേല്പിച്ച വീടുപണി ഞാൻ നന്നായി പൂർത്തീകരിച്ചു എന്നെഴുതിയിരുന്നു. പക്ഷേ, എന്നെ വീടുപണി ഏൽപ്പിച്ചത്, ജോസഫിനു പറ്റാഞ്ഞിട്ടല്ല, എനിക്ക് ബഹുമുഖപ്രതിഭ വളർത്തിയെടുക്കാനുള്ള ജോസഫിന്റെ പരിശ്രമമായിരുന്നു അതിനു പിന്നിലെ സത്യം. അത് മനസ്സിലാക്കാൻ അഹന്ത നിമിത്തം എനിക്കു കഴിഞ്ഞില്ല. കുഞ്ഞിന്റെ മുന്നിൽ വെച്ച് പല പുരുഷന്മാർക്കൊപ്പം കിടന്നതുകൊണ്ട് കുഞ്ഞ് എന്നെ വെറുക്കുന്നു. അലഹബാദിൽ ജോസഫിനെ കണ്ടപ്പോൾ ഞാൻ ഇരു പുരുഷന്മാർക്കൊപ്പമാണ് ഹോട്ടലിൽ പാർത്തിരുന്നതെന്നും ആ കടലാസ്സിൽ വ്യക്തമാക്കിയിരുന്നു. ഒരു സാരിയുടുത്ത രൂപം പറയുന്ന കളവുകളെയെല്ലാം തൊണ്ട തൊടാതെ വിഴുങ്ങരുത് സഹേലി എന്നൊരു താക്കീതും ജോസഫ് സഹേലിക്ക് നൽകിയിരുന്നു.

ടോമിയും ഒരു സുഹൃത്തുമൊന്നിച്ചാണ് സഹേലിയിൽ വന്നത്. ഈ കടലാസ്സ് ഏൽപ്പിച്ച ശേഷം അവർ എന്നെ മലയാളത്തിൽ ഒത്തിരി പരിഹസിക്കുകയും തെറി വിളിക്കുകയും ചെയ്തിട്ട് സഹേലി വിട്ടു.

എന്തായാലും അതെല്ലാം വായിച്ചിട്ടും സഹേലി എന്നെ തള്ളിക്കളയുകയോ ആട്ടിയിറക്കുകയോ ചെയ്തില്ല.

കേസ് നടന്ന ദിവസമാണ് തീർത്തും സ്ത്രീ അനുകൂല നിയമങ്ങൾ എങ്ങനെയാണ് പുരുഷനനുകൂലമാവുന്നതെന്ന് എനിക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞത്.

സാധുതയില്ലാത്ത കല്യാണത്തിൽ പിറക്കുന്ന കുട്ടിക്ക് അമ്മ മാത്രമേ രക്ഷാകർത്താവായുള്ളൂ എന്ന കാര്യം ഞാൻ എന്റെ ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ കോടതി അത് ശ്രദ്ധിച്ചതേയില്ല. കുട്ടി മൂപ്പത്തഞ്ച് ദിവസം മാത്രമേ ദില്ലിയിൽ നിന്നിട്ടുള്ളൂ, അതുകൊണ്ട് കുട്ടി സ്ഥിരം പാർക്കുന്ന കേരളത്തിൽ കേസ് നടത്തണമെന്ന് ജോസഫ് വാദിച്ചു. കോടതിക്കും

കല്യാണം സാധുവല്ല എന്ന് പുരുഷൻ സമ്മതിക്കുമ്പോഴേ അത് ഗൗരവമായി തോന്നൂ. പുരുഷൻ ഗർഭം ധരിപ്പിച്ചു എന്ന് സ്ത്രീ പറയുന്നതല്ലല്ലോ നമുക്ക് കേമത്തം. ഞാനാണ് ഈ പെണ്ണിനെ ഗർഭം ധരിപ്പിച്ചതെന്നാ പുരുഷൻ സമ്മതിക്കുമ്പോഴല്ലേ നമുക്ക് കേമത്തം.

ചില കേസുകളിൽ കുഞ്ഞ് പത്തുദിവസമൊക്കെയേ പുതിയ ഇടത്തിൽ പാർത്തിട്ടുള്ളൂ. എന്നിട്ടും അവിടെ കേസ് വാദിക്കാൻ അനുവാദം കിട്ടീട്ടുണ്ട് എന്ന പഴയ ചില വിധികൾ എന്റെ വക്കീൽ ചൂണ്ടിക്കാട്ടിയെങ്കിലും ജഡ്ജ് തരിമ്പും വഴങ്ങിയില്ല.

അന്ന് ദുപ്പട്ടയിൽ തൂങ്ങിമരിക്കാൻ ഞാൻ ശ്രമിച്ചു. ഞാൻ താമസിച്ചിരുന്ന ആർ കെ പുരത്തെ കുടുസ്സു മുറിയിൽ മിനി എന്ന പൂച്ചയായിരുന്നു എന്റെ സ്ഥിരം റൂം മേറ്റ്.

വെളുവെളുത്ത് അതീവ മൃദുലമായ രോമങ്ങളിൽ പടരുന്ന മഞ്ഞയും കറുപ്പും നിറങ്ങളിൽ അവൾ പരമ സുന്ദരിയായിരുന്നു.




കുഞ്ഞിനു വേണ്ടിയുള്ള ഈ കേസിൽ ഇനി വിജയിക്കുമെന്ന യാതൊരു പ്രതീക്ഷയും എനിക്കില്ലായിരുന്നു. കേരളത്തിൽ പോകാൻ എനിക്ക് ഭയമായിരുന്നു.

അന്ന് ഞാൻ ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചു.

അരുതെന്ന് കൈ പിടിച്ച് തടയാനാരുമില്ലാത്ത വിധം ഏകാകിനിയായിരുന്നുവല്ലോ, ഞാൻ.

പ്രതീക്ഷിക്കാനൊന്നും ബാക്കിയില്ലാതായതിന്റെ ഭാരമില്ലായ്മ എന്നെ ഉന്മാദിനിയാക്കി.

ഫാനിൽ ചുന്നി കെട്ടി തൂങ്ങി മരിയ്ക്കാമെന്നാണ് കരുതിയത്. ആർക്കെങ്കിലും എന്തെങ്കിലും കുറിപ്പ് എഴുതി വെയ്ക്കണമോ എന്ന് ഒരു നിമിഷം ആലോചിച്ചു. ഉരുകിത്തിളയ്ക്കുന്ന കോടതി മുറിയിൽ വാദിച്ച് വിശദീകരിയ്ക്കപ്പെട്ടതും അമ്പേ പരാജയപ്പെട്ട്, തകർന്ന് തരിപ്പണമായതുമായ ഈ ജീവിതത്തെക്കുറിച്ച് എന്താണിനി എഴുതിയിടുവാനുള്ളത്?

കുഞ്ഞിന്റെ അരുമയായ മുഖം മനസ്സിലുയർന്നപ്പോൾ എന്റെ കണ്ണുകളിലൂടെ രക്തം കണ്ണീരായി ഒഴുകി.

നിസ്സാരയായ അമ്മ. യാചകിയായ അമ്മ. അനാഥങ്ങളായിത്തീർന്ന പ്രാർത്ഥനകളുടെ അമ്മ. നിരന്തരമായ ബോധ്യപ്പെടുത്തലുകളിൽ പരിപൂർണ പരാജയമടഞ്ഞ അമ്മ.

ആ നിമിഷത്തിലാണ് മിനി ജനലിലൂടെ മുറിയിലേയ്ക്ക് ചാടിയത്. അവൾ എനിയ്ക്കു ചുറ്റും ഓടി നടന്നു. 'മ്യാവൂ' എന്ന് പരിഭ്രമത്തോടെ വിളിച്ചു. പത്രക്കടലാസ്സുകളിലേയ്ക്ക് മുഖം തിരുകി. നഖങ്ങൾ കൊണ്ട് തറയിൽ മാന്തി. അസാധാരണമായ ഒരു തിടുക്കവും അക്ഷമയും കാണിച്ചു.

അവളെ ശ്രദ്ധിയ്ക്കേണ്ടി വന്ന ഞാൻ മനസ്സിലാക്കി... മിനി പ്രസവിയ്ക്കാൻ പോവുകയാണ്. അതിനുള്ള സൗകര്യമാണവൾ തേടുന്നത്.

പത്രക്കടലാസ്സുകളും കീറിയ അരിച്ചാക്കും ഒരു കടലാസ്സ് പെട്ടിയിൽ വിരിച്ച് ഞാനവൾക്ക് പ്രസവ മുറിയുണ്ടാക്കി. ഉൽക്കണ്ഠയോടെ അവളുടെ ചലനങ്ങൾ ശ്രദ്ധിച്ചു.

മൂന്നു പൂച്ചക്കുഞ്ഞുങ്ങൾ എന്റെ കൺമുന്നിൽ പിറന്നു വീണു.

പ്രസവിച്ചെണീറ്റ മിനിയ്ക്ക് പാൽ കൊടുത്തപ്പോൾ അവൾ പഴയതു പോലെ കുറുകി. മടിയിൽ കിടന്ന് സമാധാനമായി വിശ്രമിച്ചു. ആ അമ്മയെ തലോടുമ്പോൾ എന്നിലെ അമ്മ ചാരമായിരുന്നില്ല. കിതപ്പോടെ ചിറകടിയ്ക്കുന്ന പക്ഷിയായിരുന്നു.

ഫാനിൽ കെട്ടിയ ദുപ്പട്ട ഞാൻ അഴിച്ചു മാറ്റി. വഴികൾ അങ്ങനെ അത്ര എളുപ്പം തീരുന്നില്ലെന്ന് ഞാൻ കണ്ടു. എന്റെ ഈ ആത്മഹത്യാ പരിശ്രമം ഞാൻ ആരേയും അറിയിച്ചില്ല. പപ്പനേയോ മറ്റ് സുഹൃത്തുക്കളെ ആരേയും തന്നെ.

കേസ് തുടർന്ന് നടത്താൻ സഹേലിക്ക് താൽപര്യമുണ്ടായില്ല. എന്നെപ്പോലെ പരമദരിദ്രയായ ഒരു സ്ത്രീ കുഞ്ഞിനെ കൊണ്ടു വന്ന് കഷ്ടപ്പെടരുതെന്ന് അവർ പറഞ്ഞു. ബേബീസ്

ആർ വെരി എക്സ്പെൻസീവ് എന്ന് അവർ എന്നെ പിൻതിരിപ്പിച്ചു. ദരിദ്ര സ്ത്രീകൾ അമ്മയാവേണ്ട. അതുകൊണ്ട് ആർക്കും പ്രയോജനമില്ല. പണക്കാരനായ അച്ഛൻ തന്നെ വളർത്തട്ടെ കുഞ്ഞിനെ. കുഞ്ഞിന് കൊടുക്കാൻ ഒന്നുമില്ലെങ്കിൽ കുഞ്ഞുമായി ഒരു ബന്ധവും പുലർത്തരുത്. ഇവിടെ ജോലി ചെയ്തു ജീവിക്കുക.... കുഞ്ഞ് എങ്ങനെയെങ്കിലും ജീവിച്ചോളും എന്നെല്ലാവരും എന്നെ പറഞ്ഞു പഠിപ്പിച്ചു.

ഞാൻ ആണ് കുഞ്ഞിന്റെ നിയമപരമായ ഒരേയൊരു ഗാർഡിയനെങ്കിലും ദരിദ്രയായതുകൊണ്ട് ധനികനായ ജോസഫ് വളർത്തട്ടെ എന്നാണ് എല്ലാവരും കൂടി തീരുമാനിക്കുന്നത്. ഇങ്ങനെയാണ് ഇന്ത്യൻ ഭരണകൂടനിയമങ്ങളുടെ പൊതുവിശ്വാസഭേദങ്ങൾ പെണ്ണിനെതിരാവുന്നത്. യുവതിയായ അമ്മയേക്കാൾ സുരക്ഷ അച്ഛന് നൽകാനാവും എന്ന് വ്യാഖ്യാനിക്കുന്നതും ആ നെറികെട്ട പൊതുബോധമാണ്.

കുഞ്ഞിനെ കിട്ടില്ലെന്ന തോന്നലിൽ ഞാൻ പിടഞ്ഞു മരിച്ചുകൊണ്ടിരുന്നു. എന്നും എന്റെ ആധി കൂടുകയല്ലാതെ കുറഞ്ഞതേയില്ല. ഒട്ടും കാണാൻ കിട്ടാതാകുന്നതിലും ഭേദമല്ലേ കുറച്ചെങ്കിലും കാണാൻ കിട്ടുന്നത് എന്ന് ഞാൻ സമാശ്വസിക്കാൻ പലപ്പോഴും ശ്രമിച്ചു. എങ്കിലും ഞാനതിൽ തീരെ വിജയിച്ചില്ല.

ജോസഫും വക്കീലും കൂടി കൊണ്ടുവന്ന ഒത്തുതീർപ്പു ധാരണാപത്രം ഹൃദയഭേദകമായിരുന്നു. അമ്പതിനായിരം രൂപ അഞ്ചു ഗഡുക്കളായി എനിക്ക് ഒരു വർഷത്തിനകം തരും. ക്രിസ്തുമസ്സ് അവധിക്ക് കുഞ്ഞിനെ തരില്ല. ഓണാവധിക്ക് പത്തുദിവസം തരും. മധ്യവേനലവധിക്ക് പത്തുദിവസം തരും. രണ്ടു അവധിയിലും ഞാൻ ജോസഫിന്റെ വീട്ടിൽ പോയി കുഞ്ഞിനെ എടുത്തോണ്ട് വന്ന് എന്റെ അച്ഛൻ പാർക്കുന്ന വീട്ടിൽ തന്നെ പാർക്കണം. കുഞ്ഞിനേം കൂട്ടി ഞാൻ ഒറ്റയ്ക്ക് എവിടേം പോകാൻ പാടില്ല. അവധി തീരുമ്പോൾ ഞാൻ തന്നെ കുഞ്ഞിനെ ജോസഫിന്റെ വീട്ടിൽ കൊണ്ടാക്കണം. ഈ അനുവദിക്കപ്പെട്ട ദിവസങ്ങളിലല്ലാതെ ഞാൻ കുഞ്ഞുമായി ഒരു ബന്ധവും പുലർത്തുവാൻ പാടില്ല.

അഞ്ചു വയസ്സ് മുഴുവൻ തികയാത്ത കുഞ്ഞിനെ ഇന്ത്യൻ വിവാഹനിയമപ്രകാരം കുഞ്ഞിന്റെ ഒരേയൊരു ഗാർഡിയനായ അമ്മക്ക് കിട്ടുന്നതിനുള്ള ഒത്തുതീർപ്പ് വ്യവസ്ഥകളാണ്

'എന്ത് വന്നാലും ഈ കടലാസ്സിൽ ഒപ്പിടില്ല..' എന്ന് ഞാൻ തറപ്പിച്ചു പറഞ്ഞു. 'കേസ് നടത്താം' എന്ന് വക്കീലിനോട് പറയാനും ഞാൻ ഒട്ടും മടിച്ചില്ല. അദ്ദേഹം ജോസഫിനൊപ്പം ഇരിക്കുന്ന എന്റെ അച്ഛനെ വിളിച്ചു പറഞ്ഞു.

***മൂന്ന്***

ജസ്റ്റിസ് ജാനകിയമ്മ, ജസ്റ്റിസ് ഭാസ്കരനപ്പുറം ഇട്ടിരുന്ന ഒരു കസേരയിൽ ഉപവിഷ്ടയായി.

ബാലചന്ദ്രനും ജോസഫും രണ്ടു ജസ്റ്റീസുമാർക്കും എതിരേ ഇരുന്നു. ജോസഫിന്റെ മുഖത്തിന് പത്തിയുയർത്തിയ പാമ്പിന്റെ മട്ടായിരുന്നു. ബാലചന്ദ്രന്റെ നോട്ടത്തിൽ എരിഞ്ഞു ഭസ്മമായിപ്പോകുമെന്ന് എനിക്ക് തോന്നി. ജോസഫ് ജസ്റ്റിസുമാരെ നോക്കി മൃദുവായി പുഞ്ചിരി തൂകി. ആ പഴയ നിഷ്കളങ്ക മന്ദഹാസം. കാരുണ്യവും ദയയും സ്നേഹവും വിരിയുന്ന അതിമനോഹരമായ പുഞ്ചിരി....

ബാലചന്ദ്രൻ ക്രുദ്ധനായിരുന്നു. ചിരിയോ മന്ദഹാസമോ ലേശം പോലും മുഖത്ത് ഉണ്ടായിരുന്നില്ല.

ജസ്റ്റിസ് ഭാസ്കരനാണ് സംഭാഷണം ആരംഭിച്ചത്. എനിക്ക് കുഞ്ഞിനെ വിട്ടു നല്കുന്ന കാര്യത്തിൽ എന്താണ് നിലപാടെന്ന് അദ്ദേഹം ചോദിച്ചു. കുഞ്ഞിനെ ഉപേക്ഷിച്ച് പപ്പന്റെ പുറകെ പോയതാണെന്ന് ജോസഫ് പറഞ്ഞപ്പോൾ ഞാൻ എതിർത്തു. ജോസഫ് പിടിച്ചുകൊണ്ട് വന്നതാണെന്നും മറ്റുമുള്ള കാര്യങ്ങൾ ഞാൻ പിന്നെയും ആവർത്തിച്ചു.

ബാലചന്ദ്രൻ രോഷംകൊണ്ട് തിളക്കുകയായിരുന്നു.

ജോസഫ് അനുഭവിച്ച ദുരിതമെല്ലാം ബാലചന്ദ്രൻ എണ്ണിയെണ്ണിപ്പറഞ്ഞു. കുട്ടി അതീവ സന്തോഷത്തിൽ സുഖമായി ജീവിക്കുന്നു. അമ്മയെ കുഞ്ഞിന് ഓർമ്മ തന്നെയില്ല. എന്തിനാണ് ഇങ്ങനെ ഒരു അമ്മ? മറ്റൊരു പുരുഷനൊപ്പം പോയ അമ്മ ഇനീം ആർക്കെങ്കിലും ഒപ്പം പോവില്ലെന്ന് എന്താണുറപ്പ്? ആ പുരുഷന്മാരൊക്കെ ഈ കുഞ്ഞിനോട് നന്നായി പെരുമാറുമോ എന്നാർക്കറിയാം? കുഞ്ഞിനോട് സ്നേഹമില്ലാത്തവർക്കും ചീത്തരീതിയിൽ ജീവിക്കുന്നവർക്കും ഇടയിൽ കുഞ്ഞ് എങ്ങനെ ജീവിക്കും ?

ജസ്റ്റിസ് ഭാസ്കരൻ ജോസഫിനോട് ചോദിച്ചു. 'ഇവരെ എങ്ങനെയാണ് കല്യാണം കഴിച്ചത്?'

രജിസ്റ്റർ കല്യാണമായിരുന്നെന്ന് പറയുമ്പോൾ ജോസഫിനൽപം പരുങ്ങലുണ്ടായിരുന്നു.

ബാലചന്ദ്രൻ കത്തിക്കയറി. 'ഈ സ്ത്രീ കല്യാണത്തിൽ വിശ്വാസമില്ലെന്ന് എഴുതിയ ലേഖനം ഞാൻ വായിച്ചിട്ടുണ്ട്. ഗവൺമെന്റ് നിയമങ്ങളെ ഒന്നും ഈ സ്ത്രീക്ക് വിലയില്ല. അതാണ് ഈ സ്ത്രീ വേറൊരുത്തന്റെ ഒപ്പം ഓടിപ്പോയത്.'

ജസ്റ്റിസ് ഭാസ്കരൻ ജോസഫിനോട് ചോദിച്ചു. "നിങ്ങൾ ലീഗലായി ഡിവോഴ്സ് ചെയ്തോ? ഏത് കോടതിയാണ് ഡിവോഴ്സ്

ഗ്രാൻഡ് ചെയ്തത്?'

'ഈ സ്ത്രീ സ്വയം കല്യാണം മതിയാക്കി വേറൊരുത്തനൊപ്പം പോയില്ലേ?' പിന്നെന്ത് ഡൈവോഴ്സെന്നായി ജോസഫ്.

അപ്പോൾ അതുവരെ മൗനിയായിരുന്ന ജസ്റ്റിസ് ജാനകിയമ്മ ഇടപെട്ടു. "അവരോടിപ്പോയതുകൊണ്ട് കല്യാണം ഇല്ലാതാവില്ലല്ലോ. നിങ്ങൾ വിവാഹമോചനത്തിന് കേസ് കോടുത്ത് അത് നേടിയോ എന്നാണ് ചോദിച്ചത്."

അപ്പോൾ ജോസഫ് പറഞ്ഞു. "ഇല്ല."

ജസ്റ്റിസ് ഭാസ്കരൻ ഉടനെ അടുത്ത ചോദ്യം ഉന്നയിച്ചു. "കുഞ്ഞിനെ എങ്ങനെയാണ് നോക്കുന്നത്? ആരെങ്കിലും സഹായത്തിനുണ്ടോ? നിങ്ങൾ നല്ല തിരക്കുള്ള ആളല്ലേ?"

"കുഞ്ഞിനെ നോക്കാനായി ഞാൻ വിവാഹിതനായി. കുഞ്ഞിന് പരിപൂർണ ശ്രദ്ധ കിട്ടുന്നുണ്ട്. എന്റെ ഭാര്യ കുഞ്ഞിനെ നന്നായി നോക്കുന്നുണ്ട്."

അത് പറയുമ്പോൾ ജോസഫ് എന്റെ മുഖത്ത് തന്നെയാണ് ശ്രദ്ധ വെച്ചത്.

ജസ്റ്റിസ് ഭാസ്കരൻ പൊട്ടിച്ചിരിച്ചു. "ഓ! കുഞ്ഞിനെ നോക്കാൻ വേണ്ടി മാത്രം... നിങ്ങളുടെ കാര്യങ്ങൾക്ക് ഭാര്യ ആവശ്യമില്ല. ഇതെല്ലാ പുരുഷന്മാരും പറയുന്നതാണ്. വർഷങ്ങൾ ഒരുപാടായി ഇത് കേൾക്കാൻ തുടങ്ങീട്ട്..."

ബാലചന്ദ്രൻ ഇടപെട്ടു. "സാറ് എന്താ കളിയാക്കുകയാണോ? ഈ സ്ത്രീ ഓടിപ്പോയതിനു ശേഷം തകർന്നു തരിപ്പണമായ ഒരു മനുഷ്യൻ ജീവിതത്തിലേക്ക് പിച്ച വെക്കുകയാണ്. ഞാൻ എത്ര ബുദ്ധിമുട്ടിയാണ് ജോസഫിനെ മരിക്കാൻ വിടാതെ കാത്തു രക്ഷിച്ചതെന്നറിയുമോ?"

ജോസഫിലെ ക്രിസ്തുമതവിശ്വാസിക്ക് ആ ചോദ്യം ഇഷ്ടമായില്ല. തന്നെയുമല്ല തെറ്റ് ചെയ്തു നശിച്ചു പോയത് ഞാനാണെന്ന് പ്രഖ്യാപിക്കേണ്ട ആവശ്യവുമുണ്ടായിരുന്നല്ലോ. നല്ല അന്തസ്സും ആഭിജാത്യവുമുള്ള ക്രിസ്ത്യൻ കുടുംബത്തിലെ, ഉയർന്ന ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥയെ ക്രിസ്തുമതാചാരപ്രകാരം തന്നെയാണ് കല്യാണം കഴിച്ചതെന്ന് ജോസഫ് അഭിമാനം കൊണ്ടു.

ജസ്റ്റിസ് ഭാസ്കരൻ നിറുത്തിയില്ല. "അപ്പോൾ ഈ സ്ത്രീയെ നിയമപരമായി, അതായത് അണ്ടർ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം കല്യാണം കഴിച്ചിരുന്നില്ലേ?"

ജോസഫ് വിശദീകരണം നൽകി. "കല്യാണം അങ്ങനെ ആക്ട് പ്രകാരം ചെയ്യണമെന്ന് ഈ സ്ത്രീ പറഞ്ഞില്ല. നിയമപരമായി കല്യാണം കഴിക്കണമെന്നൊന്നും ഈ സ്ത്രീക്കുണ്ടായിരുന്നില്ല."

"നിങ്ങൾക്കും ഉണ്ടായിരുന്നില്ലല്ലോ. ഉണ്ടായിരുന്നെങ്കിൽ ചെയ്യുമായിരുന്നല്ലോ" എന്നായി ജസ്റ്റിസ് ജാനകിയമ്മ.

എനിക്കറിയാത്തതുകൊണ്ടാണെന്ന് ജോസഫ് പറഞ്ഞപ്പോൾ ജസ്റ്റിസ് ഭാസ്കരൻ പിന്നെയും ചിരിച്ചു.

"നിയമം അറിയില്ല എന്ന് പറയുന്നത് നിയമം തെറ്റിക്കാനുള്ള ന്യായമല്ല. നിങ്ങളേക്കാൾ പത്തു വയസ്സ് താഴെയുള്ള നിങ്ങളുടെ വിദ്യാർത്ഥിനിക്ക് നിയമമറിയണം. നിങ്ങൾക്ക് വേണ്ട. നിങ്ങൾ ഒരധ്യാപകനല്ലേ.. നിങ്ങൾക്കിങ്ങനെ പറയാൻ ലജ്ജ തോന്നുന്നില്ലേ. നിങ്ങളുടെ വിദ്യാർഥികൾക്ക് എന്തു മൂല്യബോധമാണുണ്ടാവുക ?"

ജോസഫിന് ദേഷ്യം വന്നു. "ഈ സ്ത്രീ അത്ര കുഞ്ഞൊന്നുമല്ല. പത്തുമുപ്പത് വയസ്സുണ്ട് . പിന്നെ എന്റെ വിദ്യാർഥികളിൽ ഈ സ്ത്രീ മാത്രമേ ഇങ്ങനെ ആയുള്ളൂ. ബാക്കി എല്ലാവരും നല്ലവർ തന്നെയാണ്."

ജസ്റ്റിസ് ജാനകിയമ്മ പറഞ്ഞു. "എന്നാലും നിങ്ങളേക്കാൾ പത്തുവയസ്സ് താഴെയല്ലേ. ഇവരെ രജിസ്റ്റർ കല്യാണം കഴിച്ചത് വാലിഡ് അല്ലെന്ന് നിങ്ങൾക്കറിയാമായിരുന്നു അല്ലേ? അതുകൊണ്ടല്ലേ ഡിവോഴ്സിന് ശ്രമിക്കുക പോലും ചെയ്യാതെ ഇവർ കുഞ്ഞിന്റെ കസ്റ്റഡി കേസിൽ പറഞ്ഞ കല്യാണം വാലിഡല്ലെന്ന പോയിൻറ് പള്ളിയെ ബോധ്യമാക്കി മതാചാരപ്രകാരം കല്യാണം നടത്തിയത്? വാലിഡ് അല്ലാത്ത കല്യാണത്തിൽ പിറക്കുന്ന കുഞ്ഞിന് അമ്മ മാത്രമാണ് ഗാർഡിയൻ."

ബാലചന്ദ്രൻ രുദ്രനായി. "ഒരു അമ്മയെ കിട്ടാൻ ഈ ലോകത്ത് ഒരു ബുദ്ധിമുട്ടും ഇല്ല. എത്ര എണ്ണത്തിനെ വേണമെന്ന് പറഞ്ഞാൽ മതി. അപ്പോ കിട്ടും. അച്ഛനെ കിട്ടാനാണ് പ്രയാസം. പിതൃത്വം ഏൽക്കാനാണ് ആളു വേണ്ടത്."

ജസ്റ്റിസ് ഭാസ്കരൻ പിന്നെയും ചിരിച്ചു. "നിങ്ങളുടെ പിതൃത്വം അവർ പ്രസവിച്ച കുഞ്ഞിന് വേണ്ടെന്നാണ് അവരുടെ അഭിപ്രായം. പിന്നെ അത് കെട്ടിയേൽപ്പിക്കുന്നതെന്തിനാണ്?"

ജോസഫിന് ജസ്റ്റിസ് ഭാസ്കരന്റെ വാക്കുകൾ സഹിക്കാൻ പറ്റിയില്ല. എല്ലാ മയവും മിനുസവും പുഞ്ചിരിയും പോയി. ദേഷ്യം കലർന്ന വെറുപ്പിൽ എന്നെ തുറിച്ചു നോക്കിക്കൊണ്ട് ജോസഫ് ഒച്ചയുയർത്തി.

"കണ്ടവന്റെ കൂടെ ഓടിപ്പോയി, പിഴയായി ജീവിക്കുന്ന ഒരു സ്ത്രീ വളർത്തേണ്ടതല്ല എന്റെ കുഞ്ഞിനെ. എന്റെ കുഞ്ഞ് എങ്ങനെ വളരണമെന്ന് എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്."

ജോസഫ് തുടർന്നു. "കുഞ്ഞിനെ സ്വന്തമെന്ന് കരുതി സ്നേഹത്തോടെ വളർത്തുന്ന മമ്മി വീട്ടിലുണ്ട്. അവർ വളർത്തും കുഞ്ഞിനെ. ഈ

പിഴച്ച സ്ത്രീ കുഞ്ഞിനെ കാണുന്നത് പോലും കുഞ്ഞിന് ദോഷമാണ്."

രണ്ടു ജസ്റ്റിസുമാരും ചിരിച്ചു. ജസ്റ്റിസ് ജാനകിയമ്മയാണ് സംസാരിച്ചത്.

"നിങ്ങൾ ഇവരെ നിയമപരമായി കല്യാണം കഴിച്ചിട്ടില്ല. ഇവരുടെ സ്വഭാവത്തിന് സർട്ടിഫിക്കറ്റ് നിങ്ങൾ കൊടുക്കേണ്ടതില്ല. അവർ നാലഞ്ച് വർഷം നിങ്ങൾക്കൊപ്പം താമസിച്ചു. കല്യാണം കഴിക്കാത്ത നിങ്ങൾക്ക് അവരുടെ സ്വഭാവം, ധനം, കുടുംബ മഹിമ ഇതിലൊന്നും അഭിപ്രായം പറയാൻ ഇന്ത്യൻ നിയമത്തിൽ വകുപ്പില്ല. ആരും അത് വിലക്ക് എടുക്കില്ല. സാധുവല്ലാത്ത കല്യാണത്തിൽ ജനിക്കുന്ന കുഞ്ഞിന് ഒറ്റ രക്ഷാകർത്താവേയുള്ളൂ. അത് പെറ്റമ്മയാണ്. കുഞ്ഞിനെ കൈമാറി കേസ് അവസാനിപ്പിക്കുന്നതാണ് ഭംഗി. അല്ലെങ്കിൽ കോടതി കേസ് ഹിയറിംഗിന് വരുന്ന ആദ്യ ദിവസം കുഞ്ഞിനെ കൈമാറാൻ ഓർഡറിടും. മനസ്സിലായോ?"

"ഞങ്ങൾ കുഞ്ഞിന് പതിനെട്ട് വയസ്സാവും വരെ കേസ് നടത്തും. എന്നാലും ഈ സ്ത്രീക്ക് കൊടുക്കില്ല."

ബാലചന്ദ്രന്റേതായിരുന്നു ആ വാക്കുകൾ. എന്റെ നെഞ്ച് പൊട്ടിത്തെറിച്ചു. ബാലചന്ദ്രനെ ശപിച്ച് ഭസ്മമാക്കാൻ ഞാൻ മോഹിക്കാതിരുന്നില്ല. അതിനു ഞാൻ പുരാണത്തിലെ കഥാപാത്രമൊന്നുമല്ലല്ലോ. ജസ്റ്റിസ് ഭാസ്കരന്റെ മുഖം ഗൗരവപൂർണമായി. അദ്ദേഹം ജോസഫിനോട് കർശനമായി ചോദിച്ചു.

"നിങ്ങൾ പറയൂ. ഇവരെ വിവാഹം കഴിച്ചത് വാലിഡാണെങ്കിൽ ഡിവോഴ്സ് വാങ്ങാതെ എങ്ങനെ മതപരമായ കല്യാണം നടത്തി? ഏതു കല്യാണമാണ് നിങ്ങളുടെ അഭിപ്രായത്തിൽ വാലിഡ്? ആദ്യം കഴിച്ചതോ പിന്നീട് പള്ളിയിൽ വെച്ച് കഴിച്ചതോ?"

ജോസഫിനുത്തരമുണ്ടായിരുന്നില്ല. എങ്കിലും "ഈ സ്ത്രീയുടെ സ്വഭാവം മോശമാണ്. വിശ്വസിക്കരുത്. ഈ സ്ത്രീ പലർക്കൊപ്പം കഴിയുന്നവളാണ്. ' എന്ന് പറയാൻ ഒട്ടും മടിച്ചുമില്ല.

ജസ്റ്റിസ് ഭാസ്കരൻ ഗൗരവത്തിൽ തന്നെ മറുപടി നല്കി.

"അവർ എന്തോ ആയിക്കോട്ടെ. നിങ്ങൾക്ക് ഭാര്യയുടെ സ്വഭാവദൂഷ്യം പറയാം. ഇവരുടെ ഒരു കാര്യവും പറഞ്ഞിട്ട് കാര്യമില്ല. അവർ എങ്ങനേലും ജീവിക്കട്ടെ. കുഞ്ഞിനെ കൈമാറുന്നതാണ് നിങ്ങളുടെ മാന്യതക്കും സൽപേരിനും നല്ലത്. കേസ് വിചാരണക്ക് വന്നാൽ എല്ലാം എല്ലാവരും അറിയും.."

ജസ്റ്റിസ് ഭാസ്കരൻ എന്നോട് ധൈര്യമായിരിക്കാൻ പറഞ്ഞു. കേസ് ആദ്യ ഹിയറിംഗിന് വരുമ്പോൾ കുഞ്ഞിനെ എന്തായാലും എനിക്ക് കിട്ടുമെന്നും പറഞ്ഞു. എന്നിട്ട് അദ്ദേഹം പുറത്തേക്ക് പോയി.

ജസ്റ്റിസ് ജാനകിയമ്മ എന്നോടും ഭാഗ്യത്തിനോടും തുടർന്ന് കുറേ സമയം സംസാരിച്ചു. ഞങ്ങളുടെ ജീവിതം അവർ ശരിക്കും ചോദിച്ചു മനസ്സിലാക്കി. നമ്മുടെ ജുഡീഷ്യറിയുടെ മെല്ലെപ്പോക്ക്, നിയമങ്ങളെക്കുറിച്ച് പൊതുവെ എല്ലാവർക്കും ഉള്ള അജ്ഞത, കലാരൂപങ്ങൾ പലപ്പോഴും നിയമത്തെപ്പറ്റിയും കോടതിയെപ്പറ്റിയും മനഃപൂർവം പടർത്തുന്ന തെറ്റായ ധാരണകൾ... അങ്ങനെ അവർ പറഞ്ഞതൊക്കെ വലിയ വലിയ കാര്യങ്ങളായിരുന്നു.

കുഞ്ഞിനെ കോടതി എനിക്ക് തരുമെന്ന് അവർ ഉറപ്പ് പറഞ്ഞു. ഇനി അധികം വൈകില്ലെന്നും ഞാൻ വിഷമിക്കരുതെന്നും അവർ ആശ്വസിപ്പിച്ചു.

പപ്പൻ കുഞ്ഞു സഹിതം എന്നെ കല്യാണം കഴിക്കുമെങ്കിൽ തീർച്ചയായും അത് ചെയ്യണമെന്ന് ജസ്റ്റിസ് ജാനകിയമ്മ നിർദ്ദേശിച്ചു. എനിക്ക് നന്നെ ചെറുപ്പമാണെന്നും സന്തോഷമായി ജീവിക്കാൻ എനിക്ക് എല്ലാ അർഹതയുമുണ്ടെന്നും അവർ പറയാതിരുന്നില്ല.

ഞാൻ മൗനം പാലിച്ചതേയുള്ളൂ. ഭാഗ്യം അവരെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു.

എന്റെ മൗനം മനസ്സിലാക്കിയ അവർ ചിരിച്ചുകൊണ്ട് എന്നോട് ഒരു വാചകം പറഞ്ഞ് സംഭാഷണം അവസാനിപ്പിച്ചു.

"കുട്ടീ, നമ്മളെ ഇങ്ങോട്ടും സ്നേഹിക്കുന്നവനാവണം നമ്മുടെ കൂട്ടുകാരൻ. അല്ലാതെ നമ്മളുടെ മാത്രം സ്നേഹം എപ്പോഴും അങ്ങോട്ട് ഡിമാൻഡ് ചെയ്യുന്നവനാവരുത്."

ഞങ്ങൾ യാത്ര പറഞ്ഞ് തിരികെപ്പോന്നു. ഉച്ച തിരിഞ്ഞതേ ഉണ്ടായിരുള്ളൂ. ദിവസം തീരാൻ ഇനിയും മണിക്കൂറുകൾ ബാക്കിയുണ്ടായിരുന്നു.

***കേരളത്തിലെ സാഹിത്യ മണ്ഡലത്തിൽ അറിയപ്പെടുന്നയാളും കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാര ജേതാവുമായ ജോസഫ് (അപരനാമം) എന്നയാൾക്കെതിരെ കഴിഞ്ഞ കുറച്ചു നാളുകളായി എച്ച്മുക്കുട്ടി എന്ന എഴുത്തുകാരി ഫേസ്ബുക്കിൽ തുറന്നെഴുത്ത് നടത്തുകയാണ്. തന്റെ മുൻ പങ്കാളിയും എഴുത്തുകാരനുമായ ജോസഫിൽ നിന്നും അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ നിന്നും പൂർവ്വകാലത്ത് താൻ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നുവെന്ന് എച്ച്മുക്കുട്ടി കുറിപ്പുകളിൽ പറയുന്നു. 'ഞാനൊഴുക്കിയ ചോരയുടേയും എന്റെ മാംസത്തിലേറ്റ അടികളുടെയും വ്രണങ്ങളുടേയും ഒരിക്കലും ഉണങ്ങാത്ത മുറിവുകളുടേയും കഥയാണ് ഞാനെഴുതിക്കൊണ്ടിരിക്കുന്നത്. പലതരം കയ്യേറ്റങ്ങൾ ഉണ്ട്. മതത്തിന്റെ, ആൺകോയ്മയുടെ, സമൂഹത്തിന്റെ കടന്നുകയറ്റങ്ങളുണ്ട്. ജുഡീഷ്യറിയുടെ അനവധാനതയുണ്ട്. '***

***ഫേസ് ബുക്കിൽ നിന്ന്, എച്ച്മുക്കുട്ടി.***

■



പ്രീത കെ.കെ.
അഭിഭാഷക

# വിവാഹനിയമങ്ങളും ചില സ്വതന്ത്ര കാഴ്ചപ്പാടുകളും

ഇന്ത്യയിൽ ഇന്നും തുടർന്നുപോരുന്ന പരമ്പരാഗത വിവാഹരീതികൾ ജാതി-ഉപജാതി മാമൂലുകളുടെ ചട്ടക്കൂടിൽ രൂപപ്പെടുത്തിയിട്ടുള്ളതും അത് നിഷ്കർഷിക്കുന്ന പ്രാകൃത രീതികളും ചടങ്ങുകളും അതേപടിതുടരണമെന്ന് ശഠിക്കുന്നതുമാകുന്നു. ഇതിൽ പുരുഷനും സ്ത്രീയ്ക്കും പരസ്പരം മനസ്സിലാക്കാനും സ്വാതന്ത്ര്യത്തോടെ ഇടപെടാനുമുള്ള എല്ലാ പഴുതുകളെയും അടച്ച് വിവാഹമെന്ന അവരുടെ വ്യവസ്ഥാപിത സമൂഹത്തിന്റെ കെട്ടുകാഴ്ച നടത്തപ്പെടുകയാണെന്നു കാണാം. ഇന്ത്യയിലെ വ്യക്തിഗതനിയമങ്ങൾ ഇത്തരം മത-ജാതി സമൂഹങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുതകും വിധം രൂപപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

ഇതിനെ അംഗീകരിക്കാൻ വിസമ്മതിച്ച എക്കാലത്തെയും സ്വതന്ത്രചിന്തകരായ സ്ത്രീപുരുഷൻമാർ മാമൂലുകളെ അതിജീവിച്ച് കരാർ വിവാഹങ്ങളിൽ ഏർപ്പെട്ടിരുന്നു. മഹത്തായ മിശ്രവിവാഹപ്രസ്ഥാനങ്ങൾ ഇതിനെല്ലാംതന്നെ സഹായകരമായി നിലകൊണ്ടു. മതരഹിതവും തികച്ചും ജനാധിപത്യം അംഗീകരിക്കുന്നതുമായ പ്രത്യേക വിവാഹനിയമം (special marriage act 1955) പ്രാബല്യത്തിലായതോടെ ഇന്ത്യയിൽ ഈനിയമത്തിനു കീഴിലുള്ള എല്ലാ വിവാഹങ്ങൾക്കും നിയമസാധുത കൈവന്നു.

***ഹിന്ദു വിവാഹനിയമം 1955***

ഹിന്ദു വിവാഹനിയമം 1955 പ്രാബല്യത്തിൽ വന്നതോടെ ഹിന്ദുക്കൾക്കിടയിൽ നിലനിന്നിരുന്ന ബഹുഭാര്യാസമ്പ്രദായം നിയമപരമായി നിലനിൽക്കാത്തതായിമാറി. ഇതിലെ അഞ്ചാം വകുപ്പ് നിഷ്കർഷിക്കുന്നത് വിവാഹത്തിൽ ഏർപ്പെടുമ്പോൾ ഇരുവർക്കും ജീവിച്ചിരിക്കുന്ന ഭാര്യയോ-ഭർത്താവോ ഉണ്ടായിരിക്കരുതെന്നുള്ളതാണ്, അഥവാ ഉണ്ടെങ്കിൽ നിയമപരമായി ആ ബന്ധം വേർപെടുത്താതെ മറ്റൊരു വിവാഹത്തിൽ ഏർപ്പെടാൻ പാടില്ല. ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കെ നടത്തുന്ന രണ്ടാം വിവാഹമാകട്ടെ ഇന്ത്യൻ ശിക്ഷാനിയമം 494-ാം വകുപ്പനുസരിച്ച് ഏഴുവർഷം തടവും പിഴയും ലഭിക്കാവുന്ന ശിക്ഷാർഹമായ കുറ്റമാണ്. ഹിന്ദു വിവാഹനിയമം പ്രാബല്യത്തിൽ വന്ന സമയത്ത് പുരുഷന് പതിനെട്ട് വയസും സ്ത്രീയ്ക്ക് പതിനഞ്ചും എന്നതായിരുന്നു വിവാഹപ്രായം. 1987

ൽ ഈ നിയമത്തിന് വന്ന ഭേദഗതിയിലൂടെയാണ് പുരുഷന് പ്രായം ഇരുപത്തിയൊന്നും സ്ത്രീയ്ക്ക് പ്രായം പതിനെട്ടും ആയത്. ഹിന്ദു വിവാഹനിയമങ്ങൾക്കെന്നല്ല ഇന്ത്യയിലെ എല്ലാ വിവാഹങ്ങൾക്കും ഇത് ബാധകമായി മാറി. തുടർന്ന് ശൈശവവിവാഹനിരോധനനിയമം പ്രാബല്യത്തിൽ വന്നതോടെ ഇരുപത്തിയൊന്നു വയസിനുമേൽ പ്രായമുള്ള പുരുഷൻ പതിനെട്ടു വയസു തികയാത്ത പെൺകുട്ടിയുമായി നടത്തപ്പെടുന്ന വിവാഹം മൂന്നു മാസം വരെ വെറും തടവും പിഴശിക്ഷയും ലഭിക്കാവുന്ന ഒന്നായി മാറി. പിന്നീട് ഇത്തരം വിവാഹങ്ങളും ലൈംഗിക വേഴ്ചകളും ബലാത്സംഗമായി കണക്കാക്കുകയും കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്ന നിയമം (POCSO) Act, 2012 നു കീഴിൽ കടുത്തശിക്ഷ അർഹിക്കുന്ന തരത്തിൽ നിയമ പരിരക്ഷയും വന്നുചേർന്നു.

***ഹിന്ദു വിവാഹ ചടങ്ങുകളുടെ നൈതികത***

പവിത്രമെന്ന് കരുതുന്ന അഗ്നിക്കുചുറ്റും വധൂവരന്മാർ ഏഴുപാദം വലം വെയ്ക്കുക, പാണി ഗ്രഹണം, പുടവ കൈമാറുക, താലി കെട്ടുക, സിന്ദൂരമണിയിക്കുക, മാലയിടുക തുടങ്ങിയ ഏതെങ്കിലും ചടങ്ങുകൾ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടത്തേണ്ടത് ഹിന്ദു വിവാഹനിയമം നിർബന്ധമായും നിഷ്കർഷിക്കുന്ന ഒന്നാണ്. എല്ലാ വിവാഹങ്ങളും പോലെ ഇതും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

എല്ലാ വിവാഹനിയമങ്ങളെയുമെന്നപോലെ ഹിന്ദുവിവാഹനിയമം സംബന്ധിച്ചുള്ള കേസുകൾ തീരുമാനിക്കാനുള്ള അധികാരം കുടുംബകോടതികൾക്കാണ് ഉള്ളത്. ഇതു സംബന്ധിച്ചുള്ള കേസുകൾ നീണ്ടുപോകരുതെന്ന് ലോകമ്മീഷന്റെ 77-മത് റിപ്പോർട്ട് സൂചിപ്പിക്കുന്നു. വിചാരണയ്ക്ക് രഹസ്യ സ്വഭാവം പുലർത്താമെന്നും ഇത് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തിയാൽ ലഭിക്കുന്ന പിഴ ശിക്ഷ ഹിന്ദുവിവാഹനിയമത്തിന്റെ ഇരുപത്തിരണ്ടാം വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ബുദ്ധ, സിഖ്, ജൈന വിഭാഗങ്ങളും ഇതേ നിയമത്തിൻ കീഴിൽത്തന്നെയാണ് വരിക. എന്നാൽ ആദിവാസി ഗോത്ര വിവാഹങ്ങൾ ഹിന്ദു വിവാഹനിയമത്തിൻ കീഴിൽ വരില്ല. അവരുടെ വിവാഹവും വിവാഹമോചനവും ഗോത്രസമ്പ്രദായങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും അനുസരിച്ചായിരിക്കും തീരുമാനിക്കപ്പെടുക എന്ന് ഹൈക്കോടതി 2015 ലെ ഒരു വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

***മുസ്ലീം വിവാഹനിയമം 1939***

ഇന്ത്യയിൽ മഹല്ലുകൾ കേന്ദ്രീകരിച്ച് നിക്കാഹ്-നാമ എന്നപേരിൽ വിവാഹകരാറിൽ ഏർപ്പെടുകയും ഇത് നടത്തുന്ന ഖാസി ഇതിന്റെ രേഖകൾ സൂക്ഷിക്കുകയും കരാറിലെ വ്യവസ്ഥകൾ അവരുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യുന്നു. ഇസ്ലാമിക സങ്കൽപത്തിൽ വിവാഹം വിശുദ്ധമായ ഒരു ഉടമ്പടിയായി കണക്കാക്കപ്പെടുന്നു. 1939 ലാണ് മുസ്ലീം നിയമം പരിഷ്കരിച്ചത്.

വിവാഹം കഴിക്കാനുള്ള പ്രായം എന്നത് പ്രായപൂർത്തി (Puberty) വന്നതോടെ എന്ന് കണക്കാക്കപ്പെടുന്നു. ഇന്ന് പ്രായപൂർത്തി വിവാഹം മാത്രമേ സാധുവാകുകയുള്ളു. ഇതിൻപ്രകാരം മഹർ പണം നൽകാൻ പ്രാപ്തിയുള്ള പുരുഷനും പിതാവുമായി ഖാസിയെ മുൻനിർത്തിയുള്ള കരാർതന്നെയാണ് ഈ വിവാഹവും. ഇതിലെ സാക്ഷികൾ ഇരുപക്ഷവും ഇതിനെ അംഗീകരിക്കുകയും വേണം. ഇതിൽ സ്ത്രീയ്ക്ക് പെണ്ണുകാണൽ ചടങ്ങിനു ശേഷം പിതാവുമായി കരാറിലേർപ്പെടുന്ന പുരുഷനെ സ്വീകരിക്കേണ്ടതായിവരുന്നു. ബഹുഭാര്യാത്വത്തെ അനുവദിക്കുന്ന ഒന്നാണ് മുസ്ലീം വിവാഹനിയമം.




1939 ന് മുൻപ് ഹനഫി കോഡ് പ്രകാരം സ്ത്രീകൾക്ക് വിവാഹസംബന്ധമായി കേസുകളുമായി കോടതിയെ സമീപിക്കാൻ അവകാശം ഈ സമൂഹം നൽകിയിരുന്നില്ല. തുർന്ന് വന്ന നിയമപരിഷ്കരണങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ് 1936 -ലെ അഷ്റഫ് അലി താനവി എന്ന പണ്ഡിതൻ മുന്നോട്ടുവച്ച മാറ്റങ്ങൾ. ഇത് പരക്കെ അംഗീകരിക്കപ്പെടുകയും മുസ്ലീം വിവാഹ-മോചന നിയമം 1939 ൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

ഖുറാൻ അനുശാസിക്കുന്നതിൻ പ്രകാരം ഭാര്യയെ വേർപെടുത്തുമ്പോൾ പാലിക്കേണ്ട മൂന്ന് ആർത്തവഘട്ടം കഴിഞ്ഞുള്ള കാലയളവ് എന്ന പരിഗണന പോലും അംഗീകരിക്കാത്ത തലാഖുൽ–ബിദ്ദത്–തന്നിഷ്ടപ്രകാരം ഒറ്റയടിക്ക് ഭാര്യയെ ഉപേക്ഷിക്കാൻ അനുമതിനൽകിയിരുന്ന മുത്തലാഖ് എന്ന രീതി 2017 ഓഗസ്റ്റ് 22 ന് സുപ്രീം കോടതി നിരോധിച്ചിരുന്നു. മൂന്നുവർഷംവരെ തടവും പിഴയും ലഭിക്കാവുന്ന ക്രിമിനൽകുറ്റമാക്കി ബിൽ ലോകസഭ  പാസാക്കുകയും ചെയ്തു.

***സ്ത്രീകൾക്ക് അനുകൂലമായ നിയമ പരിരക്ഷകൾ***

നാട്ടിലുള്ള രണ്ടുഭാര്യമാരിൽ ഒരാൾക്കു മാത്രം ചെലവിനുകൊടുക്കുകയും മറ്റെയാളെ അവഗണിക്കുകയും ചെയ്തത് മാനസികമായ ക്രൂരതയാണെന്നും അതിനാൽ ഭാര്യയ്ക്ക് വിവാഹമോചനത്തിന് അർഹതയുണ്ടെന്നും ഉമാത്തുൾ ഹഫീസ് vs തബീബ് ഹുസൈൻ കേസിൽ 1945 കോടതി വിധിയുണ്ടായി.

ഭർത്താവിന് തന്റെ ഭാര്യയെ സംരക്ഷിക്കാനുള്ള ബാദ്ധ്യത രണ്ടുവർഷക്കാലം നിറവേറ്റുന്നില്ലെങ്കിൽ ഭർത്താവിന്റെ അനാരോഗ്യം, തൊഴിലില്ലായ്മ, ദാരിദ്ര്യം, ജയിൽവാസം  തുടങ്ങിയ കാര്യങ്ങളൊന്നും കോടതി പരിഗണിക്കേണ്ടതില്ലെന്നും സ്ത്രീക്ക് വിവാഹമോചനം അനുവദിക്കാമെന്നും കൊച്ചുമുഹമ്മദ് കുഞ്ഞ് ഇസ്മയിൽ മുഹമ്മദ് vs കദീജ ഉമ്മ എ.ഐ.ആർ. 1959 കേരള. കേസിൽ വ്യക്തമാക്കിയിട്ടുണ്ട്.




1986–ലെ വിവാഹമോചനം നേടിയ മുസ്ലീം സ്ത്രീകളുടെ അവകാശസംരക്ഷണനിയമത്തിൻ പ്രകാരം ഗർഭാവസ്ഥയിലാണ് തലാഖ് ചൊല്ലിയതെങ്കിൽ കുട്ടിയുടെ ജനനം മുതൽ രണ്ടു വർഷക്കാലം സംരക്ഷണചെലവ് നൽകണം. സ്വത്തുക്കൾ, സമ്മാനങ്ങൾ, മഹറിന്റെ ഓഹരി എന്നിവ തിരികെ നൽകണം. മറ്റൊരു വിവാഹം വരെയോ മരണം വരെയോ ജീവിക്കേണ്ടതിലേക്ക് ജീവനാംശം കണക്കാക്കി നൽകുകയും ചെയ്യണം. ശിഷ്ടകാലം വേറെ വിവാഹം ചെയ്യാതെ കഴിയുകയാണെങ്കിൽ അവർക്ക് സ്വന്തമായി മറ്റു വരുമാനമാർഗ്ഗങ്ങളില്ലെങ്കിൽ സംരക്ഷണത്തിനായി ബന്ധുക്കളെ സമീപിക്കാനും വഖഫ് ബോർഡ് മുമ്പാകെ പരാതി സമർപ്പിക്കുവാനും അവകാശം ഉറപ്പുനൽകുന്നുണ്ട്.

എല്ലാ വിവാഹമോചന കേസുകളെയും പോലെ വ്യവഹാരം കുടുംബകോടതിയിൽത്തന്നെയാണ് നിക്ഷിപ്തമായിട്ടുള്ളത്. മുസ്ലീം വിവാഹമോചിതയുടെ അവകാശ സംരക്ഷണ നിയമമനുസരിച്ചിട്ട് കിട്ടേണ്ടതായ ആനുകൂല്യങ്ങൾക്കായി മജിസ്ട്രേട്ട് കോടതിയെയാണ് സമീപിക്കേണ്ടത്.

***ക്രിസ്ത്യൻ വിവാഹനിയമം 1872***

ബ്രിട്ടീഷ് ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ക്രിസ്ത്യാനികൾക്ക് പൊതുവെ ബാധകമായ നിയമമാണിത്. ഇത് മലബാറിലും ഇന്ത്യയൊട്ടാകെ നിലവിലുള്ളപ്പോഴും തിരുവിതാംകൂറിൽ ബാധകമായിരുന്നില്ല.

വൈദികൻ, പരികർമ്മി, അഥവാ നിയോഗിക്കപ്പെട്ടവരുടെ മുമ്പാകെ വധൂവരന്മാരുടെ സമ്മതം ചോദിച്ച ശേഷം പ്രഖ്യാപിക്കുന്ന ഒന്നാണ് ക്രിസ്ത്യൻവിവാഹം. ഇത് എല്ലാ ക്രിസ്ത്യൻ സഭകളും വിഭാഗങ്ങളും അംഗീകരിക്കുകയും ചെയ്യുന്നു.

വിവാഹമോചനത്തിന് കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ള 1869–ലെ ക്രിസ്ത്യൻ വിവാഹമോചന നിയമം 2001–ൽ ഭേദഗതിചെയ്തു. രണ്ടുവർഷത്തിനുമേൽ പങ്കാളികൾ വേർപിരിഞ്ഞു താമസിക്കുകയും രണ്ടുപേരും തീരുമാനമെടുക്കുകയും ചെയ്താൽ ഉഭയസമ്മതപ്രകാരം ഇരുവർക്കും കോടതിയെ സമീപിക്കാൻ അർഹതയുണ്ട്.

***പ്രത്യേക വിവാഹനിയമം 1955***

മതേതരമെന്നും ആധുനികമെന്നും നിയമപരിരക്ഷ എല്ലാതരത്തിലും ഉറപ്പാക്കുന്നതുമായ ഒരു വിവാഹനിയമമാണ് 1955 ജനുവരി ഒന്നിന് പ്രാബല്യ

ത്തിൽ വന്ന (special marriage act 1955) പ്രത്യേക വിവാഹനിയമം. അംഗീകരിക്കപ്പെട്ട വിവാഹപ്രായമെത്തിയസ്ത്രീപുരുഷന്മാർക്ക് ജില്ലയിലെ വിവാഹ ഓഫീസർക്ക് നിർദ്ദിഷ്ട ഫോറത്തിൽ നോട്ടീസ് നൽകി മൂന്നുമാസത്തിനകം വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിൽ സ്ത്രീയ്ക്കും പുരുഷനും തുല്യതകൈവരികയും വിവാഹമോചനത്തിന് പുരുഷ കേന്ദ്രീകൃതവും ഏകപക്ഷീയവുമല്ലാത്ത നിയമപരിരക്ഷ ഇത് ഉറപ്പുവരുത്തുകയും ചെയ്യുന്നു.


ഷെഫീൻ-ഹാദിയ

***സ്ത്രീയുടെ അധികാരി ഭർത്താവോ?***

എല്ലാ ജാതി-മത കേന്ദ്രീകൃതങ്ങളായ വിവാഹങ്ങളിലും പ്രത്യക്ഷമാകുന്നത് സ്ത്രീയുടെ അധികാരി പുരുഷനാണെന്നാണ്. ഇതുതന്നെ ഇന്ത്യൻ ശിക്ഷാനിയമത്തിലും കടന്നുകൂടുകയും ഏതാണ്ട് 158 വർഷക്കാലം ഇതിൻപ്രകാരം വിധിപ്രഖ്യാപനങ്ങളും അതിന്റെ ഇരകളും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 2018 ൽ പ്രഖ്യാപിച്ച ഐതിഹാസികമായ വിധിയിലൂടെ വിവാഹേതരബന്ധം ക്രിമിനൽകുറ്റമല്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കുകയും ഐ.പി.സി. 497, സി.ആർ.പി.സി. 198(2) എന്നീ വകുപ്പുകൾ ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഇതിന്റെ പേരിൽ വിവാഹമോചനത്തിന് ആവശ്യപ്പെടാനുള്ള അർഹത ഇരുവർക്കുമുണ്ടെന്ന് ഇതിൽ വ്യക്തമാക്കിയിരുന്നു.

***കുടുംബകോടതിയുടെ സ്ഥാനം***

വിവാഹം സംബന്ധിച്ച കേസുകളിന്മേൽ തീരുമാനമെടുക്കാനുള്ള അധികാരം കുടുംബകോടതികൾക്കാണ്. വിവാഹത്തിന്റെ സാധുത, ദാമ്പത്യബന്ധം പുനഃസ്ഥാപിക്കൽ, വിവാഹമോചനം, ജുഡീഷ്യൽ വേർപാട്, വൈവാഹിക പദവിയുടെ പ്രഖ്യാപനം, ജീവനാംശം, സ്വത്തുതർക്കം, കുട്ടികളുടെ കസ്റ്റഡി തുടങ്ങിയ കാര്യങ്ങളാണ് കുടുംബ കോടതികൾ പൊതുവെ പരിഗണിക്കുന്നത്.

***പ്രായത്തിന്റെ പേരിൽ***

നിയമപരമായ വിവാഹപ്രായം പുരുഷന് ആയില്ല എന്ന കാരണത്താൽ വിവാഹം റദ്ദാക്കാനാകില്ലെന്നും പ്രായപൂർത്തിയായവർക്ക് ഒരുമിച്ച് ജീവിക്കുന്നതിനു തടസമില്ലെന്നും സുപ്രീംകോടതി നന്ദകുമാർ തുഷാര കേസിൽ വ്യക്തമാക്കിയിട്ടുണ്ട്. തന്റെ മകളെ നന്ദകുമാർ തട്ടിക്കൊണ്ടുപോയി വിവാഹം ചെയ്തെന്നും അയാൾക്ക് ഇരുപത്തൊന്ന് വയസായില്ലെന്നും കാണിച്ച് തുഷാരയുടെ പിതാവാണ് ഹൈക്കോടതിയെ സമീപിച്ചത്. വിവാഹം റദ്ദാക്കിയ ഹൈക്കോടതി തുഷാരയെ പിതാവിനൊപ്പം വിടുകയും ചെയ്തു. ഇതിനെതിരെ നന്ദകുമാർ സമർപ്പിച്ച അപ്പീൽ അനുവദിച്ചുകൊണ്ട് സുപ്രീംകോടതി, ഐതിഹാസികമായ ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിക്കുന്ന വിധി പുറപ്പെടുവിച്ചു. കോടതികൾ സൂപ്പർ രക്ഷിതാവ് ചമയേണ്ടെന്നും വ്യക്തികൾക്ക് സ്വന്തം ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാൻ അവകാശമുണ്ടെന്നും നിയമപരമായി വിവാഹം കഴിക്കുന്നതിന് തടസമുണ്ടെങ്കിൽക്കൂടി ഒരുമിച്ച്ജീവിക്കാൻ അവകാശമുണ്ടെന്നും വ്യക്തമാക്കി. ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന 2005 ലെ നിയമത്തിലും ഒരുമിച്ച് താമസിക്കുന്ന സ്ത്രീയുടെ അവകാശം നിയമപരമായി അനുവദിക്കുന്നു.

ഹാദിയ ഷെഫിൻ ജഹാൻ കേസിലാകട്ടെ വിവാഹം റദ്ദാക്കിയ ഹൈക്കോടതി നടപടി റദ്ദാക്കിക്കൊണ്ട് ഹാദിയയയ്ക്ക് ഏതുമതവിശ്വാസവും പുലർത്താമെന്നും ഇഷ്ടമുള്ളയാളോടൊപ്പം ജീവിക്കാമെന്നും പ്രായപൂർത്തിയായ ഹാദിയയ്ക്ക് തീരുമാനങ്ങളെടുക്കാമെന്നും ഭയം സ്വാതന്ത്ര്യത്തെ നിശബ്ദമാക്കുമെന്നുവെന്നും പ്രഖ്യാപിച്ചു.

ജാതി മത വർഗ്ഗ വർണ്ണ ലിംഗഭേദ വ്യവസ്ഥകൾക്കതീതമായി പരസ്പരസ്നേഹബഹുമാനങ്ങളോടെ ഒരുമിച്ച് കഴിയുന്ന മഹത്തായ സങ്കൽപമാണ് വിവാഹം. വിവാഹകരാറിലേർപ്പെടാതെ പോലും കഴിയാവുന്നതാണ് സ്വാതന്ത്ര്യം എന്നാണ് വിവക്ഷ. അതിനുമപ്പുറം നിയമ പരിരക്ഷ അവർക്ക് കുടപിടിക്കുമെങ്കിൽ അതല്ലേ എക്കാലത്തെയും വിവാഹമെന്ന നല്ല തീരുമാനം.

■

# രണ്ടു വിപ്ലവകാരികളുടെ വിവാഹം



അജിത കെ.

**ഞാ**ൻ പറയാൻ പോകുന്നത് എന്റെ വിപ്ലവകാരികളായ അച്ഛൻ കുന്നിക്കൽ നാരായണനും അമ്മ മന്ദാകിനിയും വിവാഹിതരായ കഥയാണ്. ബോംബെയിലെ ദാദർ, പരേൽ തുടങ്ങിയ സ്ഥലങ്ങളിൽ തുണി മില്ലുകൾ ധാരാളമുണ്ടായിരുന്നു. അവിടെ നൂറു കണക്കിന് തൊഴിലാളികളും. കോഴിക്കോട്ട് ക്രിസ്ത്യൻ കോളേജിൽ നിന്ന് ഇന്റർ (അക്കാലത്തെ പ്രീഡിഗ്രി) പാസായി തൊഴിൽ തേടി എത്തിയ എന്റെ അച്ഛൻ ഇത്തരമൊരു തുണിമില്ലിൽ ഡൈയിംഗ് മാസ്റ്റർ (തുണികളിൽ ചേർക്കുന്ന നിറങ്ങൾ പരിശോധിക്കുന്ന ആൾ) ആയി ജോലി നോക്കിയിരുന്നു. കോഴിക്കോട് സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ആവേശപൂർവ്വം പങ്കെടുത്ത ഒരു യുവാവായിരുന്നു അദ്ദേഹം. ബോംബെയിലുള്ളപ്പോൾ അക്കാലത്ത് ആ നഗരത്തിൽ സജീവമായിരുന്ന കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്ന് പ്രവർത്തിച്ചു. ആ പ്രവർത്തനത്തിനിടയ്ക്കാണ് സ്റ്റുഡന്റ്സ് ഫെഡറേഷനിൽ (എസ്.എഫ്) പ്രവർത്തിച്ച അമ്മയെ കണ്ടുമുട്ടിയത്. എട്ടുവർഷത്തോളം അവർ പ്രണയിച്ചുവെന്നാണ് അവർ തന്നെ പറഞ്ഞത്. അങ്ങനെ കമ്മ്യൂണിസ്റ്റുപാർട്ടി രണ്ടു സഖാക്കളേയും വിവാഹിതരാക്കാൻ തീരുമാനിച്ചു. ബോംബെ പാർട്ടി സെക്രട്ടറിയുടേയും പാർട്ടി ഘടകത്തിലെ മുതിർന്ന സഖാക്കളുടേയും മുൻകൈയിൽ അവരെ വിവാഹിതരായി പ്രഖ്യാപിച്ചു. അമ്മയാണെങ്കിൽ ബോംബെയിലെ ഒരു ഗുജറാത്തി ബ്രാഹ്മണ കുടുംബത്തിലെ ഒരേയൊരു മകൾ. രണ്ടു സഹോദരന്മാരും അമ്മയ്ക്കുണ്ടായിരുന്നു. അമ്മയുടെ അച്ഛൻ ഒരു അപകടത്തിൽ മരണമടഞ്ഞു. 'ബാ' എന്ന് മക്കളെല്ലാവരും വിളിക്കുന്ന ഉർവ്വശി ഓസയായിരുന്നു മന്ദാകിനിയെന്ന എന്റെ 'മാ'യുടെ അമ്മ. ഈ വിവാഹം അംഗീകരിക്കാൻ, അതും താഴ്ന്ന, ശൂദ്ര ജാതിയായ തെക്കുള്ള ('മദ്രാസി' എന്നാണവർ കേരളക്കാരെ വിളിച്ചിരുന്നത്) ഒരു തിയ്യ സമുദായക്കാരനെ മകൾ വിവാഹം കഴിക്കുന്നത് അവർക്കെങ്ങനെ സഹിക്കാൻ പറ്റും? പക്ഷെ, മാ ഉറച്ചു തന്നെ നിന്നു. അങ്ങനെ ഞാനുണ്ടായി.



മന്ദാകിനി നാരായണൻ-കുന്നിക്കൽ നാരായണൻ

എനിക്ക് രണ്ടരമാസം പ്രായമുള്ളപ്പോൾ അച്ഛന് കോഴിക്കോട്ട് തിരിച്ചുവന്ന് കുടുംബഭാരം ഏറ്റെടുക്കേണ്ടിവന്നു. വലിയച്ഛൻ കുന്നിക്കൽ മാധവൻ ആത്മഹത്യ ചെയ്തതു കാരണം അദ്ദേഹത്തിന്റെ ആറുമക്കളും ഭാര്യയും കഷ്ടപ്പെടുന്നതറിഞ്ഞാണ് അച്ഛൻ മായേയും എന്നെയും കൊണ്ട് കോഴിക്കോട്ട് വന്നത്. അങ്ങനെ കുന്നിക്കൽ തറവാട്ടിൽ താമസമായി.

മാ ഗുജറാത്തിയായതുകൊണ്ട് കുന്നിക്കൽ തറവാട്ടിലെ മറ്റു അംഗങ്ങളുമായി സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അച്ഛൻ മായോട് ഇംഗ്ലീഷിലാണ് സംസാരിച്ചിരുന്നത്. മാംസാഹാരം കഴിക്കുന്ന കുന്നിക്കൽ വീട്ടിലെ രീതികളോടും മാ യ്ക്ക് ഇടപഴകാൻ ബുദ്ധിമുട്ടായിരുന്നു. ഈ സാഹചര്യങ്ങളൊക്കെ മനസ്സിലാക്കി കോഴിക്കോട് ബീച്ചിലുള്ള ഗുജറാത്തി സ്കൂളിൽ അമ്മയ്ക്ക് അദ്ധ്യാപികയായി ഒരു ജോലി അച്ഛൻ ആരോടൊക്കെയോ പറഞ്ഞ് വാങ്ങിക്കൊടുത്തു. ഈ വിവാഹക്കാര്യങ്ങളൊന്നും അച്ഛന്റെ സഹോദരിമാർക്കോ അനുജനോ മരിച്ച ഏട്ടന്റെ ഭാര്യക്കോ അറിയില്ലായിരുന്നു. ഒരു ദിവസം അവരെല്ലാവരും (സ്ത്രീകൾ മാത്രം) അച്ഛന്റെ ചുറ്റും കൂടി. മൂത്ത ചേച്ചി അച്ഛനോട് 'നാരായണാ, നിനക്ക് നിന്റെ പെണ്ണിന്റെ കഴുത്തിൽ ഒരു താലി കെട്ടിക്കൂടേ' എന്ന് ചോദിച്ചു. എന്ത് കാര്യവും നർമ്മവും ചേർത്ത് സംസാരിക്കുന്ന അച്ഛൻ പറഞ്ഞ മറുപടി ഇതായിരുന്നു. 'മന്ദാകിനി എന്റെ ഭാര്യയാണ്. നിങ്ങൾ അങ്ങനെ അംഗീകരിക്കയാണെങ്കിൽ അംഗീകരിച്ചോളൂ. ഞാൻ താലികെട്ടാനൊന്നും പോകുന്നില്ല'. ഈ മറുപടി കേട്ട് എല്ലാവരും പിരിഞ്ഞുപോയി. പിന്നെ ആരും അങ്ങനെയൊരു കാര്യം അച്ഛനോട് ആവശ്യപ്പെടാൻ ധൈര്യപ്പെട്ടിട്ടില്ല.

■



**ഗീതാഞ്ജലി കൃഷ്ണൻ**
എഴുത്തുകാരി,
തിരുവനന്തപുരം ടെക്നോ
പാർക്കിൽ സീനിയർ
പ്രോജക്ട് മാനേജർ

# കേരളത്തിലെ വിവാഹചരിത്രം



സുനിയാനി ക്രിസ്ത്യാനി കുടുംബം

അടുത്തൊരു ദിവസം, ഉത്തരേന്ത്യക്കാരിയായ ഒരു സുഹൃത്തുമൊത്ത് പത്മനാഭസ്വാമി ക്ഷേത്രം സന്ദർശിക്കാൻ പോവുകയുണ്ടായി. പടിഞ്ഞാറേ നടയിലേക്കാണ് പോയത്. ഇരുവശത്തുമുള്ള മനോഹരങ്ങളായ, തിരുവനന്തപുരത്തുകാർ 'അമ്മവീട്' എന്നു വിളിക്കുന്ന കെട്ടിടങ്ങളെ ചൂണ്ടി ഞാൻ പറഞ്ഞു,

'ഇവയെല്ലാം, പല പല കാലങ്ങളിലായുള്ള രാജാക്കന്മാരുടെ ഭാര്യവീടുകളാണ്.'

'അപ്പൊ, ഈ വീടുകൾ കൊട്ടാരങ്ങളാണോ, രാജാവിന്റെ ഭാര്യ രാജ്ഞിയല്ലേ?'

'അല്ല. കേരളത്തിൽ രാജാവിന്റെ ഭാര്യയല്ല രാജ്ഞി. അതു രാജാവിന്റെ സഹോദരിയാണ്. അവരുടെ മകനാണ് അടുത്ത രാജാവ്. രാജാവിന്റെ സഹോദരിമാരും മക്കളുമാണ് കൊട്ടാരത്തിൽ താമസിക്കുക. രാജാവിന്റെ ഭാര്യയ്ക്കും മക്കൾക്കുമൊന്നും പദവിയും അവകാശവുമൊന്നും ഉണ്ടാവില്ല. പ്രഭുത്വം ഉണ്ടാവുമെന്നു മാത്രം.'

'അത്ഭുതമായിരിക്കുന്നു. കേട്ടിട്ടേയില്ല.'

'മരുമക്കത്തായം എന്നു പറയും. ഇതു കേരളത്തിൽ പൊതുവേ പണ്ടു നിലവിൽ ഉണ്ടായിരുന്നതാണ്. അമ്മവഴിയാണ് പിന്തുടർച്ചാവകാശം.'

അവർക്കതു ദഹിക്കാനേ പറ്റിയില്ല. ഇത്തരം പിന്തുടർച്ച വടക്കുകിഴക്കൻ ഇന്ത്യയിലും ഉണ്ടെന്ന് ഞാൻ അവരോടു പറഞ്ഞു.

അവർ അതു കേട്ടിട്ടുമില്ല, വായിച്ചിട്ടുമില്ല, പഠിച്ചിട്ടുമില്ല. ഉത്തരേന്ത്യക്കാരൻ കേരളചരിത്രം പഠിക്കുന്നതെന്തിന്?

സ്ത്രീകൾക്ക് സ്വത്തവകാശവും പദവിയും ഉണ്ടായിരുന്ന നാടാണു കേരളം. 'വിവാഹശേഷം ജന്മഗൃഹം വിട്ടു പോവുക' എന്ന പതിവുണ്ടായിരുന്നില്ല, പല ജാതികളിലും. അന്യന്റെ സ്വത്ത്, 'പരാ ധൻ' എന്നു പേരിട്ട് സ്ത്രീകളെ വളർത്താറും ഇല്ലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഏകദേശം ആദ്യപകുതി വരെ, ബഹുഭാര്യാത്വവും ബഹുഭർതൃത്വവും നിറഞ്ഞുനിന്ന നാടാണു കേരളം. കുടുംബഘടനയുടെ ആധാരം ജനനമോ വിവാഹമോ ആവാം. മരുമക്കത്തായത്തിൽ, ആ വീട്ടിൽ ജനിക്കുന്നവരെല്ലാം മരണം വരെ ആ വീട്ടിലെ അംഗങ്ങ

ളായി തുടരുന്നു. ആൺ പെൺ വ്യത്യാസമില്ലാതെ. മക്കത്തായത്തിൽ, സ്ത്രീകൾ വിവാഹശേഷം മറ്റൊരു വീട്ടിൽ പോകുന്നു. ആ വീട്ടിലെ ആൺ പ്രജകൾ മാത്രമേ അവിടത്തെ അംഗങ്ങളായി തുടരുന്നുള്ളൂ. സ്ത്രീകൾക്ക് സ്ഥാവര, ജംഗമ സ്വത്തുക്കളിൽ അവകാശം ഇല്ല. സ്ത്രീധന സമ്പ്രദായം മക്കത്തായത്തിന്റെ ഒരു കറുത്ത വശമാണ്. മക്കത്തായ കുടുംബവ്യവസ്ഥയുടെ മറ്റൊരു പ്രത്യേകതയാണ്, വിവാഹവും, സ്ത്രീയുടെ ശരീരത്തിന്മേലുള്ള പുരുഷന്റെ അവകാശവും. (മരുമക്കത്തായത്തിൽ വിവാഹം പേരിനു മാത്രമേയുള്ളൂ. 'പുടവകൊട'. സ്ത്രീയുടെ ശരീരത്തിലും ചാരിത്ര്യത്തിലും പുരുഷനു അവകാശം ഇല്ല)

### *വിവാഹവും ദായക്രമവും*

സ്ത്രീപക്ഷ ചിന്തകൾക്ക് ലോകത്തെ സംബന്ധിച്ചും കേരളത്തെ സംബന്ധിച്ചും 1880 കൾ പ്രധാനപ്പെട്ടതാണ്. 1884 ലാണ് 'കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം ഇവയുടെ ഉൽഭവം' എന്ന ഫ്രഡറിക് ഏംഗൽസ് രചന പുറത്തുവരുന്നത്. സ്ത്രീകളുടെ പിന്നാക്കാവസ്ഥക്കു കാരണം സ്വകാര്യസ്വത്തും, അതേതുടർന്നുള്ള പിതൃദായക്രമവുമാണെന്ന് ഏംഗത്സ് ഈ ക്ലാസിക് രചനയിൽ സമർഥിക്കുന്നുണ്ട്. ഭരണകൂടം സ്വകാര്യസ്വത്തിന്റേയും വ്യവസ്ഥിതിയുടേയും സംരക്ഷണമാണ് ഏറ്റെടുത്തിരിക്കുന്നത് എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ചരിത്രത്തിലെ നിർണ്ണായക ഘടകമായി വർത്തിക്കുന്നത് പ്രത്യക്ഷജീവിതത്തിലെ ഉത്പാദനപ്രത്യുൽപ്പാദന പ്രക്രിയകളാണ്. ഒരുവശത്ത് ആഹാരം, പാർപ്പിടം, വസ്ത്രം തുടങ്ങിയ ജീവസന്ധാരണോപാധികളുടേയും മറുവശത്ത് മനുഷ്യജീവികളുടെ ഉത്പാദനവുമാണ്. ഈ രണ്ടു ഉത്പാദനപ്രക്രിയകളെയും മെരുക്കുക എന്നത് അധികാരത്തിനും സ്വകാര്യസ്വത്തിനും നിലനിൽക്കാൻ ആവശ്യവുമാണ്. (ശ്രീനരായണ ഗുരു അരുവിപ്പുറത്തു ശിവനെ പ്രതിഷ്ഠിച്ചതും 1887ലാണ്) എല്ലാത്തരം വിവാഹങ്ങളുടേയും അടിസ്ഥാനം സ്വത്തും ദായക്രമവും ആണത്രേ. ഏകദാമ്പത്യസമ്പ്രദായം മനുഷ്യന്റെ ഉൽപ്പത്തിക്ക് വളരെക്കാലത്തിനു ശേഷം ഉരുത്തിരിഞ്ഞു വന്ന സമ്പ്രദായമാണ്. സമൂഹവികസനത്തിന്റെ ആദ്യ ഘട്ടത്തിൽ കുട്ടിയുടെ പിതൃത്വം നിശ്ചയിക്കാനാവാത്ത അവസ്ഥ നിലനിന്നു. ആ കാലത്ത് മാതൃദായക്രമമാണ് നിലനിന്നത്. അന്ന് സ്ത്രീകൾക്ക് വമ്പിച്ച ആദരവും അംഗീകാരവും ലഭിച്ചിരുന്നു. ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസത്തിന്റേയും അസമത്വത്തിന്റേയും പ്രധാന കാരണം ഈ സമൂഹത്തിന്റെ സാമ്പത്തിക ഘടനയാണ്. എംഗത്സ് ഈ പുസ്തകത്തിൽ പൗരാണിക കാലത്തു നിലനിന്നിരുന്ന ബഹുഭർതൃബഹുഭാര്യാ സമ്പ്രദായത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

| | മക്കത്തായം | മരുമക്കത്തായം |
|---|---|---|
| 1. സ്വത്ത് | പുത്രനു ലഭിക്കുന്നു | ഭാഗിനേയനു ലഭിക്കുന്നു |
| 2. കുടുംബം | പിതാവു വഴി | മാതാവു വഴി |
| 3. പുത്രി | വിവാഹാനന്തരം ജനിച്ച വീടുവിട്ടു പോകുന്നു | ജനിച്ച വീട്ടിൽ നിന്ന് പോകുന്നില്ല |

ജന്തുക്കൾക്കിടയിൽ കാണുന്ന ഏറ്റവുമുയർന്ന സാമൂഹ്യഘടന പറ്റത്തിന്റേതാണ്. എന്നാൽ കുടുംബവും പറ്റവും വ്യത്യസ്തമാണ്. ചില സസ്തനികളിൽ പറ്റവും (മാൻ, ആന) ചിലവയിൽ കുടുംബവും (കുറുക്കൻ, സിംഹം) കാണപ്പെടുന്നു. ജന്തുക്കളും ആദിമ മനുഷ്യരും തമ്മിൽ ഈ കാര്യത്തിൽ യാതൊരു സാമ്യവുമില്ല. പറ്റത്തിലും, ഒരു നേതാവ് ഉണ്ടായിരിക്കും. ആൽഫാ മെയിൽ. മനുഷ്യരുമായി ഏറെ അടുപ്പമുള്ള ആൾക്കുരങ്ങുകൾക്കിടയിലും വൈവിധ്യമുള്ള വിവാഹസമ്പ്രദായങ്ങൾ കാണുന്നു.

### *വെങ്കലവും കുമ്പളങ്ങി നൈറ്റ്സും*

ഇന്നു കേരളത്തിൽ വളരെയധികം സ്വീകാര്യത ലഭിച്ച ഒരു ചലച്ചിത്രമാണ് 'കുമ്പളങ്ങി നൈറ്റ്സ്'. കുടുംബം എന്ന മലയാളി സങ്കൽപ്പത്തെ പുനർവിചിന്തനം ചെയ്യാൻ സമയമായി എന്ന് ഈ സിനിമ പ്രേരിപ്പിക്കുന്നു. പ്രധാന കഥാപാത്രമായ ഷമ്മി തന്റെ ഭാര്യയുടെ അനുജത്തിയെ അവളുടെ പ്രണയത്തിൽനിന്ന് പിന്തിരിപ്പിക്കാനായി പറയുന്നു, കാമുകനും സഹോദരങ്ങൾക്കും പല തന്തമാരാണ്. അയാൾക്ക് (ഷമ്മിക്ക്) ഒറ്റ തന്തയാണ്. അപ്പോൾ അവൾ പറയുന്നു, ഒരാൾക്കു പല തന്തമാർ എന്നത് 'ടെക്ക്നിക്കലി പോസ്സിബിൾ' അല്ല ചേട്ടാ.

ഒറ്റതന്ത എന്നതാണ് സാമൂഹ്യാംഗീകാരത്തിനു ഹേതു. 'തന്തക്കു പിറന്നവൻ' എന്നല്ലാതെ 'തള്ളക്കു പിറന്നവൻ' എന്ന് വാക്കില്ലല്ലോ.

പക്ഷേ, പലരും നെറ്റി ചുളിച്ചുകൊണ്ടു കണ്ട ഒരു സിനിമയാണ് ഭരതന്റെ 'വെങ്കലം' (ലോഹിതദാസ്). അമ്മ തന്നെ മരുമകളെ ഭർത്താവിന്റെ അനുജനെക്കൂടി വേൾക്കാൻ പ്രേരിപ്പിക്കുകയാണ്. അവർക്കും രണ്ടു ഭർത്താവുണ്ടായിരുന്നു എന്നു പറയുന്നുമുണ്ട്. ബഹുഭർതൃത്വം കേരളത്തിൽ 'കമ്മാള ജാതിയിൽ' സാർവത്രികമായി ഉണ്ടായിരുന്നു എന്നാണ് സിനിമയുടെ കഥാസാരം. എന്നാൽ സിനിമയിൽ അത് ആദ്യ ഭർത്താവിൽ അസൂയ ജനിപ്പിക്കുന്നുണ്ട്. വഴക്കും ഉണ്ടാവുന്നു.

### *ബഹുഭർതൃത്വം*

ഒരു സ്ത്രീയെ ഒന്നിലധികം പുരുഷന്മാർ വേൾക്കുന്ന സമ്പ്രദായമാണ് ബഹുഭർതൃത്വം, ഇത് ഈ സ്ത്രീയെ ഒരേ സമയമോ/പല കാലങ്ങളിലോ ഒന്നിലധികം പുരുഷൻമാരുടെ പത്നിയാക്കുന്നു. ഇത്തരം ഏർപ്പാട്, നായർ, ഈഴവ, കമ്മാള സമുദായങ്ങളിൽ, ആലപ്പുഴ, കൊല്ലം,



വടക്കൻ മലബാറിൽ നിന്നുള്ള പഴയൊരു കുടുംബചിത്രം

തിരുവനന്തപുരം ജില്ലകളിൽ സർവസാധാരണമായിരുന്നു. 1930 കളിൽ വരെ ജനിച്ച പലർക്കും കുടുംബത്തിൽ 'ഒന്നിലധികം അച്ഛന്മാർ' ഉണ്ടായിരുന്നു. പലപ്പോഴും ഇത് സഹോദര്ന്മാർ തന്നെ ആയിരുന്നു. മൂത്ത സഹോദരൻ കല്യാണം കഴിക്കുകയും ആ സ്ത്രീയെ മറ്റ് ഇളയ സഹോദരന്മാർ കൂടി പത്നി ആക്കുകയും ചെയ്യുന്നതാണ് ഒരു രീതി. സ്നേഹരാഹിത്യമൊന്നും ഈ കുടുംബങ്ങളിൽ പറഞ്ഞു കേട്ടിട്ടില്ല.

ഇതെല്ലാം മാറിയിട്ട് രണ്ടു, മൂന്നു തലമുറകളെ ആയിട്ടുള്ളൂ. ഈ സമ്പ്രദായം കണ്ട ഒരു തലമുറ, ഇന്ന് എഴുപത് വയസ്സു കഴിഞ്ഞവർ ഇപ്പൊഴും ജീവിച്ചിരിക്കയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അത്തരം അനേകം പേരോട് ഈ ലേഖനമെഴുതുവാനായി സംസാരിക്കയുണ്ടായി.

ഉദാഹരണമായി ആലപ്പുഴജില്ലയിലെ കറ്റാനം എന്ന സ്ഥലത്തു ജനിച്ചുവളർന്ന, 1912ൽ ജനിച്ച എന്റെ അമ്മൂമ്മയുടെ വീട്ടിൽ അവർക്ക് മൂന്ന് അച്ഛന്മാർ ഉണ്ടായിരുന്നു (തച്ചന്മാരാണ്). അവരെ എന്റെ അമ്മയും സഹോദരങ്ങളും 'വെളുത്തപ്പൂപ്പൻ, നീലാണ്ടപ്പൂപ്പൻ, താടിയപ്പൂപ്പൻ' എന്നാണു വിളിച്ചിരുന്നത്. ഇവർക്കെല്ലാം കൂടി ഒരൊറ്റ ഭാര്യ മാത്രം. അതായത് അമ്മൂമ്മ ഒന്ന്, അപ്പൂപ്പന്മാർ മൂന്ന്. മക്കൾ ആരാരുടേതെന്ന് തിരിച്ചറിയാൻ മാർഗ്ഗം ഒന്നും ഇല്ലായിരുന്നു. നിറവും ഛായയും മാത്രം നോക്കി പറയുമെന്ന് മാത്രം. ഈ മൂന്നപ്പൂപ്പന്മാരും സഹോദരങ്ങളായിരുന്നു. അവർ തമ്മിൽ അസ്വാരസ്യങ്ങളൊന്നും പറഞ്ഞു കേട്ടിട്ടില്ല. ഭൂസ്വത്ത്, അതായത് കൃഷിസ്ഥലം ഭാഗം വയ്ക്കാതിരിക്കാനാണ് ഈ കരുതൽ. അടുത്ത തലമുറ (അമ്മൂമ്മയുടെ) ഭാഗം വയ്ക്കുകയും, പിണക്കവും വഴക്കും ഉണ്ടാവുകയും, സ്വത്തു നശിക്കയും ചെയ്തത് അനുഭവം.

കൊല്ലം ജില്ലയിലെ മണ്ണടി എന്ന സ്ഥലത്തുള്ളതും വളരെ അടുപ്പമുള്ളതുമായ ഒരു നായർ കുടുംബത്തിലും തിരുവനന്തപുരത്തെ മറ്റൊരു കുടുംബത്തിലും ഇതേ കഥ കേട്ടിട്ടുണ്ട്. ഇളയ സഹോദരന്മാരുടെ മക്കളെ മൂത്തയാൾക്കും അതുപോലെ തിരിച്ചും ഒരുപോലെ ജീവനായിരുന്നു എന്നാണ് കേട്ടിരിക്കുന്നത്. കൊല്ലം ജില്ലയിലെ മറ്റൊരിടത്തെ ഈഴവ കുടുംബത്തിലും ഈ സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നതിനു തെളിവുണ്ട്. മക്കളിലൊരാൾ എന്റെ അടുത്ത സുഹൃത്തായിരുന്നു. രണ്ടു സഹോദരന്മാരിൽ ജനിച്ച മക്കളെ ഒരു വ്യത്യാസവുമില്ലാതെ ആ അച്ഛന്മാർ സ്നേഹിച്ചു വളർത്തി.

ഇത്തരം സമ്പ്രദായം കേരളത്തിലെ വടക്കൻ ജില്ലകളിൽ അധികം കേട്ടിട്ടില്ല. എന്നാൽ വടക്കൻ ജില്ലകളിൽ അമ്പലവാസി, നായർ സമുദായങ്ങളിൽ സംബന്ധം എന്ന ഏർപ്പാടായിരുന്നു. നാട്ടുനടപ്പു പ്രകാരം ഇങ്ങനെ ഒന്നിലധികം പുരുഷന്മാരുമായി സഹവസിക്കാനും സ്ത്രീകൾക്കു സാധിക്കുമായിരുന്നു. ഭർത്താക്കന്മാരുടെ എണ്ണം കൂടിയാൽ അവൾക്ക് മാന്യതയും ഏറും (സി. രാധാകൃഷ്ണന്റെ എല്ലാം മായ്ക്കുന്ന കടൽ എന്ന നോവലിൽ ഇങ്ങനെയുണ്ട്). ഈ പുരുഷന്മാർ അസൂയ വച്ചുപുലർത്തുകയോ പ്രതികാരം ചെയ്യുകയോ ചെയ്യാറുണ്ടായിരുന്നില്ല.

'പ്രതിഭാ റായ്' തന്റെ ജ്ഞാനപീഠം അവാർഡ് നേടിയ ദ്രൗപതി എന്ന നോവലിലോ, എം.ടി തന്റെ രണ്ടാമൂഴത്തിലോ പറയുന്നതു പോലെ, ദു:ഖമോ സംഘർഷമോ ഉണ്ടാക്കുന്ന അവസ്ഥയല്ല കേരളത്തിലെ ബഹുഭർതൃത്വം. സഹോദരന്മാർ തമ്മിൽ സ്വരച്ചേർച്ചയും, ഭാര്യക്ക് ഉന്നതപദവിയും

**'ഒന്നുകിൽ അവിവാഹിത, അല്ലെങ്കിൽ സപത്നി, അതുമല്ലെങ്കിൽ വിധവ ഇതിലേതെങ്കിലും നിലയിൽ ദീർഘകാലം ജീവിതം കഴിക്കേണ്ടി വരുന്നവരാണു ഭൂരിപക്ഷം. ഇതും ജന്മസ്വത്ത് ഭാഗിച്ച് ഛിന്നഭിന്നമായി പോകാതിരിക്കാനാണ് ഈ നിയമം. ആണ്മക്കളിൽ മൂത്തയാൾക്കു മാത്രമേ വേളി കഴിക്കാവൂ. മറ്റുള്ളവർ അന്യസ്ത്രീകളെ ആശ്രയിച്ച് ജീവിക്കണം. അമ്പലവാസികളിലും നായന്മാരിലും ഉള്ള എത്രയെങ്കിലും യുവതികളെ സഹശയനത്തിനു വിനിയോഗിക്കുന്നത് രണ്ടും മൂന്നും പത്നിമാർക്കു പുറമേയാണ്. ആ ഭാര്യക്കോ അതിലുണ്ടാവുന്ന മക്കൾക്കോ ആ ആളിന്റെ സ്ഥാവര, ജംഗമ സ്വത്തുക്കളിൽ അവകാശമില്ലെന്നതോ പോകട്ടേ, അച്ഛനെന്ന് വിളിക്കാനുള്ള അർഹത പോലും ആ കുട്ടികൾക്കു ലഭിക്കുന്നില്ല.**

ഉണ്ടായിരുന്നു. കുടുബസ്വത്ത് വിഭജിച്ചു പോവാതിരിക്കാനാണീ ഏർപ്പാട്.

### *ബഹുഭാര്യാത്വം*

കേരളത്തിലെ നമ്പൂതിരിമാർക്കിടയിലും മുസ്ലീങ്ങൾക്കിടയിലും ബഹുഭാര്യാത്വമാണ് കണ്ടിരുന്നത്. ഇതു ഇസ്ലാമിൽ അംഗീകരിക്കപ്പെട്ടതും ലോകം മുഴുവനും ഉള്ളതുമാണല്ലോ. 'അന്ത:പുരം' എന്നും, 'അന്തർജ്ജനം' എന്നും അസ്വാതന്ത്ര്യത്തിന്റെ അടിമത്തം അനുഭവിച്ച സ്ത്രീകൾ ഈ വിഭാഗത്തിലുള്ളവരാണ്. ഇസ്ലാമിൽ വിധവകൾക്കും വിവാഹമോചിതർക്കും പുനർവിവാഹം അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ മലയാളബ്രാഹ്മണർക്കിടയിൽ ഇതു രണ്ടും ഇല്ല. കന്യാദാനം നടന്നില്ലെങ്കിൽ മാതാപിതാക്കൾക്ക് സ്വർഗ്ഗം കിട്ടില്ല എന്ന വിശ്വാസം ഉള്ളതുകൊണ്ട് ഏതെങ്കിലുമൊരു വൃദ്ധനു കുമാരികളെയും യുവതികളേയും വിവാഹം കഴിച്ചുകൊടുക്കുന്ന ഇന്ത്യൻബ്രാഹ്മണ പാരമ്പര്യം. ഭർത്താവിന്റെ മരണശേഷം ആ കുമാരി വിധവയായി ജീവിക്കണം

ഇ.എം.എസ്. തന്റെ കേരളചരിത്രത്തിൽ തന്റെ സമുദായത്തിന്റെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ സ്ത്രീ അവസ്ഥയെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

'ഒന്നുകിൽ അവിവാഹിത, അല്ലെങ്കിൽ സപത്നി, അതുമല്ലെങ്കിൽ വിധവ ഇതിലേതെങ്കിലും നിലയിൽ ദീർഘകാലം ജീവിതം കഴിക്കേണ്ടി വരുന്നവരാണു ഭൂരിപക്ഷം. ഇതും ജന്മസ്വത്ത് ഭാഗിച്ച് ഛിന്നഭിന്നമായി പോകാതിരിക്കാനാണ് ഈ നിയമം. ആണ്മക്കളിൽ മൂത്തയാൾക്കുമാത്രമേ വേളി കഴിക്കാവൂ. മറ്റുള്ളവർ അന്യസ്ത്രീകളെ ആശ്രയിച്ച് ജീവിക്കണം. അമ്പലവാസികളിലും നായന്മാരിലും ഉള്ള എത്രയെങ്കിലും യുവതികളെ സഹശയനത്തിനു വിനിയോഗിക്കുന്നത് രണ്ടും മൂന്നും പത്നിമാർക്കു പുറമേയാണ്. ആ ഭാര്യക്കോ അതിലുണ്ടാവുന്ന മക്കൾക്കോ ആ ആളിന്റെ സ്ഥാവര, ജംഗമ സ്വത്തുക്കളിൽ അവകാശമില്ലെന്നതോ പോകട്ടേ, അച്ഛനെന്ന് വിളിക്കാനുള്ള അർഹത പോലും ആ കുട്ടികൾക്കു ലഭിക്കുന്നില്ല. എന്തിനധികം, പുത്രന്മാരെ തൊട്ടാൽ പിതാവിനു കുളിയുമുണ്ട്. സ്പർശനസുഖങ്ങളിൽ ഏറ്റവും വലിയ സുഖം പുത്രസ്പർശനമാണെന്നു പറയുന്നു. ഈ അനുഭവം പിതാവിനുമില്ല, പുത്രർക്കുമില്ല'

(ബഹുഭാര്യാത്വം കേരളത്തിലെ ഈഴവർക്കിടയിൽ നിലവിലുണ്ടായിരുന്നു. അവർ സഹോദരിമാരെയോ, മറ്റു സ്ത്രീകളേയോ ഒരേസമയം പരിഗ്രഹിക്കാറുണ്ടായിരുന്നു. ഇത്തരം 'ബഹുഭാര്യാത്വത്തിലെ 'സന്തതികൾ' ഇന്നും നമ്മുടെയിടയിൽ ധാരാളമായി ജീവിച്ചിരിപ്പുണ്ട്. ഈഴവരിൽ മക്കത്തായികളേയും മരുമക്കത്തായികളേയും മിശ്ര രീതിക്കാരേയും കാണാം. ഇതേ രീതി തന്നെ ഇസ്ലാം മതത്തിലും. )

### *ശവങ്ങളിൽ വിവാഹകർമ്മം*

നമ്പൂതിരി പുരുഷന്മാർ ശൂദ്രസ്ത്രീകളുമായി രമിക്കുമ്പോൾ നമ്പൂതിരി സ്ത്രീകൾ അന്ത:പുരങ്ങളിൽ 30-40 വയസ്സുവരെ അവിവാഹിതകളായി തുടരും. ആ അവസ്ഥയിൽ കന്യകയായിത്തന്നെ മരിക്കുകയും ചെയ്യും. എന്നാൽ ശവശരീരത്തിൽ വിവാഹകർമ്മങ്ങൾ നടത്തുകയും, ചണ്ഡാളനെക്കൊണ്ട് ശവശരീരത്തിൽ രതി അനുഷ്ഠിക്കുകയും ചെയ്യുമായിരുന്നുവത്രേ!

### *കെട്ടുകല്യാണം*

അക്കാലങ്ങളിൽ പെൺകുട്ടികൾക്കു രണ്ടു തരം കല്യാണം നടത്തുമായിരുന്നു. ഒന്ന് താലികെട്ടു കല്യാണം. അത് പെൺകുട്ടി ഋതുമതിയാകുന്നതിനു മുന്നെ നടത്തുമായിരുന്നു. സ്വജാതിയിലോ ഉയർന്ന ജാതിയിലോ ഉള്ള പുരുഷൻ പെൺകുട്ടിയുടെ കഴുത്തിൽ താലികെട്ടുക എന്നതാണ് ചടങ്ങ്. നാലും അഞ്ചും പെൺകുട്ടികൾ; ഒരു കുടുംബത്തിലെ ഒരേ പ്രായക്കാരായ എല്ലാവരും ഈ ചടങ്ങു നടത്തുന്നു.

വളരെ ചിലവേറിയതാണ് ഈ കല്യാണം. ഇതു നടത്തി പല കുടുംബങ്ങളും സാമ്പത്തികമായി തകർന്നു പോയിട്ടുണ്ടത്രേ.

### *മറ്റു മതങ്ങൾ*

ഇസ്ലാം മതത്തിൽ ബഹുഭാര്യാത്വം ഇപ്പോഴും അംഗീകരിക്കപ്പെട്ട വസ്തുതയാണല്ലോ. എന്നാൽ ക്രിസ്തുമതത്തിൽ ഏകപത്നീ ഏകഭർതൃ വ്യവഹാരമാണ് അംഗീകരിക്കപ്പെട്ടത്. 'ദൈവം കൂട്ടിയോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടേ' എന്ന പ്രമാണമാണ് കേരളത്തിലെ ക്രിസ്ത്യാനികളുടെ വിവാഹരീതി.

സ്ത്രീ വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുത്ത ഇന്ദുലേഖ എന്ന മലയാളനോവൽ 1889 ലാണു പുറത്തുവരുന്നത്. ഈ മാറ്റത്തിന്റെ നാന്ദി ഈ നോവലിലൂടെയാണല്ലോ. സംബന്ധത്തിനു വരുന്ന നമ്പൂതിരിയെ ഇന്ദുലേഖ നിരാകരിക്കുന്നു. ഇന്ന് കേരളത്തിൽ എല്ലാ ജാതി മതക്കാരുടെ ഇടയിലും അംഗീകരിക്കപ്പെടുന്നത് സ്വജാതി/സ്വമത വിവാഹവും, ഏകപത്നീ/ഏക പതീവ്രതവുമാണ്. ഈ മാറ്റത്തിനു എൺപത്, എഴുപത് വയസ്സേ ആയിട്ടുള്ളൂ. ഇംഗ്ലീഷ് വിദ്യാഭ്യാസം, ക്രിസ്ത്യൻ മിഷനറി പ്രവർത്തനം, നിയമ വ്യവസ്ഥകൾ എന്നിവ ഇതിനു രാസപ്രവർത്തനമേകി. കമ്യൂണിസവും ഒരു നിമിത്തമാകണം. എന്നാലും ഈ പഴയചരിത്രങ്ങൾ നമ്മൾ മറന്നുകൂടാ.

*അവലംബം :*


1. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം : പി. ഭാസ്കരനുണ്ണി
2. കുടുംബം സ്വകാര്യസ്വത്ത്, ഭരണകൂടം ഇവയുടെ ഉൽഭവം : ഫ്രഡറിക് ഏംഗൽസ്
3. നായർ മേധാവിത്തത്തിന്റെ പതനം : റോബിൻ ജെഫ്രി
4. സംഭാഷണങ്ങൾ


■

കവിത



# ഭ്രാന്ത്



നിഷ
അക്കരത്തൊടി

കവിത പ്രണയ മധുരമായി മനസ്സിൽ
മഞ്ഞു പെയ്തപ്പോഴൊക്കെ പേനക്ക്
അച്ഛനെ പേടിയായിരുന്നു.
ഭർത്താവിനെ പേടിച്ച് രതിവൈവിധ്യങ്ങളെ
വായിച്ചറിഞ്ഞതു പോലും
ഭഗവത് ഗീതയ്ക്കകത്ത്
ഒളിപ്പിച്ചു വച്ചാണ്.
വീണുകിട്ടിയൊരു പ്രഭാഷണ മദ്ധ്യേ
ജാതി സംഘടനയ്ക്കുള്ള സ്തുതിഗീതങ്ങളിൽ
വാക്കിൻ മുനയിൽ മുള്ളൊളിപ്പിച്ചതിന്
ജാതിയിൽ നിന്നേ പുറത്താക്കി.
രാഷ്ട്രീയത്തെപ്പറ്റി അഭിപ്രായം പറഞ്ഞതിനാണ്
നാവരിഞ്ഞുകളഞ്ഞത്.
രാജ്യത്തിന്റെ വർത്തമാനത്തിൽ മനം നോവുന്നു
എന്നു ചിന്തിക്കുന്ന കാര്യം
എങ്ങനെയാണാവോ രാജാവറിഞ്ഞത്?
നാടുകടത്താനുള്ള തിട്ടൂരം
തുല്യം ചാർത്തിക്കഴിഞ്ഞുവത്രേ!
അപ്പോഴും ഗുരു മാത്രം
പറഞ്ഞു കൊണ്ടിരുന്നു
'അതുല്യ സാധ്യതയുള്ള ഭാഷയുണ്ട് നിനക്ക്
നീ പരിശ്രമിക്കാഞ്ഞിട്ടാണ്.'
പക്ഷേ ഗുരോ,
ഞാനിപ്പോഴും എഴുതാറുണ്ട്.
ചൂണ്ടുവിരൽ കൊണ്ട് കാറ്റിലാണെന്നു മാത്രം -
കരണത്തടിക്കും മുന്നേ മായ്ച്ചു കളയാമല്ലോ.

# ഒരു പഴയ വേളിയോർമ്മ



സാവിത്രി
അന്തർജ്ജനം

“സംഘടിതാകൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു” എന്ന് സംഘടിത മാസികയിൽ വായിച്ചപ്പോൾ എന്റെ പെറ്റമ്മയേക്കാൾ ഞാൻ ഓർത്തത് എന്റെ ഭർത്താവിന്റെ അമ്മയെയാണ്. ചേരിക്കാട്ട് ഇല്ലത്ത് എല്ലാവരും ‘പാപ്പു’ എന്ന് വിളിക്കുന്ന സാവിത്രി അന്തർജ്ജനം, എന്റെ അമ്മയായത് എനിക്ക് 13 വയസ്സുള്ളപ്പോഴാണ്. എന്നെ പ്രസവിച്ചയമ്മയേക്കാൾ കൂടുതൽ ‘അമ്മേ’ എന്നു ഞാൻ വിളിച്ചിട്ടുള്ളതും, കൂടെതാമസിച്ചിട്ടുള്ളതും എന്റെ ഭർത്താവിന്റെ അമ്മയോടൊപ്പമാണ്.

ഇന്നത്തെ നെടുമ്പാശ്ശേരി വിമാനത്താവളമിരിക്കുന്ന ‘അകപ്പറമ്പ്’ എന്ന കൊച്ചു ഗ്രാമത്തിൽ ദേവകി അന്തർജ്ജനത്തിന്റെയും നീലകണ്ഠൻ നമ്പൂതിരിയുടേയും മൂന്ന് പെൺമക്കളിൽ രണ്ടാമതായാണ് ഞാൻ ജനിച്ചത്. ഏകദേശം എഴുപത്തിയഞ്ച് വർഷങ്ങൾക്കു മുമ്പ്, കൃത്യമായി പറഞ്ഞാൽ കൊല്ലവർഷം 1120-ാമാണ്ട് തുലാം 17-ാം തീയതിയാണ് കരുവത്തൂർ ചേരിക്കാട്ട് സാവിത്രി അന്തർജ്ജനത്തിന്റെയും പരമേശ്വരൻ നമ്പൂതിരിയുടേയും മകൻ രാമൻ നമ്പൂതിരി എന്റെ 13-ാം വയസ്സിൽ എന്നെ വേളികഴിച്ചുകൂട്ടിക്കൊണ്ടുവന്നു.

എന്റെ വേളി കേമായിട്ട് നടത്തണം എന്ന് അമ്മയ്ക്ക് നിർബ്ബന്ധമായിരുന്നു. എന്റെ സ്ത്രീധനമായി കിട്ടിയ 1250 രൂപയിൽ 150 രൂപ ചെലവാക്കി വല്യപപ്പടം, പഴം, പഞ്ചാരയോടുകൂടി കേമായിട്ട് കരയടച്ച് സദ്യ നടത്തി.

വളരെ ചെറിയ രണ്ടുമുറി ഓലപ്പുര, അമ്മയും ഭർത്താവും കൂടാതെ ചെറിയമ്മയും (അച്ഛന്റെ മറ്റൊരു ഭാര്യ) രണ്ടു കണ്ണും കാണാത്ത ഒരു മകനും ഉണ്ടായിരുന്നു. അവിടെ ദാരിദ്ര്യവും കഷ്ടപ്പാടും പട്ടിണിയും കൂടപ്പിറപ്പായിരുന്നു. രാവിലെ കുളിയും തേവാരവും കഴിഞ്ഞാൽ (സ്ത്രീകൾ നടത്തുന്ന പൂജ) പാലും പഞ്ചസാരയും ഉള്ളതോ, ഇല്ലാത്തതോ ആയ കാപ്പിയും റേഷൻ അരിയോ, ഗോതമ്പോ ഏതെങ്കിലും അമ്മിയിൽ അരച്ചുണ്ടാക്കിയ ദോശയോ മറ്റെന്തെങ്കിലും ഭക്ഷണം. അന്ന് ദാരിദ്ര്യമുള്ള ഇല്ലങ്ങളിലെ അന്തർജ്ജനങ്ങൾ നല്ല സമ്പത്തുള്ള ഇല്ലങ്ങളിൽ പോയി ഊണു കഴിക്കും. അടുക്കള വെയ്ക്കാനോ തേവാരത്തിനൊരുക്കാനും വേണ്ടി ദരിദ്രരായ അന്തർജ്ജനങ്ങൾ സമ്പത്തുള്ള ഇല്ലങ്ങളിൽ പോയി താമസിക്കും. പലർക്കും ഭർത്തൃസുഖം എന്നതൊന്നും അറിയതന്നെ ഇല്ല. കുറച്ച് അദ്ധ്വാനിച്ചാലും തേച്ചുകുളിയും ഭക്ഷണവും ചിലപ്പോൾ ഉടുക്കാനുള്ളതും കിട്ടും. തിരണ്ടിരിക്കുന്ന പെൺകിടാങ്ങൾക്കു പുറത്തിറങ്ങാൻ പറ്റില്ല. എത്ര പ്രായമായതായാലും എത്രാമത്തെ ഭാര്യയായാലും കൈപിടിച്ചുകൊടുത്താൽ അമ്പലങ്ങളിലോ ഇല്ലങ്ങളിലോ പുറത്തിറങ്ങാം.

പിറന്നാളിനോ, വേളിക്കോ എന്തെങ്കിലും വിശേഷങ്ങൾക്കോ ക്ഷണിച്ചിട്ട് സദ്യയുണ്ണാൻ പോകുകയാണെങ്കിൽ അമ്മ എന്നെയും കൂട്ടുമായിരുന്നു. എന്നാൽ വെറുതെ ഊണുകഴിക്കാൻ പോകുമ്പോൾ അമ്മ പറയും കുട്ടി പോരണ്ട. ഉള്ളത് കഴിച്ച് ഇവിടെ ഇരുന്നോളൂ. അമ്മ എന്നെ “കുട്ടി” എന്നേ സ്നേഹത്തോടെ വിളിച്ചിട്ടുള്ളൂ. കഴിക്കാൻ കുട്ടി വരണ്ടായെന്നു പറയുന്നതു മറ്റുള്ളവരുടെ മുന്നിൽ എന്നെ കൊച്ചാക്കാതിരിക്കാനായിരുന്നു. എന്നോടുള്ള സ്നേഹവാത്സല്യം കൊണ്ടായിരുന്നു.

‘എച്ചിക്കലത്തിൽ നിന്ന് ഓട്ടക്കലത്തിലേക്കല്ലാണ്ട് ഒന്നിനെ എനിക്ക് കിട്ടിയല്ലോ!”എന്ന് അമ്മ സ്നേഹത്തോടെയും സന്തോഷത്തോടെയും പറയുമായിരുന്നു. മകന് കിട്ടിയെന്നല്ല. അമ്മയ്ക്കു കിട്ടിയെന്നാണ് പറയുക.

ദാരിദ്ര്യവും നൊയമ്പും ഒരിക്കലിരിക്കലും ഒക്കെ ആയി കഴിയുന്നതിന്നിടയിൽ, ചെറിയമ്മയുടെ മകൻ രണ്ടുകണ്ണും കാണാത്ത അനിയൻ വേളികഴിച്ച് ഒരു വർഷത്തിനകം ഒരു ഉണ്ണി ഉണ്ടായി. പതിമൂന്നാം വയസ്സിൽ വേളികഴിഞ്ഞ് പതിനെട്ട് വയസ്സായെങ്കിലും ഞാൻ പ്രസവിച്ചില്ല. എന്റെ ഭർത്താവിന് പണ്ട് വസൂരിദീനം വന്നിട്ടുള്ളതിനാൽ ഇനി ഞാൻ പ്രസവിക്കില്ല എന്ന ഒരു സംസാരവും ഉണ്ടായി. അതിനെ തുടർന്ന് വഴക്കായി. ഭാഗംവെച്ച് പിരിയാൻ തീരുമാനിച്ചു. അമ്മ എന്നെ കുറ്റപ്പെടുത്തിയില്ല, സമാധാനിപ്പിച്ചു. കണ്ണില്ലാത്ത ആളായതുകൊണ്ട് ഭാഗത്തിൽ വീടും സ്ഥലവും അനിയനു കൊടുത്തു. എന്റെ വേളിപ്പണം കൊണ്ട് (സ്ത്രീധനം) അമ്മ കരുവന്നൂരിൽ സ്ഥലം വാങ്ങി. രാവിലെ നിത്യവിതാനങ്ങൾ കഴിഞ്ഞാൽ മണ്ണ്കുഴച്ച് ഉരുട്ടി ചുമരുകൾ വച്ചാണ് രണ്ടുമുറി പണിഞ്ഞത്. അന്ന് അമ്മ പറഞ്ഞുകേട്ടതാണ്, ഉളിയന്നൂർ ആയിരപ്പറ നെല്ല് പാട്ടം പിരിയണ ചേരിക്കാട് എങ്ങനെയാണ് ദാരിദ്ര്യത്തിന്റെ അവസ്ഥയിൽ എത്തിയതെന്ന്. അച്ഛന്റെ അച്ഛനായിരുന്നു എല്ലാത്തിന്റെയും അവകാശി. ഒരു തൂശനിലയിൽ പത്ത് പഴവും ഒരു കെട്ട് വെറ്റിലയും ഒരു കണ്ണി പുകലയും വെച്ചിട്ട് ‘തിരുമേനി ഇതിലൊന്നു ഒപ്പ് ഇടൂ’ എന്ന് പറഞ്ഞാൽ ഏത് പ്രമാണത്തിലും ഒപ്പിടും. അങ്ങനെ എല്ലാം നഷ്ടപ്പെട്ടു. ഉളിയന്നൂർ അമ്പലത്തിലെ ഊരായ്മയും ചീരക്കട ഭഗവതി ക്ഷേത്രവുംഎല്ലാം ഉപേക്ഷിക്കേണ്ടി വന്നു.

അപ്ഫൻ 250 രൂപയ്ക്ക് മറ്റൊരു വേളി കൂടി

കഴിച്ച് ആ വേളിപ്പണംകൊണ്ട് കരുവന്നൂർ അന്ന് സ്ഥലം വാങ്ങി. മുത്തച്ഛനും അച്ഛനും അപ്ഫന്മാരും 6 വേളി വീതം കഴിച്ചിരുന്നു. അതിനുശേഷം വസൂരി ദീനം വന്നു. നാട്ടുകാരുടെ അപേക്ഷ പ്രകാരം ശുശ്രൂഷിക്കാനും മരിച്ചവരെ കുഴിച്ചിടാനും സർക്കാർ ആളെ അയക്കുകയും ചിലവിനു കൊടുക്കുകയും ചെയ്തിരുന്നുവത്രേ. രാത്രിയിൽ ഇവർ നല്ലവണ്ണം മദ്യപിച്ച് മരിച്ചവരെ/അനക്കമില്ലാത്തവരെ പായയിൽ പൊതിഞ്ഞു കൊണ്ടു പോയി കത്തിക്കും. അത്തരത്തിൽ പായയിൽ പൊതിഞ്ഞുവെച്ചതാണ് മകനേയും. ചെറിയ ഒരു അനക്കം കേട്ടപ്പോൾ അസുഖം ബാധിച്ച അമ്മ തന്നെ മോര് എടുത്ത് തൊണ്ടയിൽ ഒഴിച്ച് കഫം തോണ്ടിക്കളഞ്ഞു ശുശ്രൂഷിച്ച് ജീവിപ്പിച്ചു കൊണ്ടുവന്നതാണ്. അന്ന് അമ്മയും മകനും ചെറിയമ്മയും മകനും ഒഴിച്ച് എല്ലാവരും ദീനത്തിൽ മരിച്ചിരുന്നു. എന്റെ ഭർത്താവിന്റെ ഒരു കണ്ണും ദീനത്തിൽ നഷ്ടപ്പെട്ടു.

500 രൂപയുടെസ്ഥലത്തിന് വേളിപ്പണമായ 250 രൂപയും ബാക്കി പ്രോമിസറി നോട്ടുമായിരുന്നു കൊടുത്തത്. അച്ഛൻ മരിച്ചപ്പോൾ ആ പണം നൽകാനായി കേസായി. അന്ന് എന്റെ ഭർത്താവും അദ്ദേഹത്തിന്റെ അനിയനും (രണ്ടാൾക്കുംകൂടി ഒരു കണ്ണ്) കൊച്ചി മഹാരാജാവിനെ കണ്ട് നിജസ്ഥിതികൾ അറിയിച്ച് സങ്കടം പറഞ്ഞപ്പോൾ ഒരു മടിശ്ശീലയിൽ 100 രൂപ കൊടുത്തു. അമ്മ ഒരിടത്ത് അഞ്ചു വർഷം അടുക്കളക്ക് വയ്ക്കാൻ നിന്നപ്പോൾ കിട്ടിയ 60 രൂപയും നാട്ടുകാരുടെ സഹായവും ചേർന്ന് നാലുപേരുടെയും കൂടി പേരിൽ സ്ഥലം രജിസ്ട്രായി. അതിൽ രണ്ടുമുറി ഓലപ്പുര വെച്ചു. അതിലേക്കാണ് എന്നെ വേളി കഴിച്ചു കൊണ്ടുവന്നത് എന്ന് അമ്മ എന്നോട് പറഞ്ഞിട്ടുണ്ട്.

പുതിയ സ്ഥലത്ത് എത്തി അധികം കഴിയുന്നതിന് മുൻപ് എനിക്ക് കുട്ടികൾ ഉണ്ടായി.

അമ്മ എന്നും കുളികഴിഞ്ഞ് നമസ്ക്കരിക്കുമ്പോൾ, ഞങ്ങളുടെ എല്ലാവരുടെയും പേര് പറഞ്ഞ് നമസ്ക്കരിക്കുമായിരുന്നു.

ഞാൻ വേളികഴിഞ്ഞ് വരുമ്പോൾ ജാക്കറ്റിട്ടാണ് വന്നത്. അത് ഊരണം എന്ന് ഭർത്താവടക്കം എല്ലാവരും പറഞ്ഞപ്പോൾ അമ്മ എന്നെ സമാധാനിപ്പിക്കുകയും പിന്നീട് ബ്ലൗസിടാൻ അനുവദിക്കുകയും ചെയ്തു.

രാത്രി സെക്കന്റ്ഷോയ്ക്ക് പതിനാറ് നാഴിക അകലെയുള്ള തൃശ്ശൂരിലേക്ക് ഓലക്കുടയും പിടിച്ച് ഞങ്ങൾ നടന്നു പോകുമായിരുന്നു. ഞാനും ഭർത്താവും തമ്മിൽ എന്തെങ്കിലും അഹിതമുണ്ടായാൽ അമ്മ മകനെ ശകാരിക്കുകയും എന്നെ സമാധാനിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്റെ ഇല്ലത്തുള്ളവരെയും അമ്മയ്ക്ക് സ്നേഹവും ബഹുമാനവും ആയിരുന്നു. തിരിച്ച് എന്റെ ഇല്ലത്തുള്ളവർക്ക് അമ്മയോട് ഒരഹിതം പറയേണ്ട അവസരം ഉണ്ടാക്കിയിട്ടില്ല.

രാമായണവും മഹാഭാരതവും ഭാഗവതവും മാത്രമല്ല കവിതകളും നോവലുകളും ഞാൻ വായിച്ചിരുന്നു. ഉള്ളൂരിന്റെയും കുമാരനാശാന്റെയും വള്ളത്തോളിന്റെയും കവിതകൾ കാണാപാഠം പഠിച്ചു. ഇല്ലത്ത് നേരംപോക്കിന് അക്ഷരശ്ലോകം ചൊല്ലുമ്പോൾ ചൊല്ലുമായിരുന്നു.



സാവിത്രി അന്തർജ്ജനം ഭർത്താവിനും ഭർതൃമാതാവിനുമൊപ്പം

അതിനിടയിൽ ഒരു കാര്യം പറയാം. ആദ്യം എനിക്കൊരു പെൺകുട്ടിയും പിന്നെ ഒരു ആൺകുട്ടിയും ഉണ്ടായി. ഞാൻ പ്രസവിച്ചപ്പോൾ തന്നെ ആ കുട്ടികൾ മരിച്ചു പോയിരുന്നു. ആ സമയത്ത് എന്റെ അച്ഛന്റെ പിറന്നാളിനടക്കം വന്നവരാരും തന്നെ, പെറ്റുകിടക്കുന്ന എന്നെ തിരിഞ്ഞു നോക്കിയതു പോലുമില്ല. എന്നാൽ അടുത്ത വർഷം വീണ്ടും ഞാൻ ഒരു ഉണ്ണിയെ പ്രസവിച്ചു. എന്നെ കാണാൻ, കുട്ടിയെ കാണാൻ എത്രയനവധി ആളുകളാണ് വന്നതും, ഓരോന്ന് കൊണ്ടു തന്നതും. പിന്നെ എനിക്ക് രണ്ടുകുട്ടികൾ കൂടി ഉണ്ടായി. എല്ലാവരും നന്നായി പഠിച്ചു, ജോലിയായി.

ഞാൻ എന്റെ മക്കളും മക്കളുടെ മക്കളും ബന്ധുക്കളും കൂട്ടുകാരുമായി നല്ല നിലയിൽ ജീവിക്കുമ്പോഴും എന്നും കഷ്ടപ്പാടിലും ദുരിതത്തിലും എന്റെ പെൺകുട്ടിയും ആൺകുട്ടിയും ഒരുമിച്ച് മരിച്ചുപോയ ദുഃഖത്തിലും എന്റെ ഒപ്പം ഉണ്ടായ അമ്മയെ ഞാൻ ഓർക്കും. അമ്മയുടെ സ്നേഹവും ഉത്തരവാദിത്വവും അദ്ധ്വാനവുംകൂടിയാണ് എന്നെ ഈ നിലയിൽഎത്തിച്ചത്. ആ അമ്മയുടെ അനുഗ്രഹമായിരിക്കും സ്വന്തം രണ്ടുമരുമക്കളെയും ഞാൻ എന്റെ മക്കളെപ്പോലെയോ അതിലും കൂടുതലായോസ്നേഹിക്കാൻ കഴിയുന്നത്. അമ്മയുടെ അനുഗ്രഹം തന്നെയാണ് എന്റെ ആൺമക്കളുടെ ഭാര്യമാർ രണ്ടുപേരും എന്നെ സ്നേഹിക്കുന്നത്.

അമ്മയുടെ മരണവും അതുപോലെ തന്നെയായിരുന്നു. രാവിലെ എഴുന്നേറ്റ് കുളിച്ച് തേവാരത്തിനൊരുങ്ങുമ്പോൾ ഒരു ക്ഷീണം, എന്നെ വിളിച്ചു. എന്റെ മടിയിലേക്ക് ചാരിക്കിടന്നു, മരിച്ചു.... സുഖമരണം!

ഇന്ന്സീരിയലുകളിലുംസിനിമയിലും പലരുടെയുംജീവിതത്തിലുംകാണുന്നതുപോലെ അമ്മായിയമ്മ മരുമകൾ കുടുംബകലഹങ്ങൾ ഉണ്ടാകുന്നിടത്ത് ഈ അമ്മ, നോക്കി പഠിക്കാവുന്ന ഒരു മാതൃകയാണ്. അമ്മ മരിച്ചെങ്കിലും അമ്മയെക്കുറിച്ച്ഓർക്കാത്ത, പറയാത്ത ഒരു ദിവസം പോലും എനിക്കില്ല.

■

പെൺപക്ഷം



അജിത കെ.

# ലോക്സഭാ തെരഞ്ഞെടുപ്പ് - 2019

**ഇ**ത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പ് പല നാടകീയമായ രംഗങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. അപ്രതീക്ഷിതമായി നരേന്ദ്രമോഡിക്കെതിരായ കോൺഗ്രസ്സിന്റെ പ്രധാനമന്ത്രി സ്ഥാനാർത്ഥി രാഹുൽ ഗാന്ധി കേരളത്തിലെ വയനാട്ടിൽ തെരഞ്ഞെടുപ്പിനെ നേരിടുകയാണ്. അന്താരാഷ്ട്രതലത്തിൽ തന്നെ പ്രാധാന്യം നേടുന്ന ഈ ചുവടുവെപ്പ് എന്തുകൊണ്ട് കേരളത്തിൽ എന്ന ചോദ്യം പ്രസക്തമാണ്. ബി.ജെ.പി. ഒരു പ്രതിപക്ഷകക്ഷി പോലുമല്ലാത്ത കേരളത്തിൽ ഈ പോരാട്ടം ഇടതുപക്ഷത്തോടാണെന്ന് പൊതുജനം കരുതിയെങ്കിൽ എങ്ങനെ തെറ്റ് പറയാനൊക്കും?

ഇന്ത്യയിലെ ജനാധിപത്യം, മതനിരപേക്ഷത, ബഹുസ്വരത എന്നീ മൂല്യങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ അടിത്തറ. പോരായ്മകളും വിമർശനങ്ങളുമുണ്ടെങ്കിലും അടിസ്ഥാന തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഭരണഘടന മെച്ചപ്പെടുത്തുകയെന്നതിനു പകരം അടിസ്ഥാനമൂല്യങ്ങളെ തകർത്ത് ഇന്ത്യയിൽ ഒരു സവർണ്ണ ഹിന്ദുത്വ സ്വേച്ഛാധിപത്യ ഭരണം കൊണ്ടുവരികയെന്ന ബി.ജെ.പി.യുടെ, സംഘപരിവാറിന്റെ അജണ്ട നടപ്പിലാക്കാനാണ് നരേന്ദ്ര മോഡി ലക്ഷ്യം വെക്കുന്നത്.

ജനാധിപത്യത്തിന് തീർച്ചയായും പരിമിതികളുണ്ട്. ലോക്സഭയിലും നിയമസഭയിലും ജനപ്രതിനിധികളായി വരുന്ന നേതാക്കൾ എല്ലായ്പ്പോഴും പുരുഷന്മാരാണ്, സവർണ്ണ ഹിന്ദുക്കളാണ് എന്നത് യാദൃച്ഛികമല്ല. ഇന്ത്യയിൽ ഇന്നും പുരുഷാധിപത്യഘടനയും ജാതി വ്യവസ്ഥയും വളരെ ആഴത്തിൽ വേരോടി നിലനിൽക്കുന്നതിന്റെ പ്രതിഫലനമാണ്. ഇതു മാത്രമല്ല, പാർലമെന്റിൽ മതന്യൂനപക്ഷങ്ങൾക്കോ മറ്റു പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കോ യാതൊരു പങ്കുമില്ല. ജനാധിപത്യ സംവിധാനങ്ങളിൽ ജനസംഖ്യാനുപാതികമായി എല്ലാ മത-ജാതി-ലിംഗ വിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകണമെന്നാണ് ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവശ്യം. അതേസമയം സ്ത്രീകൾക്ക് പാർലമെന്റിലും നിയമസഭയിലും 33% സംവരണം നല്കാൻ ആവശ്യപ്പെടുന്ന ഒരു ബിൽ എത്രയോ വർഷങ്ങളായി കേന്ദ്രത്തിൽ അധികാരത്തിൽ വരുന്ന സർക്കാരുകൾ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ എഴുതി വെക്കാറുണ്ടെങ്കിലും പാർലമെന്റ് സമ്മേളനത്തിന്റെ അവസാന ദിവസങ്ങളിൽ അവതരിപ്പിക്കുകയും വലിയ ബഹളങ്ങളോടെ തള്ളപ്പെടുകയും ചെയ്യുകയെന്നതാണ് ദശകങ്ങളായി അനുഭവം. കഴിഞ്ഞ യു.പി.എ. സർക്കാർ ആ ബിൽ രാജ്യസഭയിൽ പാസാക്കിയെടുത്തു. എന്നാൽ ലോകസഭയിൽ പാസാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ആ സർക്കാർ കാണിച്ചില്ല.

പക്ഷെ, നരേന്ദ്രമോഡി അധികാരത്തിൽ വന്ന ശേഷം ഒരു തവണപോലും ആ ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടതായി നമുക്ക് അറിവില്ല. കൃത്യമായ പുരുഷാധിപത്യ നിലപാട് എടുത്തുകൊണ്ട്, സ്ത്രീ വിവേചനങ്ങളെ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇത്തരം പ്രതിലോമ നടപടികൾ എടുക്കുന്ന ഒരു പാർട്ടി ഇനി അധികാരത്തിൽ വരാതിരിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. അതേ സമയം ഇത്തവണ പോലും രാഷ്ട്രീയപ്പാർട്ടികൾ, കഴിവുറ്റ ഊർജ്ജസ്വലരായ സ്ത്രീകൾ അവരുടെ പാർട്ടികൾക്കകത്ത് ഉണ്ടെങ്കിൽ പോലും തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിർത്തിയിട്ടില്ല. ജനാധിപത്യത്തിനും മതേതരത്വത്തിനും വേണ്ടി വാദിക്കുന്ന പാർട്ടികൾപോലും സ്ത്രീകളെ മുന്നോട്ടു കൊണ്ടുവരാൻ തയ്യാറല്ല. തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ നിന്ന് സ്ത്രീകളെ മാറ്റി നിർത്തുന്ന ഈ രീതി ശക്തമായി എതിർത്തു തോല്പിക്കപ്പെടേണ്ടതുണ്ട്.

**ജനാധിപത്യവും മതേതരത്വവും പുലരട്ടെ!**
**ഇന്ത്യയുടെ ബഹുസ്വരത നിലനിൽക്കട്ടെ!**



**അക്കു അഖിൽ**
ക്വീയറിഥം LGBTIQ കമ്മ്യൂണിറ്റി
തിരുവനന്തപുരം

**കുടുംബം എന്നുള്ള സാമൂഹിക നിർമ്മിതിയെ ചുറ്റിപ്പറ്റിമാത്രമാണ് നിലവിൽ വിവാഹം എന്നൊരു സമ്പ്രദായം നിലനിൽക്കുന്നത്. അതായത് അച്ഛനും അമ്മയും കുട്ടികളും അടങ്ങുന്ന ഹെറ്ററോനോർമിറ്റിവ് കുടുംബങ്ങൾ മാത്രമേ സമൂഹത്തിന്റെ മുൻപിൽ ഇന്നും സാധാരണമായുള്ളൂ.**

# അതിജീവനത്തിന്റെ പ്രണയവർണ്ണങ്ങൾ

**അ**വളുടെ കൈകൾ പിടിച്ച് കൂട്ടുകാർക്കിടയിലൂടെ ആത്മവിശ്വാസത്തോടെ മുന്നോട്ട് നടക്കുന്നതും ആഘോഷങ്ങളിൽ പങ്കെടുക്കുന്നതും മേരി ആലോചിച്ച് ചിരിച്ചു; വീട്ടുകാരും നാട്ടുകാരും ചില കൂട്ടുകാരും എതിർത്തിട്ടും അവർ വിവാഹിതരാകാൻ തീരുമാനിക്കുകയായിരുന്നു. 'മേരിയും നീതുവും'. അതെങ്ങനെ ശരിയാകും അല്ലെ? രണ്ടുപെൺകുട്ടികൾ തമ്മിൽ വിവാഹം കഴിക്കുന്നത് സാമൂഹ്യക്രമത്തിനും പ്രകൃതിക്കും എതിരല്ലേ? രണ്ടു ട്രാൻസ്ജെൻഡർ മനുഷ്യരായ സൂര്യയും ഇഷാനും വിവാഹിതരായപ്പോൾ ചിലരൊക്കെ മൂക്കത്ത് വിരൽ വെച്ചു, അയ്യോ അതെങ്ങനെ?

കുടുംബം എന്നുള്ള സാമൂഹിക നിർമ്മിതിയെ ചുറ്റിപ്പറ്റിമാത്രമാണ് നിലവിൽ വിവാഹം എന്നൊരു സമ്പ്രദായം നിലനിൽക്കുന്നത്. അതായത് അച്ഛനും അമ്മയും കുട്ടികളും അടങ്ങുന്ന ഹെറ്ററോനോർമിറ്റിവ് കുടുംബങ്ങൾ മാത്രമേ സമൂഹത്തിന്റെ മുൻപിൽ ഇന്നും സാധാരണമായുള്ളൂ. കുട്ടികൾ എന്നത് അത്രയേറെ പ്രാധാന്യമുള്ള ഒന്നായാണ് സമൂഹം കാണുന്നത് എന്നാൽ വിവാഹം കഴിക്കാത്ത ഒരു സ്ത്രീ ആണ് അമ്മ ആകുന്നത് എങ്കിലോ ? അതെ സമൂഹം തന്നെ സദാചാര ദംഷ്ട്രകൾ കൊണ്ട് അവളെ വലിച്ചു



കീറും. വളരെ ലളിതമായി പറഞ്ഞാൽ നിലവിലെ വിവാഹ സമ്പ്രദായം എന്നുപറയുന്നത് നാലാൾ കാൺകെ ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെടുവാനും കുടുംബജീവിതം നയിക്കുവാനും ഉള്ള ലൈസൻസ് കൊടുക്കുന്ന പരിപാടിയാണ്.

മതങ്ങളും വിശ്വാസങ്ങളും എല്ലാം തന്നെ കുടുംബങ്ങളിലൂടെ തലമുറകളിലൂടെ നിലനിന്നു പോരുന്നതിനാൽ വിവാഹത്തിന് അത്രയേറെ



**സൂര്യ-ഇഷാൻ വിവാഹം**

പ്രാധാന്യം മതങ്ങൾ കല്പിച്ചു നൽകിയിട്ടുണ്ട്. വ്യത്യസ്ത മതത്തിൽപെട്ടവർ തമ്മിൽ വിവാഹം ചെയ്യുന്നത് പോലും അംഗീകരിച്ചു നൽകുവാൻ നിലവിലെ മതങ്ങൾ തയ്യാറല്ല. അടുത്ത തലമുറയെ സൃഷ്ടിക്കാത്ത ബന്ധങ്ങൾ എല്ലാം അവരുടെ കണ്ണിൽ തെറ്റുകൾ ആണ്. ദൈവനിന്ദയാണ്. അതായത് ഹെറ്ററോ ബന്ധങ്ങൾ മാത്രമേ മതങ്ങ ൾക്ക് സ്വീകാര്യമായിട്ടുള്ളൂ.

സാമൂഹികമായി കുറെയേറെ ഘടകങ്ങളു മായി ബന്ധപ്പെട്ടാണ് വിവാഹം എന്ന സമ്പ്രദായം നിലനിൽക്കുന്നത്. മതം, ജാതി, ലിംഗത്വം (ജെൻ ഡർ), ധനം അങ്ങനെ കുറെയധികം മാനദണ്ഡ ങ്ങൾ ഉണ്ട്. വിവാഹ ബന്ധത്തിൽ ജാതീയത എങ്ങനെ പ്രവർത്തിക്കുന്നു എന്നത് അടുത്തിടെ ഉണ്ടായ ദുരഭിമാന കൊലപാതകങ്ങളുടെ കണ ക്കുകൾ നോക്കിയാൽ വ്യക്തമാകും.

ജെൻഡർ എന്നൊരു ഘടകം എടുക്കുക യാണെങ്കിൽ, സമൂഹം ഇതുവരെയും കണ്ടു ശീലിച്ചത് സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങൾ മാത്രമാണ്. എന്നാൽ സ്ത്രീക്കും പുരുഷനും അപ്പുറം മറ്റു ജെൻഡർ അവസ്ഥകളും ഇവിടെ നിലനിൽക്കുന്നു എന്നത് വാസ്തവമാണ്. സാമൂഹികമായോ നിയമപരമായോ അംഗീകാരം ലഭിച്ചിട്ടില്ല എന്നുമാത്രം. 2014-ൽ ആണ് ബഹു മാനപ്പെട്ട സുപ്രീം കോടതിയുടെ നൽസ വിധി യിലൂടെ ട്രാൻസ്ജെൻഡർ മനുഷ്യരെ ഇന്ത്യ യിലെ പൗരന്മാരായി അംഗീകരിച്ചത്. എന്നാൽ ആ വിധിയിലും ട്രാൻസ്ജെൻഡർ മനുഷ്യരുടെ വിവാഹജീവിതത്തെപ്പറ്റിയോ സ്വത്തവകാശങ്ങളെ പ്പറ്റിയോ അടുത്ത തലമുറയെപ്പറ്റിയോ ഒന്നും തന്നെ പറയുന്നില്ല. ട്രാൻസ്ജെൻഡർ ബില്ലും പ്രസ്തുത വിഷയത്തിൽ തികച്ചും മൗനം പാലി ക്കുന്നു.

ഇന്ത്യയിൽ വളരെ സ്വാഭാവികമായി നില നിന്നിരുന്ന സംസ്കാരത്തിനോട് അത്രയേറെ ചേർന്നുനിന്നിരുന്ന ട്രാൻസ്ജെൻഡർ മനുഷ്യർ ബ്രിട്ടീഷ് അധിനിവേശത്തോടെയാണ് സമൂഹ ത്തിൽ അരികുവത്കരിക്കപ്പെട്ടത്. സാമൂഹിക അംഗീകാരം നഷ്ടമായി എന്നുമാത്രമല്ല നിയമം വഴി അവർ ലിംഗത്വ ലൈംഗിക വിഭാഗങ്ങളെ പ്രകൃതിവിരുദ്ധരും കുറ്റവാളികളും ആക്കി മാറ്റു കയും ചെയ്തു. സ്വതന്ത്ര ഇന്ത്യ ആ നിയമ ങ്ങളെ ദശാബ്ദങ്ങളോളം പിന്തുടരുകയും ചെയ്തു. 2018-ൽ ഇന്ത്യയുടെ പരമോന്നത നീതിപീഠം ഐപിസി യിലെ 377 വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ജെൻഡർ വ്യത്യാസമില്ലാതെ പ്രായ പൂർത്തിയായ രണ്ടു വ്യക്തികൾ തമ്മിലുള്ള ലൈംഗിക ബന്ധത്തെ കുറ്റവിമുക്തമാക്കി. പ്രകൃ തിവിരുദ്ധം എന്ന പ്രയോഗം തന്നെ എടുത്തുമാറ്റി. സുപ്രധാനവിധിയിൽ നൂറ്റാണ്ടുകളുടെ അവഗണ നക്കും, തിരസ്കരണത്തിനും ഇന്ത്യൻ ജനത ക്വിയർ സമൂഹത്തോട് ക്ഷമചോദിക്കണം എന്ന് പ്രഖ്യാപനം ഉണ്ടായി. ഇന്ത്യയിലെ ക്വിയർ മനുഷ്യരുടെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്തിരുന്ന നിയമം മാറ്റപ്പെടുകയും ഭിന്നവർഗ്ഗ ബന്ധങ്ങൾക്കപ്പുറം മറ്റു ജെൻഡറുകൾ തമ്മിലുള്ള ബന്ധങ്ങളും ഇന്ത്യയിൽ നിയമം വഴി അംഗീകരി ക്കപ്പെട്ടു . അപ്പോഴും സാമൂഹികാംഗീകാരം വിദൂര സ്വപ്നമാണ്. നിയമത്തിനും മുകളിൽ ആണ് സദാ ചാര സങ്കല്പങ്ങളുടെ വേരോട്ടം, സമൂഹത്തിൽ.

സദാചാര ആണധികാര ഹെറ്ററോനോ ർമിറ്റിവ് സമൂഹത്തിന്റെ തലക്കേറ്റ അടിയായിരുന്നു ഇന്ത്യയിലെ തന്നെ ആദ്യത്തെ ട്രാൻസ്ജെൻഡർ ദമ്പതികളായ സൂര്യയുടെയും ഇഷാന്റെയും വിവാഹം. പരമ്പരാഗതവും, യാഥാസ്ഥിതികവുമായ വിവാഹ സങ്കൽപ്പങ്ങളെ തകിടം മറിച്ചുകൊണ്ട് അവർ ഇരുവരും വിവാഹിതരായി. മുസ്ലിം മതാചാര പ്രകാരം തന്നെ കുടുംബങ്ങളുടെ പിന്തുണയോടെ വിവാഹം നടന്നു.

സ്ത്രീ പുരുഷൻ എന്ന ഐഡെന്റിറ്റിയിൽ നിന്നുതന്നെ ആണ് അവർ വിവാഹം ചെയ്തത്. അപ്പോഴും സദാചാര വാദികളുടെ ആശങ്ക അവർ എങ്ങനെ ലൈംഗിക ബന്ധത്തിൽ ഏർപ്പെടും എന്നുള്ളതായിരുന്നു. അവരുടെ സ്വകാര്യ ജീവിതത്തിലേക്ക് ഇടിച്ചുകേറുന്ന ചോദ്യങ്ങൾ നിരന്തരം ചോദിച്ചുകൊണ്ടേയിരുന്നു. വ്യക്തിത്വത്തെയും സ്വകാര്യതയെയും മാനിക്കുന്ന ശീലം നമുക്ക് പണ്ടേ ഇല്ലല്ലോ. ചോദ്യങ്ങളിലൊന്നും അല്പം പോലും പതറാതെ അവർ അതെ സമൂഹത്തിൽ തന്നെ സന്തോഷത്തോടെ അഭിമാനത്തോടെ ജീവിക്കുന്നു, അതേ മാതൃകയിൽ അനവധി ട്രാൻസ്ജെൻഡർ കമിതാക്കൾ വൈവാഹിക ബന്ധത്തിനൊരുങ്ങുന്നു എന്നതും ശുഭകരമാണ്. അനധികാര കുടുബ വ്യവസ്ഥകളെ ചോദ്യം ചെയ്യുന്ന, ശരീരം തന്നെ അധികാരമാക്കി മാറ്റുന്ന വ്യവസ്ഥയ്ക്ക് ട്രാൻസ്ജെൻഡർ ദമ്പതികളുടെ ജീവിതങ്ങൾ പുതിയ ഉത്തരങ്ങൾ നല്കിക്കൊണ്ടേയിരിക്കും.

ട്രാൻസ്ജെൻഡർ പങ്കാളികൾ പ്രണയ ബദ്ധരാകുന്നതിനു മറ്റൊരു കാരണം കൂടിയുണ്ട്, പരസ്പരം ശരീരം, സ്വത്വം, ലൈംഗികത എന്നിവയൊക്കെ മനസിലാക്കി ഒന്നാകുന്നവർ ആയതിനാൽ വിവാഹശേഷം നിരാശയിലേക്കോ കടുത്ത കളിയാക്കലുകളിലേക്കോ വിഷാദത്തിലേക്കോ പോകുന്നില്ല എന്നതാണ്, ട്രാൻസ്ജെണ്ടർ പുരുഷന്മാരോ സ്ത്രീകളോ ആണെങ്കിൽ പങ്കാളിയെ മാനസികമായി പലതവണ അപമാനിക്കുന്നതായി കണ്ടിട്ടും ഉണ്ട്, അങ്ങനെ അല്ലാത്തവരും ഉണ്ട് എന്നതും വിസ്മരിക്കുന്നില്ല.

നിയമത്തിന്റെ പരിരക്ഷ ഇല്ലാത്തതുകൊണ്ട് തന്നെ കപട സ്നേഹം നടിച്ചു വഞ്ചിക്കപ്പെടുന്ന ഒരുപാടു ട്രാൻസ്ജെൻഡർ വ്യക്തികൾ നമുക്കിടയിൽ ഉണ്ട്.ലൈംഗികമായും മാനസികമായും, സാമ്പത്തികമായും ചൂഷണം ചെയ്ത് ആവശ്യാനന്തരം വലിച്ചെറിയുന്നവർ, അത്തരത്തിൽ വഞ്ചിക്കപ്പെട്ട് ആത്മഹത്യയിൽ അഭയം കണ്ടെത്തിയ ട്രാൻസ് ജീവിതങ്ങളും ധാരാളമാണ്.

ട്രാൻസ്ജെൻഡർ എന്ന അസ്തിത്വത്തിൽ നിന്നുകൊണ്ട് വിവാഹം ചെയ്യുവാൻ ഇന്നും നിയമം അനുവദിക്കുന്നില്ല. സ്ത്രീയോ പുരുഷനോ എന്ന ദ്വന്ദ്വങ്ങളിലേക്കു ഒതുങ്ങിയാൽ മാത്രമേ നിലവിൽ നിയമാനുസൃതമായ വിവാഹത്തിന് സാധ്യത ഉള്ളു.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിൽ സ്വവർഗാനുരാഗികളായ നിരവധി പേർ ഒരുമിച്ചു ജീവിക്കുവാനായി കോടതിയെ സമീപിക്കേണ്ടതായി വന്നിട്ടുണ്ട്. സാമ്പ്രദായകമായതും മതപരമായതുമായ ചടങ്ങുകളിൽ അവർ വിശ്വസിക്കുന്നുമില്ല. എന്നാൽ നിയമപരമായി അവർക്ക് ബാന്ധവം ഉണ്ടാക്കുവാനും സാധ്യമല്ല. തമിഴ്നാട് സ്വദേശികളായ രണ്ടു പെൺകുട്ടികൾ വീട്ടിൽ നിന്നും മാറി ഇന്ന് തിരുവനന്തപുരത്ത് ഒരുമിച്ചു ജീവിക്കുന്നു, വീട്ടുകാർ പോലീസിനെ വിട്ട് വിരട്ടിയിട്ടും അവർ പങ്കാളികളായി സന്തോഷപൂർവം ജീവിക്കുന്നു. അതിനുമുമ്പേ ഹൈക്കോടതിയിൽ ഒരുമിച്ചുജീവിക്കുവാൻ അനുവദിക്കണം എന്നും അഭ്യർത്ഥിച്ച് എത്തിയ മറ്റുരണ്ടുപേരും കേരളത്തിലെ സ്വവർഗാനുരാഗികളിലെ മാറ്റത്തെ സൂചിപ്പിക്കുന്നു. ഇന്നും മുപ്പത് വർഷത്തിലധികമായി ഒരുമിച്ച് ജീവിക്കുന്ന സ്വവർഗപങ്കാളികൾ കേരളത്തിൽ ഉണ്ട് എന്നത് ബന്ധങ്ങളുടെ ദൃഢതയെ കാട്ടിത്തരുന്നു.

നിരവധി ട്രാൻസ്ജെൻഡർ മനുഷ്യരും, സ്വവർഗാനുരാഗികളും നിർബന്ധിത വിവാഹത്തിന് ഇരയാവുന്ന നാടുകൂടിയാണ് കേരളം. തന്റേത് സിസ് ജെണ്ടർ ഐഡന്റിറ്റി ആണെന്ന് കാണിക്കാൻ പണിപ്പെടുന്ന ട്രാൻസ്ജെൻഡർ മനുഷ്യർ, തങ്ങൾ ഹെറ്ററോസെക്ഷ്വൽ ആണെന്ന് വരുത്തിത്തീർക്കുന്ന സ്വവർഗാനുരാഗികൾ, എന്നിങ്ങനെ സമൂഹം 'നോർമൽ' എന്ന് വിളിക്കുന്ന വൈവിധ്യമില്ലാത്ത വിരസിത കൂട്ടത്തിലേക്ക് ചുരുങ്ങാനും മഴവിൽ മനുഷ്യർ ശ്രമിക്കുന്നുണ്ട്.

ഇന്ത്യയിൽ പ്രായപൂർത്തിയായ രണ്ടു വ്യക്തികൾക്ക് ഒന്നിച്ചു ജീവിക്കുന്നതിൽ തടസമില്ല എന്നിരിക്കെ തന്നെ അവരുടെ ബന്ധത്തിന് നിയമപരിരക്ഷയോ, സ്വത്തവകാശം പോലുള്ള കാര്യങ്ങളിൽ വ്യക്തതയോ ഇല്ല. കുടുംബത്തിൽ നിന്നും കടുത്ത ഒറ്റപ്പെടലുകൾ നേരിട്ട് പങ്കാളികളിൽ അഭയം കണ്ടെത്തുമ്പോൾ അവരുടെ ബന്ധങ്ങൾക്ക് നിയമ പരിരക്ഷ ഉറപ്പാക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഭരണഘടന ഉറപ്പു നൽകുന്ന എല്ലാവിധ പൗരാവകാശങ്ങളും ട്രാൻസ്ജെൻഡർ മനുഷ്യർക്കും സ്വവർഗാനുരാഗികൾക്കും മറ്റ് LGBTIQ മനുഷ്യർക്കും ലഭിക്കുന്നതുവരെ നമ്മുടെ രാജ്യത്തെ ജനാധിപത്യമെന്നോ റിപ്പബ്ലിക് എന്നോ വിളിക്കുവാൻ സാധിക്കുമോ എന്ന് സംശയമാണ്.

ആണധികാര തിരുശേഷിപ്പുകളായ പരമ്പരാഗത വൈവാഹിക ബന്ധങ്ങളിലേക്കും ചടങ്ങുകളിലേക്കും വീണ്ടും ക്വീയർ വ്യക്തികൾ എത്തിനോക്കുന്നത് എത്രത്തോളം ഭൂഷണമാണ് എന്നതാണ് ചിന്തനീയമായ ചോദ്യം, നാം അവയെല്ലാം നിരന്തരം ചോദ്യംചെയ്യലുകൾക്ക് വിധേയമാക്കി കാലത്തെ അതിജീവിക്കുവാൻ കഴിയുന്ന മനുഷ്യരാകണം.

■



വാസ്തവം



ഡോ.ജാൻസി ജോസ്

# പ്രണയത്തിന്റെ നൈതികതകൾ

**ലോ**കം ഉള്ളകാലത്തോളം നിലനിൽക്കുന്ന ഒന്നാണ് പ്രണയം എന്ന് പാടിത്തുടങ്ങിയിട്ടു നാളേറെയായി. ഇന്ന് പ്രണയത്തിന്റെ നിറം മാറിയിരിക്കുന്നു. പ്രണയം എന്നാൽ ഇഷ്ടമാണെന്നും ഇഷ്ടമെന്നാൽ ഒരാളുടെ മാത്രം ഇഷ്ടമാണെന്നും, അത് അയാളുടെ മാത്രം ഇഷ്ടം നോക്കാനുള്ള ഇഷ്ടമാണെന്നും വന്നിരിക്കുകയാണ്. ഞാനിതു പറഞ്ഞത് അനശ്വര പ്രണയം നഷ്ടമായ ഈ കാലത്തെ തുറന്നു കാണിക്കാനാണ്.

ജാതിയോ മതമോ ദേശമോ ഭാഷയോ ഒന്നുമില്ലാതെ പ്രണയിച്ചിരുന്ന മനുഷ്യർ ഇന്ന് പ്രായോഗികമായി പ്രണയിച്ചു തുടങ്ങിയിരിക്കുന്നു. പ്രണയിക്കുമ്പോൾപോലും പ്രാക്ടിക്കലായി ചിന്തിക്കുന്ന മനുഷ്യരാണല്ലോ ഇന്നുള്ളത്. പണ്ടുകാലത്തും അത്യാവശ്യം വരുമ്പോൾ പ്രാക്ടിക്കലായി ചിന്തിച്ചു തേച്ചിട്ടുപോകുന്നവർ വിരളമായെങ്കിലും ഇല്ലാതിരുന്നില്ല. ഇന്ന് തേപ്പ് ഒരു പ്രസ്ഥാനം തന്നെയായി മാറിയിരിക്കുകയാണ്. യഥാർത്ഥ തേപ്പിന്റെ പൊള്ളൽ ഉള്ളതുകൊണ്ടാവും ഇവിടെയും ഈ വാക്കുപയോഗിക്കുന്നത്.

സൂക്ഷിച്ചും കണ്ടുമൊക്കെ പ്രണയിക്കേണ്ട കാലമാണിത് എന്ന് നാം ഓർത്തിരിക്കേണ്ടതുണ്ട്. പ്രണയമെന്നാൽ മരണം എന്ന മറ്റൊരർത്ഥത്തിലെത്തിനിൽക്കുന്ന സംഭവങ്ങളാണ് നമ്മുടെ നാട്ടിലും നടക്കുന്നത്. ഒന്നുകിൽ അഭിമാനക്കൊലക്കിരയാകുന്നു നമ്മുടെ പെൺകുട്ടികൾ. അല്ലെങ്കിൽ അവരെ ജീവിക്കാൻ സമ്മതിക്കാതെ ദുഃഖത്തിലാക്കുന്നു. തനിക്കിഷ്ടമില്ലാത്ത വിവാഹത്തിനൊരുങ്ങിയ മകളെ കൊന്ന അച്ഛനെ ആരും മറക്കാനിടയില്ല. മകളെ വിവാഹം കഴിച്ചതിന്റെ പേരിൽ മരുമകനെ കൊന്നതും മറന്നിട്ടില്ലല്ലോ. ഇന്ന് ഇതിൽനിന്നു വ്യത്യസ്തമായി പ്രണയിതാക്കൾതന്നെ പ്രണയം പ്രശ്നമാക്കുന്ന കാഴ്ച ഇക്കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കാണുകയുണ്ടായി. ഏതെങ്കിലും പെണ്ണിനെ കണ്ടു ഇഷ്ടം തോന്നിയാൽ വെടക്കാക്കി തനിക്കാക്കുന്ന രീതി പണ്ടേ നിലനിന്നിരുന്നതാണ്. എന്നാൽ അതിൽ അപകടം ഉണ്ടായിരുന്നില്ല, പെണ്ണിന് സ്വാതന്ത്ര്യം ഇല്ലായിരുന്നെങ്കിൽപ്പോലും.

പ്രണയം തോന്നിയാൽ എങ്ങനെയെങ്കിലും പ്രണയിപ്പിക്കാനുള്ള വഴികൾ തേടുന്ന കശ്മലൻമാരാണ് ഇന്നത്തെ കാമുകൻമാർ. വെറുതെ ചിരിച്ചു കാണിച്ചാൽ പോലും തെറ്റിദ്ധരിക്കുക, അല്ലെങ്കിൽ സ്വൈര്യം കെടുത്തുക ഇതനുഭവിക്കാത്ത പെൺകുട്ടികൾ ഉണ്ടാവാൻ വഴിയില്ല. അടക്കവും ഒതുക്കവും പഠിച്ച പെൺകുട്ടികൾ ഇന്ന് കത്തിയമരുകയോ കത്തിമുനകയറിയോ തീരുന്നതോ ആയ കാഴ്ചയാണ് നമ്മളെ തേടി വരുന്നത്. കരാട്ടെ പോലുള്ള സ്വയം രക്ഷിക്കൽ പ്രയോഗങ്ങൾ നിർബന്ധമായും പെൺകുട്ടികളെ പഠിപ്പിക്കുകയേ വഴിയുള്ളൂ. മറ്റൊന്ന് നാം നിർബന്ധമായും ചെയ്യേണ്ടതുണ്ട്. കുട്ടികളിലെ സ്വഭാവ മാറ്റങ്ങൾ കണ്ടെത്തി വേണ്ട ശ്രദ്ധ കൊടുക്കുക എന്നത്. കുട്ടിക്കാലത്തുതന്നെ വേണ്ട പരിഗണനയും ചികിത്സയും ലഭിച്ചാൽ സ്വാഭാവിക രീതിയിലേക്ക് കുട്ടികൾ എത്തിച്ചേരും. സ്വഭാവ വൈകല്യമില്ലാത്ത കുട്ടികളെപ്പോലും കൊടും ക്രൂരരായ വ്യക്തികളാക്കി തീർക്കുന്ന സാഹചര്യമാണ് നമ്മുടെ കുടുംബങ്ങളിലും സ്കൂളുകളിലും ഉള്ളത്. അവർക്കു വളരാനുള്ള നല്ല സാഹചര്യം ഒരുക്കാൻ നമുക്ക് കഴിയണം. അതല്ലെങ്കിൽ അവർക്കു നന്മ കണ്ടു വളരാനുള്ള അന്തരീക്ഷം ഉണ്ടായിരിക്കണം. ഇതൊന്നുമല്ലെങ്കിൽ ആണിനും പെണ്ണിനും ക്രിമിനൽ സ്വഭാവം വന്നു കഴിയുമ്പോൾ അറിയുകയും അതിനു ഫലം അനുഭവിക്കുകയും ചെയ്യും. സാക്ഷരതയോ സംസ്കാരമോ മതബോധമോ രാഷ്ട്രീയ പ്രബുദ്ധതയോ ഒന്നും നമ്മെ ഇതിൽ നിന്ന് രക്ഷിച്ചു എന്നു വരില്ല.



**രഞ്ജിനി കൃഷ്ണൻ**
ഗവേഷണ കോ-ഓർഡിനേറ്റർ
സഹപീഡിയ

# ഭിന്നലൈംഗികത: ചില ഭിന്നവിചാരങ്ങൾ

ഇന്നത്തെക്കാലത്ത്, അതായത്, ലൈംഗികന്യൂനപക്ഷവും ലൈംഗികതൊഴിലാളികളും ഭിന്നലൈംഗികതാസ്ഥാപനങ്ങളേയും നടപ്പുരീതികളെയും ഒക്കെ ചോദ്യം ചെയ്തു കഴിഞ്ഞ കാലത്ത്, വീണ്ടും ഭിന്നലൈംഗികതയെപ്പറ്റി, വിവാഹത്തെപ്പറ്റി ഒക്കെ പറയുന്നതോ പഠിക്കുന്നതോ എന്തിനാണ് ?

എനിക്ക് തോന്നുന്നത്, ഇത്തരം പഠനങ്ങള്‍ക്ക് സൈദ്ധാന്തികവും രാഷ്ട്രീയവും ആയ ധർമ്മങ്ങൾ ഉണ്ട് എന്നാണ്. സ്വവർഗലൈംഗികതാപഠനങ്ങൾ എന്ന് നമ്മൾ സാധാരണ മട്ടിൽ പറഞ്ഞു പോകുമെങ്കിലും വിവാഹത്തെ കുറിച്ചോ കുടുംബത്തെ കുറിച്ചോ ഉള്ള പഠനങ്ങളെ ഭിന്നലൈംഗികതാപഠനങ്ങൾ എന്ന് വിളിക്കാറില്ല. ഭിന്നലൈംഗികതയുടെ സ്ഥാപനങ്ങൾ അനുഭവിക്കുന്ന സൈദ്ധാന്തിക സുരക്ഷയും രാഷ്ട്രീയ സംരക്ഷണവും ആണ് ഇത്തരത്തിൽ അപരിചതത്വം സൃഷ്ടിക്കുന്ന ഭാഷാപ്രയോഗങ്ങൾ ഉണ്ടാകുന്നതിൽ നിന്ന് നമ്മളെ തടയുന്നത്. പകരം നമ്മൾ ചെയ്യുന്നതോ ലൈംഗിക ന്യൂനപക്ഷങ്ങളോടും ലൈംഗികതൊഴിലാളികളോടും (മാത്രം) അനുഭവങ്ങളെ ആഖ്യാനവത്കരിക്കാൻ ആവശ്യപ്പെടും. ഇത് വളരെ ബുദ്ധിമുട്ടു നിറഞ്ഞ ഒരിടമാണ് സ്ത്രീവാദചിന്തയിൽ ഉണ്ടാക്കുന്നത് എന്ന് സ്ത്രീവാദ മനഃശാസ്ത്രജ്ഞരായ സ്യൂ വിൽക്കിൻസണും സീലിയ കിറ്റ്സിഞ്ചറും അഭിപ്രായപ്പെടുന്നുണ്ട്. ഭാഷയിലേക്ക് വരുന്ന ഒരനുഭവം പിടി കൊടുക്കുന്ന ഒരനുഭവം ആയി മാറാനാണ് സാധ്യത. അത് കോളനിവത്കരിക്കപ്പെടുന്നതിന്റെ വക്കത്താണ് എന്നവർ പറയുന്നു. സ്ത്രീവാദചിന്ത ഭിന്ന ലൈംഗികതയെ 'അവിടെ തന്നെയുള്ള അങ്ങനെ എടുത്തു പറയേണ്ടതില്ലാത്ത ഒരു അവക്ഷിപ്തം' (1993 :1) ആയി കാണുന്നുണ്ടോ എന്ന് സന്ദേഹിക്കുന്നു. 'പരിശോധിക്കപ്പെട്ടിട്ടില്ലാത്ത ഉഭയകേന്ദ്രിതത്വം' സിദ്ധാന്തത്തിന് ഉള്ളതായി ആഡ്രിയാനെ റിച്ചും പറയുന്നുണ്ട്.

ഭിന്നലൈംഗികതാസ്ഥാപനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവരോട് നിരന്തരം അനുഭവങ്ങളെ ആഖ്യാനവത്കരിക്കാൻ പറയുക എന്നതാണ് ഈ അവസ്ഥയെ മറികടക്കാൻ ഉള്ള ഒരു വഴിയായി അവർ ചൂണ്ടിക്കാണിയ്ക്കുന്നത്. ഇത് സുരക്ഷിതവും സംരക്ഷിതവും ആയ ഒരിടം എന്നതിൽ നിന്നും സൈദ്ധാന്തികവും രാഷ്ട്രീയവും ആയ പുനരെഴുത്തുകൾ നടക്കേണ്ടയിടം എന്ന നിലയിലേയ്ക്ക് ഭിന്നലൈംഗികതയെ അസ്ഥിരപ്പെടുത്താൻ സഹായിക്കും.

എന്നാൽ ഇതിനർത്ഥം ഭിന്നലൈംഗികതയെയും സ്വവർഗലൈംഗികതയെയും രണ്ട് വിരുദ്ധ സ്ഥാപനങ്ങൾ ആയി മനസ്സിലാക്കണമെന്നല്ല. ഭിന്നലൈംഗികതയുടെ മേൽനിലയും സ്വവർഗ ലൈംഗികതയുടെ കീഴ്നിലയും അവയെ പരസ്പര വൈരുധ്യങ്ങൾ ആക്കുന്നില്ല. എതിർനിലയുടെ ശുദ്ധിയിൽ അഭിരമിക്കുന്നതിലും നല്ലത് ഒരുപക്ഷേ അതിരുകളുടെ കുഴമറിച്ചിലിൽ വിശ്വസിക്കുന്നതായിരിക്കും. എന്നാൽ ഇതിനർത്ഥം ഭിന്നലൈംഗികതയിൽ തുടങ്ങി സ്വവർഗ ലൈംഗികതയിൽ അവസാനിക്കുന്ന ഒരു മഴവില്ലായി ലൈംഗികതാ ചോദ്യങ്ങളെ കാണണം എന്നുമല്ല.  കാരണം

**കേരളത്തിന്റെ ദൃശ്യമണ്ഡലത്തെ നിർണയിക്കുന്ന ഏറ്റവും ശക്തിമത്തായ ഒരൊറ്റ ദൃശ്യം എന്നൊന്നുണ്ടെങ്കിൽ അത് സർവാഭരണ വിഭൂഷിതയായി വഴിയരികിൽ പരസ്യ ഹോർഡിങ്ങിൽ നിൽക്കുന്ന വധുവിന്റേതാണ്. കേരളത്തിലെ ദേശീയ പാതയിലൂടെ യാത്ര ചെയ്യുന്ന ഏതൊരാളും ഒരു മണിക്കൂറിൽ ഏതാണ്ട് അമ്പതിലധികം വധൂ ചിത്രങ്ങൾ പിന്നിടും. പ്രൈം ടൈമിൽ ടെലിവിഷൻ കാണുന്ന ഒരാൾ ഏഴു മിനിറ്റിൽ ഒരു വധൂദൃശ്യം കാണേണ്ടി വരും. സർവാഭരണ വിഭൂഷിതകളായി, നേരെ നോക്കി പുഞ്ചിരിച്ചോ, അകലേക്ക് നോക്കി ആലസ്യത്തിലാണ്ടോ നിൽക്കുന്ന വധു, ഒഴുകുന്ന പുഴ, മേഘം മൂടിയ പർവതം, ആകാശച്ചെരുവിലെ വാനവില്ല് ഇങ്ങനെ അതിസുന്ദരമായ പ്രകൃതി ചിത്രങ്ങളുടെ നടുവിൽ ഒരു സംഭ്രമവും ഇല്ലാതെ നിൽക്കുന്ന വധു. ഈ വധുവിന്റെ അതി ദൃശ്യത എങ്ങനെയാണ് മനസിലാക്കേണ്ടത്?**

അങ്ങനെ ചെയ്യുമ്പോൾ ചോദ്യങ്ങളിൽ നിന്ന് വീണ്ടും രക്ഷപ്പെടുന്നത് ഭിന്നലൈംഗികത ആയിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ ഭിന്നലൈംഗികതയെ നമ്മൾ വിശദീകരിക്കുന്ന രീതി ഒന്ന് മാറ്റിപ്പിടിക്കേണ്ടി വരും. ഹെട്രോനോർമാറ്റിവിറ്റി എന്ന സങ്കല്പനം ഉപയോഗിച്ചാണ് നമ്മൾ പലപ്പോഴും ഭിന്നലൈംഗികതയെ വിശദീകരിക്കാറുള്ളത്. എന്നാൽ ഈ സങ്കൽപനം പലപ്പോഴും കാര്യങ്ങളെ തെളിക്കുന്നതിനേക്കാൾ മറയ്ക്കുക ആണ് പതിവ്. ഒരൊഴുക്കിനും ആയത്തിനും പറയാം എന്നല്ലാതെ അത് എന്തിനെ വിശദീകരിക്കുന്നു എന്നോ ആ സങ്കൽപനം ഉപയോഗിക്കുന്നതോടെ ഭിന്നലൈംഗികതയിലെ ചോദ്യങ്ങൾക്കെല്ലാം ഉത്തരമായി എന്നോ അർത്ഥമില്ല തന്നെ. ഭിന്നലൈംഗികത ഒരു അവസ്ഥയും ഹെട്രോനോർമാറ്റിവിറ്റി ഒരു നോട്ടമോ നിലയോ ആണെന്ന് കരുതുകയുമാകും നല്ലത്. അങ്ങനെ കരുതുമ്പോൾ ഈ നിലയ്ക്ക് ഭിന്നലൈംഗികതയിലും സ്വവർഗ ലൈംഗികതയിലും ഒരേ നിറം



പരസ്യഹോർഡിങ്ങുകളിലെ
സ്ഥിരം വധൂക്കാഴ്ച

കലർത്താം, ഹിംസ ഉൽപ്പാദിപ്പിക്കാം, സ്നേഹം ഇല്ലാതാക്കാം. തൽക്കാലത്തേക്കെങ്കിലും ഹെട്രോനോർമാറ്റിവിറ്റിയെ സുസമ്മതമായ ഉത്തരം എന്ന നിലയിൽ നിന്ന് മാറ്റി നിർത്തിയാൽ ഭിന്നലൈംഗികത ചോദ്യങ്ങൾക്കായി തുറന്നു കിട്ടും. ഈ തുറവി പലതരം സാധ്യതകൾ ഉണ്ടാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ട് സാധ്യതകളെ ഈ ലേഖനം അവതരിപ്പിക്കുന്നു.

1. ഭിന്നലൈംഗികത വ്യത്യാസങ്ങളിലേക്ക് തുറന്നിരിക്കുന്ന ഒരു അസ്ഥിര സംവർഗം എന്ന നിലയിൽ

ആദ്യം ചർച്ച ചെയ്ത ആഖ്യാനവത്കരങ്ങളിലെ അലോസരം നമ്മെ എത്തിക്കുന്ന ഒരു ഇടമാണിത്. കാര്യമായ സാംസ്കാരിക അദ്ധ്വാനം കൊണ്ട് നമ്മൾ കെട്ടിപ്പൊക്കിയും തട്ടിപ്പൊത്തിയും വച്ചിരിക്കുന്ന ഒരു സ്ഥാപനമാണ് വിവാഹം എന്ന് അംഗീകരിക്കുക എന്നതാണ് ഇതിന്റെ ആദ്യ പടി. ആ അദ്ധ്വാനം നമ്മളങ്ങ് നിർത്തിയാൽ 'സ്വാഭാവികമായ' യാതൊന്നും ഇതിൽ പിന്നെ ശേഷിക്കുന്നില്ല എന്ന് തിരിച്ചറിയുക എന്നതാണ് രണ്ടാമത്തെ പടി.

ഒരു ചിന്താ പരീക്ഷണം എന്ന നിലയിൽ നമുക്ക് പരിചയമുള്ള വധുവിനെ ഒരു ഡ്രാഗ് ക്വീൻ ആയി കാണാനാകുമോ എന്ന് ആലോചിക്കാവുന്നതാണ്. കേരളത്തിന്റെ ദൃശ്യമണ്ഡലത്തെ നിർണയിക്കുന്ന ഏറ്റവും ശക്തിമത്തായ ഒരൊറ്റ ദൃശ്യം എന്നൊന്നുണ്ടെങ്കിൽ അത് സർവാഭരണ വിഭൂഷിതയായി വഴിയരികിൽ പരസ്യ ഹോർഡിങ്ങിൽ നിൽക്കുന്ന വധുവിന്റേതാണ്. കേരളത്തിലെ ദേശീയ പാതയിലൂടെ യാത്ര ചെയ്യുന്ന ഏതൊരാളും ഒരു മണിക്കൂറിൽ ഏതാണ്ട് അമ്പതിലധികം വധൂചിത്രങ്ങൾ പിന്നിടും. പ്രൈം ടൈമിൽ ടെലിവിഷൻ കാണുന്ന ഒരാൾ ഏഴു മിനിറ്റിൽ ഒരു വധൂദൃശ്യം കാണേണ്ടി വരും. സർവാഭരണ വിഭൂഷിതകളായി, നേരെ നോക്കി പുഞ്ചിരിച്ചോ, അകലേക്ക് നോക്കി ആലസ്യത്തിലാണ്ടോ നിൽക്കുന്ന



**ജൂഡിത്ത് ബട്ലർ**

വധു. ഒഴുകുന്ന പുഴ, മേഘം മൂടിയ പർവതം, ആകാശച്ചെരുവിലെ വാനവില്ല് ഇങ്ങനെ അതിസുന്ദരമായ പ്രകൃതി ചിത്രങ്ങളുടെ നടുവിൽ ഒരു സംഭ്രമവും ഇല്ലാതെ നിൽക്കുന്ന വധു. ഈ വധുവിന്റെ അതി ദൃശ്യത എങ്ങനെയാണ് മനസിലാക്കേണ്ടത്?

ഡ്രാഗ് കുറച്ചു കൂടി വിധ്വംസകം അല്ലെ എന്നാണ് ചോദ്യമെങ്കിൽ കുറഞ്ഞത് ബട്ലറിനെങ്കിലും ആ കാര്യത്തിൽ ഉറപ്പുണ്ടായിരുന്നില്ല എന്ന് പറയേണ്ടി വരും. മാത്രവുമല്ല 'ഡ്രാഗ് അതിൽ തന്നെ വിധ്വംസകം അല്ല' (1993 : 240) എന്ന് പറയുന്നുമുണ്ട് ബട്ലർ ബോഡീസ് ദാറ്റ് മാറ്ററി'ൽ. പിന്നെ എന്താണ് ഡ്രാഗ് എന്നതിന് ബട്ലർ നൽകുന്ന ഉത്തരം 'അതിന്റെ തന്നെ ആദർശവത്കരണങ്ങളെ ആവർത്തിച്ച അനുകരിക്കാൻ അധീശ ലൈംഗികത നടത്തുന്ന നിരന്തര ശ്രമങ്ങൾ എന്നാണ് (1993 :125). കല്യാണത്തെയും വധുവിനെയും ചുറ്റിപ്പറ്റിയുള്ള എല്ലാ വർത്തമാനങ്ങളെയും ഭിന്നലൈംഗികതയുടെ പെടാപ്പാടായി കാണാം. പറഞ്ഞു കൊണ്ടിരുന്നില്ലെങ്കിൽ മറന്നു പോകാവുന്ന ഒന്നാണ് ഭിന്നലൈംഗികതയുടെ സ്വാഭാവികത എന്ന് തന്നെയാണ് ഇത് കാണിക്കുന്നത്.

2) ഭിന്നലൈംഗികത നടക്കാത്ത കാര്യം എന്ന നിലയിൽ

ഭിന്നലൈംഗികത ശരിക്കും ഭിന്നമായ ഒന്നിനെയും വച്ച് പൊറുപ്പിക്കില്ലെന്നും അതിൽ പുരുഷൻ മാത്രമേ ഉള്ളൂ എന്നും ഭിന്നമായതിന്റെ വ്യത്യാസത്തെ മായ്ച്ചു കളഞ്ഞു കൊണ്ടാണ് അത് നിൽക്കുന്നതെന്നും അത് കൊണ്ട് ഭിന്നലൈംഗികത യഥാർത്ഥത്തിൽ ഏകലൈംഗികത ആണെന്നും ലൂസി ഇറിഗേരെ പറഞ്ഞതിനെ ചുവട് പിടിച്ചാണ് ഇത് പറയുന്നത്. ഇറിഗേരെ പറഞ്ഞ വഴിക്ക് പോയി നോക്കിയാൽ മൂന്ന് കർത്തൃ സ്ഥാനങ്ങൾ ആണ് സ്ത്രീകൾക്ക് ഉള്ളത് 'അമ്മ, കന്യക, വേശ്യ'. 'സ്ത്രീകൾ വിപണിയിൽ' എന്ന ലേഖനത്തിൽ അവർ ഈ സ്ഥാനങ്ങളെ വിശദമാക്കുന്നുണ്ട്. സ്ത്രീവാദത്തിനു ഭാഷ അന്വേഷിച്ച് മാർക്സിസത്തിന്റെ ഭാഷയിൽ കുടുങ്ങിപ്പോയവർക്ക് വേണ്ടി എഴുതപ്പെട്ടത് എന്ന് തോന്നിയേക്കാവുന്ന ഈ ലേഖനത്തിൽ മാർക്സിന്റെ ചരക്കു മുതലാളിത്തം എന്ന സങ്കൽപനത്തെ ആണ് ഇറിഗേരെ ഉപയോഗിക്കുന്നത്. ഇത് വെറും അനുകരണമാണോ മിമിക്രിയാണോ അതോ യുക്തി മാത്രം അടർത്തിയെടുത്തതാണോ എന്നൊക്കെ ചർച്ച നടന്നിട്ടുണ്ട്. എന്തായാലും ഇറിഗേരെ നടത്തുന്നത് ഒരു മാർക്സിയൻ വായനയല്ല മറിച്ച് മാർക്സിന്റെ സ്ത്രീവാദവായനയാണ് എന്ന് കരുതുകയാകും നല്ലത്.

അതിൽ പറയുന്നത് പാട്രിയാർക്കിയിൽ ഉള്ളത് 'സ്ത്രീകളുടെ' വിനിമയം അല്ല 'സ്ത്രീ



**ലൂസി ഇറിഗേരെ**

കളിലെ' വിനിമയം ആണെന്നാണ്. ആണുങ്ങൾക്ക് ആണുങ്ങളോടുള്ള ബന്ധം ഉറപ്പിക്കുന്നതിനുള്ള വിനിമയോപാധിയായി, ഉരകല്ലായി പെണ്ണുങ്ങൾ എങ്ങനെ നിൽക്കുന്നു എന്നാണ്. ആണുങ്ങളുടെ സമ്പദ് വ്യവസ്ഥയിലെ നാണയം ആണ് പെണ്ണുങ്ങൾ എന്നാണ്. സ്ത്രീ ഒരു ഉപഭോഗവസ്തുവാണെന്ന ഒഴുക്കൻ മട്ടല്ല അത്. വിനിമയത്തിന്റെ മൂല്യം നിശ്ചയിക്കുന്നത് സ്ത്രീയാണെന്നാണ്. നാണയത്തിന്റെ വില സ്ത്രീയാണെന്നതാണ്. വിനിമയത്തെ സാമൂഹ്യ ബന്ധങ്ങളുടെ ആകെതുകയായി കാണാമെങ്കിൽ ഇതാ ആ സാമൂഹ്യ ബന്ധങ്ങളുടെ ചക്രവാളം എന്ന് ഇറിഗേരെ കന്യകയെ പരിചയപ്പെടുത്തുന്നു. ഇറിഗേരെയുടെ കന്യകാത്വ സങ്കൽപ്പനം കുറച്ചു വ്യത്യാസമുള്ളതാണ്. ഒരു തരത്തിലുള്ള ശാരീരിക പ്രത്യേകതകളും അല്ല കന്യകയെ നിർവചിക്കുന്നത് മറിച്ചു സാമൂഹ്യ ബന്ധങ്ങൾക്കകത്ത് മാത്രം നിലനിൽക്കുന്ന ഒരു സാധ്യത ആയാണ് ഇറിഗേരെ കന്യകയെ കാണുന്നത്. കന്യക പൂർണമായും ശുദ്ധ വിനിമയമൂല്യവും അമ്മ ശുദ്ധ ഉപയോഗമൂല്യവും ആണ്.

ഇറിഗേരെയുടെ ഈ പദ്ധതിയിൽ 'വേശ്യ' എന്നത് വിധ്വംസകം ആയ ഒരു സങ്കൽപനം അല്ല തന്നെ. സ്വന്തം ഉപയോഗമൂല്യത്തെ വിനിമയ മൂല്യം ആക്കാൻ കഴിയുന്ന ആൾ എന്ന നിലയിൽ ആണ് ഇറിഗേരെ വേശ്യ എന്ന കർത്തൃ നിലയെ കാണുന്നത്. വിമോചകമായ ആനന്ദം ഈ മൂന്നു പേർക്കും പാട്രിയാർക്കിയിൽ അന്യം തന്നെ. എന്നാൽ ഈ ചിന്ത വീട്ടമ്മയ്ക്കും ലൈംഗിക തൊഴിലാളികൾക്കും ഇടയിൽ പെട്ട് നിൽക്കുന്ന സ്ത്രീവാദചിന്തയ്ക്കു പുതിയ ഒരു വഴി തരുന്നുണ്ട്.

കന്യക ശുദ്ധ വിനിമയമൂല്യം ആണ്. മറ്റൊന്നുമല്ല, അവൾ ഒരു സാധ്യതയാണ്, ഒരു സ്ഥലം, അല്ലെങ്കിൽ ആണുങ്ങൾക്കിടയിലെ ബന്ധത്തിന്റെ ഒരു സൂചകം. തന്നിൽ തന്നെ അവൾ നിലനിൽക്കുന്നില്ല, സാമൂഹ്യ വിനിമയങ്ങളിൽ എന്താണോ ഉൾച്ചേർന്നിരിക്കുന്നത് അതിനെ പൊതിഞ്ഞു നിർത്തുന്ന ഒന്നാണവൾ. ഈയർത്ഥത്തിൽ അവളുടെ സ്വാഭാവിക ശരീരം പ്രതിനിധാന ധർമങ്ങളിൽ അപ്രത്യക്ഷമാകുന്നു. ചുവന്ന ചോര അമ്മയുടേതാണ്, പക്ഷെ അതിന് ഈ സാമൂഹ്യക്രമത്തിൽ ഒരു വിലയുമില്ല... സ്ത്രീയിൽ നിന്നും അമ്മയിലേക്കുള്ള ചടങ്ങ് സഞ്ചാരം സാധ്യമാകുന്നത് ആ പൊതിഞ്ഞു നിർത്തലിനെ ഹിംസാൽമകമായി ഭേദിച്ചുകൊണ്ടാണ്. ഒരിക്കൽ ഭേദിക്കപ്പെട്ടു കഴിയുമ്പോൾ അവൾ 'അമ്മ' ആവുകയും ആണുങ്ങൾക്കിടയിലുള്ള വിനിമയങ്ങളിൽ നിന്നു മാറ്റി സ്വകാര്യ സ്വത്തായി മാറുകയും ചെയ്യുന്നു.

ഒറ്റ കേൾവിയിൽ വളരെ പരിചിതവും വളരെ ജീവശാസ്ത്രപരവുമായ ശാരീരിക പ്രത്യേകതകളെ മുൻനിർത്തിയുള്ള സിദ്ധാന്തവൽക്കരണം ആയി ഇത് അനുഭവപ്പെടാമെങ്കിലും, ഭിന്നലൈംഗികതയിൽ ഉൾച്ചേർന്നിരിക്കുന്ന അധികാര അസമത്വത്തെ അഭിമുഖീകരിക്കാൻ ശ്രമിക്കുന്ന ഏതു സിദ്ധാന്തവും എത്തുന്ന ഒരിടം കൂടിയാണ് ഇത്. ഇറിഗേരെ പറയുന്ന ശരീരം സ്വാഭാവികമല്ലെന്നും വിളയിച്ചെടുക്കുന്ന സ്വാഭാവികതയാണെന്നും (cultivated natural), അത് ശരീരത്തെ ഒരു വസ്തു ആയി കാണുന്നില്ലെന്നും തിരിച്ചറിഞ്ഞാലും ഈ സിദ്ധാന്തവത്ക്കരണം പ്രശ്നഭരിതം തന്നെയാണ്. കാരണം അത് ഹെറ്ററോനോർമാറ്റിവിറ്റിയിലെ norm എന്താണ് എന്നാണ് ചോദിക്കുന്നത്. ആപൽക്കരമാം വിധം അടുത്ത് നിന്ന് ആ ചോദ്യം ചോദിക്കുന്നത് കൊണ്ട് ഇത് അത് തന്നെയാണോ എന്ന സംശയവും ഉണ്ടാക്കുന്നു. എന്നിരുന്നാലും കന്യകയിൽ നടക്കുന്ന ആദിമ വിനിമയം ആണ് സാമൂഹ്യ ബന്ധനങ്ങൾ സാധ്യമാക്കുന്നത് എന്ന കണ്ടെത്തൽ ഭിന്നലൈംഗികതയെ വീണ്ടും എന്തിന് അഴിച്ചു പരിശോധിക്കണം എന്നതിന് ഉത്തരവും ആകുന്നുണ്ട്.

പരസ്യ ഹോർഡിങ്ങിലെ വധു സ്ത്രീകളുടെ വസ്തുവൽക്കരണത്തിന് ആക്കം കൂട്ടുന്നു എന്ന ഫെമിനിസ്റ്റായി തോന്നുന്ന മാർക്സിസ്റ്റ് വായനയിൽ നിന്നും അണിഞ്ഞിരിക്കുന്ന സ്വർണത്തിനു മൂല്യം നൽകുന്നത് വധുവാണ് എന്ന് നോട്ടത്തെ തിരിച്ചിടണം. അപ്പോൾ നമ്മൾക്ക് വധുവിന്റെ പരസ്യ ചിത്രത്തിന് തൊട്ടപ്പുറത്ത് റിയൽ എസ്റ്റേറ്റ് കമ്പനികളുടെ പരസ്യങ്ങൾ എങ്ങനെ വരുന്നുവെന്നും ആദ്യരാത്രിയിലെ മണിയറ എങ്ങനെ പിറ്റേ ദിവസം മാസ്റ്റർ ബെഡ്റൂമായി മാറുന്നുവെന്നതിനെ കുറിച്ചും അറിഞ്ഞു കഴിഞ്ഞതിന്റെ ആലസ്യമില്ലാതെ ചോദ്യങ്ങൾ ചോദിക്കാം. പറഞ്ഞു വന്നത് ഭിന്ന ലൈംഗികതയോടു നമ്മൾ ചോദ്യം ചോദിച്ചു തുടങ്ങിയിട്ടേ ഉള്ളൂ എന്നാണ്.


Butler, J. (1993). Bodies That Matter: On the Discursive Limits of Sex. New York: Routledge.

Irigaray, L. (1985b). This Sex which is Not One. Ithaca, NY: Cornell University Press.

Rich, A. (1999). Compulsory Heterosexuality and Lesbian Existence. In R. Parker & A. Peter (Eds.), Culture Society and Sexuality : A Reader (pp. 199–226). London: UCL Press.

Wilkinson, S., & Kitzinger, C. (1993).Theorizing Heterosexuality. In S. Wilkinson & C. Kitzinger (Eds.), Heterosexuality: A Feminism & Psychology Reader (pp. 1–33). London: Sage Publications.


■



**ജി. ഉഷാകുമാരി**
എഴുത്തുകാരി
മലയാള വിഭാഗം അദ്ധ്യാപിക
കെ.കെ.ടി.എം. കോളേജ്
കൊടുങ്ങല്ലൂർ

# താലിച്ചരട് എന്ന മൂക്കുകയർ

ശരാശരി മധ്യവർഗമലയാളിജീവിതത്തിൽ വിവാഹവുമായി ബന്ധപ്പെട്ട ബാധ്യതകളും സങ്കൽപങ്ങളും മോഹങ്ങളും ഏറെയും സ്വർണവുമായി ബന്ധപ്പെട്ടാണ്. മഞ്ഞനിറത്തിലുള്ള ഈ ലോഹത്തിന്റെ മൂല്യം സാമ്പത്തികമെന്നപോലെതന്നെ സാംസ്കാരികവുമായി മലയാളി തിരിച്ചറിയുന്നുണ്ട്. സ്വർണാഭരണങ്ങളിൽ വെച്ച് താലി വിവാഹത്തിന്റെ കേന്ദ്രബിന്ദുവായി മാറുന്നതങ്ങനെയാണ്. കാമുകനെ ഉപേക്ഷിക്കേണ്ടിവന്ന, ഇഷ്ടമില്ലാത്ത വിവാഹത്തിനു നിർബന്ധിക്കപ്പെട്ട്, വിവാഹവേദിയിൽ അശരണയും ദു:ഖിതയുമായിരിക്കുന്ന നായികയുടെ കഴുത്തിലേക്ക് അതിവേഗം പാഞ്ഞു പറന്നു വന്ന് താലികെട്ടുന്ന രജനീകാന്ത് പ്രേക്ഷകരുടെ ചങ്കിടിപ്പു കൂട്ടുന്നതങ്ങനെയാണ്. താലികെട്ടിയ ആൾ തന്നെ എല്ലാ അർത്ഥത്തിലും 'മുതലാ'ളി! താലിച്ചരടിൽ/ മാലയിൽ കോർത്ത ലോഹത്തകിടിന്റെ ആകൃതി സ്ത്രീശരീരത്തെ പ്രതീകവൽക്കരിച്ചുകൊണ്ട് ആ ഉടമസ്ഥതയെ ഉറപ്പിച്ചെടുക്കുന്നുണ്ട്. താലി അറ്റുപോകുക ഒരു പെണ്ണിനെ സംബന്ധിച്ചിടത്തോളം ജീവിതം അറ്റുപോകലായി കണ്ടുവരുന്ന പാരമ്പര്യത്തിനു മുന്നിൽ അത് വെറും ഒരാഭരണമല്ല തന്നെ!



കുട്ടിക്കാലത്ത് പെണ്ണുങ്ങളായ ബന്ധുക്കൾക്കിടയിൽ കണ്ടിട്ടുള്ള ഒരഭ്യാസം ഓർത്തുപോകുന്നു. വിവാഹാവസരങ്ങളിൽ ഇട്ടിരിക്കുന്ന മാലയിൽ നിന്നും താലി മറ്റൊരു മാലയിലേക്ക് കൊളുത്താൻ വേണ്ടി രണ്ടു പേരുടെ സഹായത്തോടെ ചെയ്യുന്ന ക്ലേശകരമായ ഒരു പണിയാണത്. താലി തൊണ്ടക്കുഴിയിൽ തന്നെ അമർത്തിപ്പിടിച്ച് വെയ്ക്കും. പുറകിൽ നിന്ന് കൊളുത്തടർത്തി മാല താലിയുടെ നടുവിലെ ദ്വാരത്തിലൂടെ ഊരിയെടുത്ത് ശേഷം ഇടാനുദ്ദേശിച്ച മാലയുടെ അറ്റം അതേ ദ്വാരത്തിലേക്ക് അടുപ്പിച്ചു പിടിച്ച് സൂക്ഷിച്ചു കേറ്റും. മൊത്തത്തിൽ മാല കഴുത്തിൽ നിന്നും ഊരി സൗകര്യമായി ചെയ്യാവുന്ന കാര്യം ഇത്ര കഷ്ടപ്പെട്ട് ഒരു നിമിഷം പോലും താലിയുടെ സ്പർശം കഴുത്തിൽ നിന്നകലാതെ വെച്ച് 'മംഗല്യവതി'കളായിരിക്കാനാണ് ഈ പരാക്രമമത്രയും! ഇതു ഞാൻ പിറന്ന തമിഴ് തട്ടാന്മാരുടെ സമുദായത്തിലെ കാര്യം മാത്രമാണോ എന്നറിയില്ല. 'അറുതലീ' (താലി അറുത്തവൾ വിധവ) എന്ന വാക്കാണ് തന്റെ കുട്ടിക്കാലത്ത് ഏറ്റവും വലിയ തെറിയായി കേട്ടിരുന്നതെന്ന് അമ്മ പറഞ്ഞതോർക്കുന്നു. താലി എല്ലാ ജാതിക്കാർക്കും ഒരേ വിധമല്ല. ആകൃതിയും പണിത്തരവുമൊക്കെ വ്യത്യസ്തമാണ്. ഈഴവർക്കിടയിൽ ചെറുക്കന്റെ പെങ്ങളാണ് താലി കെട്ടിയിരുന്നതത്രേ. ചേരമാൻ പെരുമാളെ സഹായിക്കാനായി ശ്രീലങ്കയിൽ നിന്നയക്കപ്പെട്ട ഈഴവസൈന്യത്തോട് രാജാവു



നിർദ്ദേശിച്ചത് ഇവിടെ സ്ഥിരതാമസമാക്കരുതെന്നായിരുന്നത്രേ. ആയതുകൊണ്ട് വിവാഹച്ചടങ്ങിന്റെ ഭാഗമായ താലികെട്ടൽ പെങ്ങളാണ് ചെയ്തിരുന്നതെന്ന് ചില ചരിത്രകാരന്മാർ വാദിക്കുന്നു. ഒരു പെണ്ണിന്റെ താലിമാല വേറൊരുത്തി ഇട്ടുകൂടാ എന്നാണു പ്രമാണം. ഏകദാമ്പത്യവ്യവസ്ഥയിലെ ലൈംഗികത, സദാചാരം തുടങ്ങിയ ഘടകങ്ങളിലുറച്ച മൂല്യഭേദങ്ങളിലാണതിന്റെ അടിത്തറയെന്നു വ്യക്തം. തമിഴ് തട്ടാന്മാരുടെയിടയിൽ താലിക്കു പൊന്നുരുക്കുന്നത് ചെറുക്കന്റെ വീട്ടിൽ വലിയ ചടങ്ങോടെയാണ്.

വടക്കേ മലബാറിലെ ദേശീയപ്രസ്ഥാനത്തിലെ കരുത്തുറ്റ നേതാവായ കമലാബായി പ്രഭുവിന്റെ കഥയിലും താലി സ്വാഭിമാനത്തിന്റെ സങ്കീർണമായ ഒരു വ്യവഹാരമായി മാറുന്നുണ്ട്. ദേശീയ സിവിൽ നിയമലംഘനത്തിന്റെ ഭാഗമായി അറസ്റ്റു ചെയ്യപ്പെട്ട കമലാബായിക്ക് ആറുമാസത്തെ തടവും 1000 രൂപ പിഴയുമാണ് മജിസ്ട്രേറ്റ് ഡോഡ്വെൽ വിധിച്ചത്. പിഴ ഒടുക്കുന്നില്ലെന്നു പറഞ്ഞ കമലാബായിയോട് മജിസ്ട്രേറ്റ് ആഭരണങ്ങൾ അഴിച്ചുവെയ്ക്കാൻ ആവശ്യപ്പെട്ടു. എന്നാൽ കമ്മലും മാലയും മാത്രം അഴിച്ചുവെച്ച കമലാബായിയുടെ താലികൂടി പൊട്ടിച്ചെടുക്കാൻ മജിസ്ട്രേറ്റ് ഉത്തരവിട്ടു. അതു വലിയ പ്രതിഷേധത്തിനിടയാക്കി. താലി തിരിച്ചുകൊടുക്കാൻ സർക്കാർ ഉത്തരവിട്ടു. എന്നാൽ താലിമാല സ്വീകരിക്കാൻ കമലാബായി തയ്യാറായില്ല. ഒടുവിൽ മജിസ്ട്രേറ്റ് ഡോഡ്വെൽ മേലധികാരിക്കു മാപ്പെഴുതിക്കൊടുത്താണ് പ്രശ്നങ്ങൾ ഒതുക്കിത്തീർത്തത്. തമിഴ്നാട്ടിൽ പെരിയോർ തുടങ്ങിവെച്ച സ്ത്രീമുന്നേറ്റത്തിന്റെ രാഷ്ട്രീയത്തെ പുനരാനയിച്ചുകൊണ്ട് ഈയടുത്തകാലത്തായി താലിപൊട്ടിച്ചെറിയൽ നടന്നതും നാം പത്രങ്ങളിൽ വായിച്ചിരുന്നു. അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കേരളത്തിലെ ഞാറ്റുവേല എന്ന സാംസ്കാരിക സംഘം സദാചാരപോലീസിംഗിനെതിരെ സംഘടിപ്പിച്ച പ്രതിഷേധയോഗത്തിൽ താലി പൊട്ടിച്ചെറിഞ്ഞു.

**ക്ഷമാപണം**



**ബിന്ദു അമ്മിണി**

മാർച്ച് മാസം സംഘടിതയുടെ ചില കോപ്പികളിൽ 'ശബരിമല കയറിയ ദലിത് സ്ത്രീകൾ' എന്ന ലേഖനത്തിൽ ശ്രീമതി ബിന്ദു അമ്മിണിയുടെ ഫോട്ടോ തെറ്റായി കൊടുത്തു പോയതിൽ ഖേദിക്കുന്നു

***പത്രാധിപ***

ലേഖനം



**സുനില ജി.**
ഗവേഷക, മലയാള വിഭാഗം
ഗവ. സംസ്കൃതകോളേജ്,
പട്ടാമ്പി

# നവോത്ഥാനമലയാളകവിതയിലെ ഗഹനപരിസ്ഥിതിബോധം

പാരിസ്ഥിതികമായ അവബോധം വളർന്നു വികസിച്ച കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. 1970 കളിലാണ് കേരളത്തിൽ പാരിസ്ഥിതികമായ ഒരവബോധം സൈദ്ധാന്തികാടിസ്ഥാനത്തിൽ രൂപപ്പെട്ടുതുടങ്ങിയത്. പുതിയതരത്തിലുള്ള പാരിസ്ഥിതിക ഭാവുകത്വം സമൂഹത്തിൽ വ്യാപിക്കുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ ജീവിച്ചവരാണ് ആശാൻ (1873-1924), ഉള്ളൂർ (1877-1949), വള്ളത്തോൾ (1878-1958) എന്നീ നവോത്ഥാനകവികൾ. പ്രകൃതി പരാമർശങ്ങൾ പശ്ചാത്തലമായും വർണ്ണനകളായും സദൃശകൽപനകളായും ഇവരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ആശാൻ, വള്ളത്തോൾ എന്നിവരിൽ നിന്നും വ്യത്യസ്തമായി ഉള്ളൂർക്കവിതകളിൽ കാണുന്ന പാരിസ്ഥിതിക അവബോധത്തെക്കുറിച്ച് ഒരന്വേഷണമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

ആശാന്റെ 'വീണപൂവിൽ' പ്രകൃതിയിൽ മനുഷ്യത്വം ആരോപിക്കുന്ന രീതിയാണുള്ളത്. 'ഒരു സിംഹപ്രസവം' എന്ന കവിത സ്വന്തം ആവാസവ്യവസ്ഥയിൽ നിന്നും പറിച്ചുമാറ്റപ്പെട്ട മൃഗത്തിന്റെ വ്യഥകളുടെ ആവിഷ്ക്കാരമാണ്. മൃഗശാലയിലെ കൂട്ടിനകത്ത് പ്രസവിക്കുന്ന സിംഹിണി കാടിന്റെ ഓർമ്മകളിലൂടെ സഞ്ചരിക്കുന്നു. നളിനിയും ലീലയും ബാലരാമായണവും ചിന്താവിഷ്ടയായ സീതയും കരുണയും പ്രകൃതി സൗഹൃദപരമായിത്തന്നെയാണ് ആശാൻ രചിച്ചിരിക്കുന്നത്. ഇവയിൽ പലപ്പോഴും പ്രകൃതി വർണ്ണനാപ്രധാനമായിട്ടാണ് ഒതുങ്ങുന്നത്.

നവോത്ഥാനത്തിനും ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും സ്വാതന്ത്ര്യ പ്രാപ്തിക്കും നവകേരളപിറവിക്കും ഒരുപോലെ സാക്ഷ്യം വഹിച്ച വള്ളത്തോളിന്റെ കവിതകളിലെ പ്രകൃതിയും വർണ്ണനാപ്രധാനമാണ്. ദണ്ഡകാരണ്യം, വിലാസലതിക, ഗ്രാമസൗഭാഗ്യം, കാറുകണ്ട കർഷകൻ തുടങ്ങിയ കൃതികളിൽ ഋതുവർണ്ണനകൾ കാണാം. ശരണമയ്യപ്പാ എന്ന കൃതി മനോഹരമായ വനവർണ്ണനയുടെ ആവിഷ്ക്കാരമാണ്. കൂടാതെ സത്യഗാഥ, ഒരു ദിനാന്ത സഞ്ചാരം, മാതൃവന്ദനം, ഭാരതപ്പുഴ, വിജയിപ്പൂതാക, തിരൂർ-പൊന്നാനിപ്പുഴ, സുദിനം തുടങ്ങി വള്ളത്തോൾ കവിതകളിലെല്ലാം തന്നെ വർണ്ണനകളായോ പശ്ചാത്തലമായോ മാത്രമാണ് പ്രകൃതിയും പ്രകൃതിഘടകങ്ങളും കടന്നുവരുന്നത്. 'ഒരു വിവാഹോത്സവം' എന്ന കവിതയിൽ പ്രകൃതി വർണ്ണനയിൽ നിന്ന് വള്ളത്തോൾ കവിത പ്രകൃതിബോധത്തിലേക്ക് പരിണമിക്കുന്നതായി കാണാം. യുദ്ധവും സാമ്രാജ്യദാഹവുമാണ് കവിത പ്രമേയമാക്കുന്നതെങ്കിലും

> 'നൂനം പ്രകൃതിയെക്കീഴടക്കിയെന്നഭി-
> മാനിച്ചു വിശ്വം മുടിക്കും വിദഗ്ദ്ധരേ,
> തെല്ലുമൊന്നോർക്കാതിരിക്കപ്പെുറപ്പെടും
> വെള്ളക്കയറ്റമോ, മന്നിൻകുലുക്കമോ,
> അഗ്നിശൈലത്തിൽ പിളർപ്പോതടുക്കുവാൻ
> ശക്തമോ, നിങ്ങൾ തൻ വിജ്ഞാനവൈഭവം'

(2003:418)

എന്നിങ്ങനെ മനുഷ്യൻ പ്രകൃതിയെ കീഴടക്കിയന്നഹങ്കരിച്ചാലും വെള്ളപ്പൊക്കമോ ഭൂമികുലുക്കമോ അഗ്നിപർവ്വത സ്ഫോടനമോ തടുക്കാൻ മനുഷ്യനാവില്ലെന്ന് കവിത വ്യക്തമാക്കുന്നു. യുദ്ധതന്ത്രങ്ങൾ പ്രമേയമാക്കുന്ന ഈ കവിതയെ പുതിയ ജീവിത സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പാരിസ്ഥിതികമായ വായനയ്ക്ക്

വിധേയമാക്കാമെന്നു മാത്രം.

'നിന്നുള്ളിലെ വിഷത്തീതന്നെ പോരെയോ
മന്നാകെ വേകുവാൻ മാനുഷസർപ്പമേ?
പിന്നെയെന്തിന്നു നീ ബാഹ്യമാകും വിഷം
ചിന്നിക്കുവത, തു പാഴ്ച്ചെലവല്ലയോ?
(2003:417)

എന്നിങ്ങനെ പ്രകൃതിയിൽ രാസവിഷങ്ങൾ തൂകുന്ന മനുഷ്യൻ തന്നെയാണ് മാരകവിഷം എന്ന തിരിച്ചറിവ് കവിതയിൽനിന്നും വായിച്ചെടുക്കാം. ഇത്തരത്തിൽ പ്രകൃതിബോധത്തിന്റെ സൂചനകൾ ചില കവിതകളിൽ കാണാമെന്നതൊഴിച്ച് അത് സൈദ്ധാന്തികതലത്തിലേക്ക് വള്ളത്തോളിൽ വികസിക്കുന്നില്ല.

സംസ്കൃതസാഹിത്യമാതൃക പിൻതുടർന്ന് കാവ്യരചന നടത്തിയ ഉള്ളൂർ പ്രകൃതി സൗന്ദര്യവർണ്ണനയ്ക്കൊപ്പം തന്നെ പ്രകൃത്യവബോധമുള്ള കവിതകളുമെഴുതിയിട്ടുണ്ട്. ആശാന്റെയും വള്ളത്തോളിന്റെയും കവിതകളിൽ പ്രകൃതിസൗന്ദര്യവർണ്ണനകളാണ് നിറഞ്ഞിരുന്നതെങ്കിൽ ഉള്ളൂർ അതിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കുന്നതായി കാണാം. പ്രകൃതിയെ മനുഷ്യൻ അടിച്ചമർത്തുന്നു എന്നും അതു മനുഷ്യന്റെ തന്നെ നാശത്തിനാണെന്നും ഉള്ളൂർ പല കവിതകളിലൂടെയും വ്യക്തമാക്കുന്നുണ്ട്.

മനുഷ്യൻ, ഇതരജീവജാലങ്ങൾ എന്ന വേർതിരിവുകൾക്കപ്പുറം പ്രകൃതിയെന്ന ഒറ്റ ഘടകത്തിൽ വിശ്വസിക്കുന്നു കവി. മനുഷ്യന്റെ സുഖമോഹവും ലാഭമോഹവും വ്യക്തമാക്കുന്ന നിരവധി കവിതകൾ ഉള്ളൂർ രചിച്ചിട്ടുണ്ട്. സ്വന്തം സുഖത്തിനുവേണ്ടി സ്വകുലത്തെ വിൽക്കുന്ന മനുഷ്യമനോഭാവത്തെയാണ് 'സുഖംസുഖം' എന്ന കവിത വ്യക്തമാക്കുന്നത്. മനുഷ്യരുടെ സുഖത്തിനായി പ്രകൃതിയെ മഥിക്കാൻ തയ്യാറാകുന്ന മാനുഷിക വികാരങ്ങളെ കവിത പ്രതിനിധാനം ചെയ്യുന്നു.

'ഒരച്ഛനമ്മയ്ക്കു പിറന്ന മക്കൾ
ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം' (627)

എന്ന വരികൾ പ്രപഞ്ചത്തെ ഒറ്റകേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്നു. പ്രകൃതിയിലെ ഓരോ ഘടകങ്ങൾക്കും തുല്യപ്രാധാന്യമാണുള്ളതെന്ന ഗഹനപരിസ്ഥിതിവാദ ചിന്ത തന്നെയാണിത്. പാരിസ്ഥിതിക അവബോധത്തിന്റെ കാലഘട്ടത്തിൽ ഇത്തരം ചിന്തകൾ സിദ്ധാന്തവൽക്കരിക്കപ്പെട്ടു എന്നുമാത്രം. ഇറുക്കുന്നവന് മലർ ഗന്ധമേകുകയും വെട്ടുന്നവന് വൃക്ഷം ചൂടകറ്റുകയും ഹനിക്കുന്നവനുവേണ്ടി കിളികൾ പാട്ടുപാടുകയും ചെയ്യുന്ന ലോകത്തിൽ മനുഷ്യൻ മാത്രം സ്വന്തം സുഖത്തിനായി നിലനിൽക്കുന്നു എന്ന് കവി വ്യക്തമാക്കുന്നു.

'പ്രേമസംഗീതം' എന്ന കവിതയും പ്രകൃതിയിൽ പ്രേമമെന്ന ഒറ്റ മതമേയുള്ളൂ എന്ന വിശ്വമാനവികതാസങ്കല്പം അവതരിപ്പിക്കുന്നു. ചരാചരങ്ങളായ സഹജീവികളോടുള്ള സമഭാവനയാണ് ഈ കവിതയും ആവശ്യപ്പെടുന്നത്.

മനുഷ്യശത്രുതയിൽ നിന്നുണ്ടായ ആറ്റം ബോംബ് പ്രകൃതിയെയും മനുഷ്യനെയും ചുട്ടു വെണ്ണീറാക്കുമെന്ന് ഓർമ്മിപ്പിക്കുന്നു 'ആറ്റം ബോംബ്' എന്ന കവിത.

'പറവിൻ! ഞാൻ നിങ്ങൾക്കതിന്നുമുൻപിലി
ദ്ധരണിയെച്ചുട്ടുപൊടിച്ചു നൽകട്ടെ?
കുരുക്കില്ലങ്ങൊരു ചെറുപുല്ലും മേലിൽ,
മറുതലപൊക്കാൻ പഴുതുണ്ടോ പിന്നെ'
(1288)

എന്നിങ്ങനെ ആറ്റംബോംബ് പ്രകൃതിയെ നശിപ്പിക്കുമെന്ന് കവിത സൂചന നൽകുന്നു. ശത്രുതയും യുദ്ധവുമുപേക്ഷിച്ച് പ്രപഞ്ചം മുഴുവൻ ഒരു കുടുംബമെന്ന രീതിയിൽ കഴിഞ്ഞാൽ മാത്രമെ പ്രപഞ്ചവും മനുഷ്യനും നിലനിൽക്കുകയുള്ളൂ എന്ന ദർശനമാണ് കവിത മുന്നോട്ട് വയ്ക്കുന്നത്.

'ശരീരപദ്ധതി' എന്ന ശ്ലോകത്തിലും പ്രകൃതി ഒന്നാണ് എന്ന സങ്കല്പം ഉള്ളൂർ അവതരിപ്പിക്കുന്നുണ്ട്.

'തനിക്കു മാത്രമായല്ലീ-ദ്ധാത്രി
നിർമ്മിച്ചതീശ്വരൻ,
എന്ന തത്ത്വം ഗ്രഹിച്ചീടി-ലേവനും
മിതഭോഗിയാം.' (997)

എന്നുവ്യക്തമാക്കുന്നു. തനിക്കുമാത്രം ദൂർത്തടിക്കാനുള്ളതാണ് പ്രപഞ്ചമാകെയും എന്ന സമീപനത്തോടെ ഭൂവിഭവങ്ങളെ അമിതമായുപയോഗിക്കുന്ന മനുഷ്യരീതികളെ ഈ ശ്ലോകം അടയാളപ്പെടുത്തുന്നു. ഭൂമി തനിക്കു മാത്രമുള്ളതല്ല എന്ന തിരിച്ചറിവിലൂടെ മാത്രമേ പ്രകൃതിയെ നാശത്തിൽ നിന്നും രക്ഷിക്കാനാവൂ. സർവ്വചരാചരങ്ങൾക്കും അവകാശപ്പെട്ടതാണ് പ്രകൃതിയെന്ന ഗഹനപരിസ്ഥിതിവാദ ചിന്തയുടെ പൂർവ്വചിന്തകളായി ഈ കവിതയെ വിലയിരുത്താം.

'താരകോപദേശം' എന്ന കവിതയിലാകട്ടെ പെറ്റമ്മയെ; ഭൂമിയെ കണ്ണീരിൽ മുക്കല്ലെ എന്ന് താരകങ്ങൾ മനുഷ്യനെ ഉപദേശിക്കുന്നു.

'കീശസന്ദേശം' എന്ന കവിതയിൽ കുരങ്ങനാണ് കേന്ദ്രമാകുന്നത്. ഭൂമിദേവി ആദ്യം കുരങ്ങുവർഗ്ഗത്തെ സൃഷ്ടിക്കുകയും അവയാൽ ഭൂമിക്ക് ഉയർച്ച ലഭിക്കില്ലെന്ന ബോധ്യത്താൽ മറ്റൊരു വിശിഷ്ടജീവിയെ സൃഷ്ടിക്കുകയും ചെയ്യുന്നു.

'അതാണു മാനുഷൻ; അവന്റെ സൃഷ്ടിയാൽ
കൃതാർത്ഥമാനിയായ്ച്ചമഞ്ഞ ലോകേശൻ
കിരീടവും സിംഹാസവും ചെങ്കോലും
ധരിത്രിവാഴുവാനവന്നു നൽകിനാൻ' (854)

അങ്ങനെ ധരിത്രിയുടെ അവകാശം കുരങ്ങനിൽനിന്ന് മനുഷ്യനിലെത്തുന്നു. അധികാര നഷ്ടത്തിനാൽ കാടിലേക്ക് പോയ കുരങ്ങുവർഗ്ഗം

മനുഷ്യ പ്രവൃത്തികളിലേക്ക് ചുഴിഞ്ഞുനോക്കുന്നു. വിശേഷബുദ്ധിയും വിചാരശക്തിയും വിചിത്രസിദ്ധികളും ലോകേശൻ മനുഷ്യർക്കു നൽകിയിരുന്നു.

'പുകക്കപ്പലിന്നു കടലെറുമ്പുചാൽ;
ഗഗനവീഥിക്കു ഗരുഡനെയ്റോപ്ലേൻ;
വയർലെസ്സർപ്പിക്കും ശ്രുതി മഹാത്ഭുതം;
"സയൻസി"നാൽ മർത്ത്യൻ സമഗ്രവീര്യവാൻ
(854)

എന്നിങ്ങനെ പുരോഗമനത്തിലേക്കു കുതിക്കുന്നു മനുഷ്യൻ. പുതിയ പുതിയ വികസന സംരംഭങ്ങൾക്ക് രൂപം നൽകുന്ന മനുഷ്യസ്വാർത്ഥത മനുഷ്യവർഗ്ഗത്തിനും മറ്റു ചരാചരങ്ങൾക്കും പ്രകൃതിക്കൊന്നാകെയും നാശമുണ്ടാക്കുന്നു.

ഇത്തരത്തിൽ മനുഷ്യന്റെ ദുരാഗ്രഹങ്ങളെയും സ്വാർത്ഥചിന്തകളെയും വിവരിച്ച കുരങ്ങൻ തന്റെ ആക്രോശം നിർത്തിയെന്നും നിന്നെപ്പറ്റി തുറന്നുപറയുന്നവരെ തുറിച്ചു നോക്കേണ്ടതില്ലെന്നും അഭിപ്രായപ്പെടുന്നു. ഭൂമി എല്ലാവരുടെയും പെറ്റമ്മയാണന്നും മനുഷ്യനെപ്പോലെ ഇതരജീവികൾക്കും ഇവിടെ സ്ഥാനമുണ്ടെന്നും മനുഷ്യഹൃദയങ്ങൾ തമ്മിലും ഇതരജീവികൾ തമ്മിലും പരസ്പരം ഇണങ്ങട്ടെ എന്നും കുരങ്ങൻ പറയുന്നു. മക്കൾ അമ്മയുടെ മാറിടത്തെ പോർക്കളമാക്കുന്നു.

'ഇതോ ധരിത്രിതൻ പുരോഗതി? നിങ്ങൾ-
ക്കിതോ ജനിത്രിതൻ വരിവസ്യാവിധി?' (855)
എന്ന് ചോദ്യം ചെയ്യുന്നു.

മനുഷ്യകുലത്തിന്റെ പരാക്രമങ്ങൾ അതിരുകടന്നതിനാൽ അവരെ മുടിച്ചുകളയേണ്ട ഘട്ടത്തിലെത്തിയിരിക്കുന്നു എന്നും കുരങ്ങൻ വ്യക്തമാക്കുന്നു. ഭൂമിയെ സ്വർഗ്ഗത്തിനുമേലെയാക്കുവാനായാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതെങ്കിലും മനുഷ്യൻ ഭൂമിയെ; അമ്മയെ ചിത്രവധം ചെയ്യുന്നു. മനുഷ്യൻ പ്രകൃതിക്കുമേൽ നടത്തുന്ന അക്രമങ്ങൾ ഇത്രത്തോളം വർദ്ധിച്ചിട്ടില്ലാത്ത കാലഘട്ടത്തിൽ പ്രകൃതിനശീകരണത്വര വർദ്ധിക്കുന്നതാണ് ഉള്ളൂർ ക്കവിതയിലവതിരിപ്പിക്കപ്പെടുന്നത്.

'ഹൃദയകൗമുദി' എന്ന സമാഹാരത്തിലെ 'പുല്ലിന്റെ ചൊല്ല്' എന്നു കവിത പ്രകൃതിയിൽ പുല്ലിനുള്ള പ്രാധാന്യത്തെ വ്യക്തമാക്കുന്നു. അതോടൊപ്പം പുല്ലുകളെ നശിപ്പിക്കുന്ന മനുഷ്യമനോഭാവവും അവതരിപ്പിക്കുന്നു.

'നിങ്ങൾക്കും ഞങ്ങൾക്കും വന്ദ്യയായുള്ളൊരു
മങ്ഗലരൂപിണി മേദിനിയെ
പച്ചവില്ലീസുടയാടയണിയിച്ചു
മെച്ചത്തിൽ വാഴുന്നു തുച്ഛർ ഞങ്ങൾ
പാരക്കോൽ, മൺവെട്ടി, കൂന്താലിയിമ്മട്ടിൽ
ഘോരമാമായുധ മോരോന്നേന്തി
കുത്തിയും വെട്ടിയും കീറിയും മാന്തിയും
നിത്യത നിങ്ങളും നിർവഹിച്ചു.' (958)

എന്നിങ്ങനെ പുല്ലുകൾ ഭൂമിക്ക് കഞ്ചുകമാകുമ്പോൾ ആയുധങ്ങളാൽ അതിനെ വെട്ടി മുറിക്കുന്നു മനുഷ്യൻ. കൂടാതെ 'പുല്ലുകൾ പുല്ലുകൾ' എന്ന് പുച്ഛിക്കുന്നതെന്തിനെന്നും പുല്ലുകൾ ചോദിക്കുന്നു. മരുഭൂമിയിലെ കഠിനവെയിലിൽ നട്ടംതിരിയുമ്പോഴേ, നിങ്ങൾ പുല്ലിന്റെ വിലയറിയൂ എന്നും വർണ്ണങ്ങളിൽ ഉത്തമം പച്ചയാണെന്നും പുല്ലുകൾ വ്യക്തമാക്കുന്നു. പശുക്കൾക്ക് തീറ്റയായും വൈദിക കർമ്മങ്ങൾക്ക് ആയുർവേദ ആവശ്യങ്ങൾക്കും പുല്ലുകളെ ആവശ്യമുണ്ടെങ്കിലും അവയെ കാൽച്ചവിട്ടിനാൽ കഷ്ടപ്പെടുത്തുകയും കണ്ഠത്തിൽ കത്തിവയ്ക്കുകയും ചെയ്യുന്നു.

'സോദരനല്ലീ നാമേവരും? ഒന്നല്ലീ
താതനും മാതാവും നമ്മൾക്കെല്ലാം?' (962)

എന്ന വിശ്വദർശനമാണ് പുല്ലുകൾ പ്രകടിപ്പിക്കുന്നത്. ഇത്തരത്തിൽ ചരാചരങ്ങൾക്കെല്ലാം തുല്യപദവിയാണുള്ളതെന്ന് പുല്ലുകൾ വ്യക്തമാക്കുന്നു. എല്ലാ സസ്യജന്തുജാലങ്ങളും പ്രകൃതിയിൽ തുല്യരാണെന്ന ബോധമുണ്ടാവുന്നതിന് ദൈവം മനുഷ്യന് ബുദ്ധി നൽകട്ടെ എന്നാണ് പുല്ലുകൾ കരുതുന്നത്.

ബുദ്ധിജീവിയെന്നഹങ്കരിക്കുന്ന മനുഷ്യന്റെ ബുദ്ധിശൂന്യതയാണ് കവിത വെളിപ്പെടുത്തുന്നത്. അതോടൊപ്പം പുതിയ പാരിസ്ഥിതിക ചിന്താപദ്ധതികളിലൊന്നായ ഗഹനപരിസ്ഥിതിവാദവുമായി ഈ കവിതയെയും ചേർത്തുവായിക്കാം. നാം നിസ്സാരമെന്നു കരുതുന്ന പുല്ലിനു പോലും പ്രകൃതിയിൽ അതിന്റേതായ ധർമ്മങ്ങളും സ്ഥാനങ്ങളുമുണ്ടെന്ന് കവിത ഓർമ്മിപ്പിക്കുന്നു.

'തരംഗിണി' എന്ന സമാഹാരത്തിലെ 'ഗാഥാഞ്ജലി' എന്ന കവിത കേരളത്തെ പ്രതിനിധീകരിക്കുന്നു. കേരളത്തെ മാതാവായി, ദേവിയായി കാണുന്ന രീതിയിൽ പരിവർത്തനമുണ്ടാവുകയും പലവിധത്തിലും പ്രകൃതിയെ നശിപ്പിക്കുകയും ചെയ്യുന്നു.

'വെൺമയും ശൈത്യവും മാധുര്യവുമാർന്നോ-
രമ്മിഞ്ഞപ്പാലുകൊണ്ടമ്മ മേലേ
കാളിച്ച നമ്മുടെയുള്ളിലതിൻ ഗുണം
മേളിച്ചിടുന്നുണ്ടോ ലേശം പോലും' (557)

എന്നാണ് കവി ചോദിക്കുന്നത്. പ്രകൃതി മനുഷ്യന് എന്തെല്ലാം നൽകിയാലും അതിന്റെ ഗുണം മനുഷ്യവർഗ്ഗത്തിൽ കാണുന്നില്ലെന്ന് കവിത വ്യക്തമാക്കുന്നു.

ഗ്രാമനഗരങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് 'ഗ്രാമവും നഗരവും' എന്ന കവിത. നാട്ടിൻപുറത്തെ കാഴ്ചകളിൽ നിന്നും വളരെ വ്യത്യസ്തമാണ് നഗരക്കാഴ്ചകൾ. മോട്ടോർ കാറുകളും വ്യവസായശാലകളും നിറഞ്ഞ ലോകത്തിൽ ആളുകളുടെ വേഷത്തിലും സ്വഭാവത്തിലും പ്രകടമാകുന്ന വ്യത്യാസങ്ങളും കവിത ഉൾക്കൊള്ളുന്നു.

'പെരിയാറ്റിനോട്' എന്ന കവിത പെരിയാറിന്റെ വർണ്ണനയാണ്. ആരാധനയോടെയാണ്

കവിത പെരിയാറിനെ കാണുന്നത്. പെരിയാറിന്റെ സാംസ്കാരികവും ജൈവികവുമായ പ്രാധാന്യവും കവിത വെളിപ്പെടുത്തുന്നു. പെരിയാറിന്റെ ഉത്ഭവം തൊട്ട് പതനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും അത് മനുഷ്യോപയോഗപ്രദമായി നിലനിൽക്കുന്നു.

'പുഴമൊഴി' എന്ന കവിതയാകട്ടെ കടലിൽ ചേരുന്ന പുഴയുടെ ചിന്തകളുടെ ആവിഷ്ക്കാരമാണ്. പുഴകൾ കടലിന്റെ ഭാര്യയെന്നും പുഴയില ലിയാനാണ് അവൾ ഓടിയെത്തുന്നതെന്നുമുള്ള പൊതുസങ്കല്പത്തെയും ഉള്ളൂർ ഈ കവിതയിൽ പ്രശ്നവൽക്കരിച്ചിരിക്കുന്നു.

'ജലധിയുടെ പത്നിയായ്ത്തീരുമാറോ
തലയിലെഴുതി നിനക്കാത്മയോനി?
മധുരതരഗാത്രിയാം നിന്നെ വേൾപ്പാൻ
ചിതമവനിലെന്തു നീ കണ്ടിരിപ്പൂ? (1253)

എന്ന് കവി സംശയിക്കുന്നു. പൊതുവെ കവികൾ സമുദ്രത്തെ അചഞ്ചല പുരുഷനായും പുഴയ ചപലസ്ത്രീയായും കാണുമ്പോൾ ഉള്ളൂർ സമുദ്രത്തിലലിയേണ്ടവളല്ല പുഴയെന്നും സമുദ്രത്തെ ഭർത്താവാകാൻ മാത്രമുള്ള എന്തുയോഗ്യതയാണ് സമുദ്രത്തിനുള്ളതെന്നും ഉള്ളൂർ കവിത ചോദിക്കുന്നു.

കടലിനെ നായകനായും നദിയെ നായികയായും കാണുന്ന രീതി പ്രാചീന സാഹിത്യത്തിലും ദൃശ്യമാണ്. കടലിനെ നായകനായാണ് കൃതികളിൽ പരാമർശിച്ചു കാണുന്നത്. എന്നാൽ കടലിനെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവർക്ക് കടൽ അമ്മയാണ്. കടലമ്മയെന്ന സങ്കല്പം നിലനിൽക്കുമ്പോൾ തന്നെ കാവ്യങ്ങളിൽ കടൽ പുരുഷനാകുന്നു. നദിയെ സ്ത്രീയാക്കുമ്പോൾ പുരുഷനാകാൻ അതിനെക്കാൾ ഗാംഭീര്യമുള്ള ഒന്നിനെ തിരഞ്ഞെടുക്കുന്നു. നദിയെ ശാന്തസ്വരൂപിണിയും അപലയും ചപലയുമായ സ്ത്രീയായും കടലിനെ രോഷവും പൗരുഷവും കലർന്ന പുരുഷനായും കാവ്യങ്ങളിൽ കല്പന നടത്തുന്നു. 'ഇക്കോഫെമിനിസം, ഇക്കോടൂറിസം, മാർക്സിസം' എന്ന ഗ്രന്ഥത്തിൽ മാർക്സിയൻ ചിന്താഗതികളെക്കുറിച്ച് എൻ.എം. പിയേഴ്സണൻ വിശദമാക്കുന്നുണ്ട്. 'ചരിത്രത്തിൽ പ്രകൃതിയുടെ ആത്മനിഷ്ഠഭാവങ്ങളെയും കഴിവുകൾ പ്രകടമാക്കാനുള്ള സിദ്ധികളെയും ഇല്ലാതാക്കുക വഴി പ്രകൃതിയെ പരിഗണിക്കാതെ പോവുകയാണ് ചെയ്യുന്നത്. പ്രകൃതിയിലുള്ള മനുഷ്യന്റെ അധിനിവേശത്തെ അംഗീകരിക്കുകയും സ്ത്രീയെ പ്രകൃതിയോട് താരതമ്യം ചെയ്യുകയും ചെയ്തപ്പോൾ സ്ത്രീയുടെ അവസ്ഥ വളരെ പരിതാപകരമായി. ഇവിടെ വളരെ ശക്തമായിത്തന്നെ ഇക്കോഫെമിനിസ്റ്റുകൾ മാർക്സിനോട് കലഹിക്കുന്നു' (2003:122). ഇത്തരത്തിൽ പ്രകൃതിഘടകങ്ങളോട് സ്ത്രീകളെ താരതമ്യം ചെയ്യുമ്പോൾ പവിത്രതയും സഹനശക്തിയുമുള്ളവളായും പുരുഷനെ ഗാംഭീര്യമുള്ളവനായും സാദൃശ്യപ്പെടുത്തുന്ന പ്രവണതയാണ് കൂടുതലായി കണ്ടുവരുന്നത്. ഇവിടെയും കടലിന്റെ സ്ഥിതി ഉയർന്നതുതന്നെയാണ്. കടലെന്ന ഭർത്താവിലേക്കല്ല കടലെന്ന ദൈവസാന്നിധ്യത്തിലേക്കാണ് പുഴ എത്തിച്ചേരുന്നത്.

ആശാൻ, വള്ളത്തോൾ എന്നിവരിൽ നിന്നു വ്യത്യസ്തമായി പ്രകൃത്യവബോധത്തിന്റെ കവിതകളെഴുതി ഉള്ളൂർ. പ്രകൃതി ക്രൂശിക്കപ്പെടുന്നുവെന്നും അതിനെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കർത്തവ്യമാണെന്നും ഉള്ളൂരിന്റെ കവിതകൾ ബോധ്യപ്പെടുത്തുന്നു. "നോർവീജിയൻ ചിന്തകനായ അർണേസ് 1973 ൽ ഗഹനപരിസ്ഥിതിവാദം എന്നൊരു നൂതനദർശനത്തിന് അടിത്തറയിട്ടു. അതിന് രണ്ട് അടിസ്ഥാനതത്ത്വങ്ങളാണുള്ളത്. ഒന്ന് മനുഷ്യരെപ്പോലെ തന്നെ ഈ പ്രകൃതിയിലെ എല്ലാ സത്തകൾക്കും തനതായ മൂല്യവും, നിലനിൽപ്പിനു സ്വയം കണ്ടെത്താനുള്ള അവകാശവുമുണ്ട്. ഒന്നും മനുഷ്യനുവേണ്ടി നിലനിൽക്കുന്നില്ല. മനുഷ്യന് പ്രയോജനപ്പെടുമോ എന്നുള്ളതനുസരിച്ചല്ല ഒന്നിന്റെയും മൂല്യം നിർണ്ണയിക്കേണ്ടത്. അതിനാൽ തന്നെ മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടലുകൾ സ്വന്തം നിലനിൽപ്പിനാവശ്യമായ – അടിസ്ഥാനാവശ്യങ്ങൾക്കു വേണ്ടത്ര – വിഭവങ്ങൾ ശേഖരിക്കുന്നതിനപ്പുറം പോകാൻ പാടില്ല. രണ്ട്: മനുഷ്യകേന്ദ്രീകൃതത്വത്തിൽ നിന്ന് ദർശനം ജൈവകേന്ദ്രീകൃതമാകണം. അങ്ങനെ ലോകത്ത് ബയോസെൻട്രിക് സമത്വം നിലവിൽ വരണം. അപ്പോൾ ഭൂമിയിലെ ഓരോ സത്തയ്ക്കും അതിന്റേതായ രീതിയിൽ നിലനിൽക്കാനുള്ള അവകാശം സിദ്ധമാകും. നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്ന ഒരു സാമ്പത്തിക ജീവിതനിലവാരം മനുഷ്യനു നേടിയെടുക്കാനായി പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് യാതൊരു ന്യായീകരണവുമില്ല. മനുഷ്യന്റെ സമീപനവും, നയങ്ങളും സമ്പദ്ശാസ്ത്രവും, ആമൂലാഗ്രം പരിവർത്തനവിധേയമാക്കണം" (ജി. മധുസൂദനൻ; 2011:338) എന്നതാണ് ഗഹനപരിസ്ഥിതിവാദത്തിന്റെ പൊതുസങ്കല്പങ്ങൾ. ഇത്തരമൊരു ചിന്താപദ്ധതി രൂപപ്പെടുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ സ്വന്തം കവിതകളിൽ  ഉള്ളൂർ ഈ ആശയങ്ങൾ അവതരിപ്പിച്ചു. സുഖംസുഖം, പ്രേമസംഗീതം, ആറ്റംബോംബ്, കീശസന്ദേശം തുടങ്ങിയ കവിതകളിൽ ഇത്തരമൊരു ഏകത്വദർശനമാണ് ഉള്ളൂർ അവതരിപ്പിക്കുന്നത്. സിദ്ധാന്തങ്ങളുടെ പിൻബലമില്ലാതെ സമകാലിക പാരിസ്ഥിതികാവസ്ഥയിൽ കവിക്കുണ്ടായ ആശങ്കകൾ പങ്കുവെയ്ക്കുന്നു. അവയാകട്ടെ പിൽക്കാലത്തെ വലിയ പാരിസ്ഥിതിക ഉത്കണ്ഠകളാവാൻ ശേഷിയുള്ളവയുമായിരുന്നു. സമകാലികരെ അപേക്ഷിച്ച് പാരിസ്ഥിതിക ഭാവുകത്വത്തിൽ ഉള്ളൂർ കവിതകൾ ഈ വിധത്തിൽ വ്യത്യസ്തമായിരുന്നു എന്നു കാണാം.

■



**ജ്യോതി നാരായണൻ**
കെൽട്രോണിൽ എൻജിനീയർ

# വിവാഹം എന്ന അടിമക്കച്ചവടം

**എ**ന്റെ ഒരു സുഹൃത്ത് അവരുടെ കുട്ടികളെ ടൂറിനും എക്സിബിഷനും വിടാനും, കളിപ്പാട്ടം വാങ്ങാനും, പുസ്തകങ്ങൾ വാങ്ങാനും എന്റെ കയ്യിൽ പണം തന്നിട്ട് എന്നെക്കൊണ്ട് ചെയ്യിക്കുമായിരുന്നു. വീട്ടിൽ ഭർത്താവ് ആവശ്യമില്ലാതെ പണം ചെലവാക്കാൻ സമ്മതിക്കില്ല. പിന്നീട് അതിൽ ഒരു മകളുടെ വിവാഹത്തിന് അദ്ദേഹം ഒരു കോടി രൂപ ചെലവാക്കി, ആർഭാടമായി വിവാഹം നടത്തി.

ലോകത്ത് അടിമക്കച്ചവടം അവസാനിപ്പിച്ചു എന്നു പറയുമ്പോഴും ഇന്നത്തെ വിവാഹം കാണുമ്പോൾ അതവസാനിച്ചിട്ടില്ലെന്ന് എനിക്ക് തോന്നാറുണ്ട്. നമ്മൾ എന്തിന് സ്വയം ഈ അടിമകൾ ആകുന്നു എന്നും ചിന്തിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്തായി കേരളത്തിലടക്കം വർദ്ധിച്ചു വരുന്ന ദുരഭിമാനകൊലപാതകങ്ങൾ ബോദ്ധ്യപ്പെടുത്തുന്നത്, അത് അടുത്തൊന്നും മാറുമെന്നും തോന്നുന്നില്ല. എന്നാണ്. കാരണം ഇതൊന്നും കേവലം ഉണ്ടാകുന്നതല്ലാ, ഉണ്ടാക്കുന്നതാണ്. ഒരു വിശ്വാസം മാത്രമല്ല. കച്ചവടമാണ്. രാഷ്ട്രീയം, അധികാരം, പണം, സുഖ സൗകര്യങ്ങൾ... വേണ്ടപ്പെട്ടതൊക്കെ കയ്യടക്കുന്നതിന് പ്രത്യക്ഷമായും പരോക്ഷമായും ഭാഗമാണ്. മനുഷ്യന്റെ സുഖം, സന്തോഷം, ആഹ്ലാദം, നന്മ, ശരി, സമാധാനം ഇതൊക്കെ കമ്പോളവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ആചാരങ്ങളുടെ അനുഷ്ഠാനമാണ് നന്മ, പുണ്യം എന്ന ബോധം ഉറപ്പിച്ചിരിക്കുന്നു. പുണ്യം ചെയ്യുക എന്നാൽ ആരാധനാലയങ്ങളിൽ പണം ചെലവഴിക്കുക. ഔദാര്യം നൽകുക, അതിൽ സാധാരണക്കാർ സംതൃപ്തരാകുന്നു. ഏത് കുറ്റത്തിൽ നിന്നും സ്വയം രക്ഷപ്പെടുന്നു.

സ്വന്തം ജീവിത പങ്കാളിയെ സ്വയം തെരഞ്ഞെടുക്കുന്നവർ തിന്മ ചെയ്യുന്നവരും കോടികൾ ചെലവഴിച്ച് ഭർത്താവിനെ വാങ്ങുന്നവർ ശരിയുടെ മാതൃകയുമാകുന്നു. അതിന്റെ ഭാഗമായി അക്രമങ്ങളും കൊലപാതകങ്ങളും നടത്തുന്നത് രാജ്യത്തിന് വേണ്ടി ജവാന്മാരും പ്രത്യയശാസ്ത്രത്തിന് വേണ്ടി 'രക്തസാക്ഷികളും ഉണ്ടാകുന്നതു പോലെ ശരിയാണെന്ന് വിശ്വസിപ്പിക്കുന്നു.' ആരാണ് ഈ ബോധം നിർമ്മിക്കുന്നതും നിലനിർത്തുന്നതും? ആർക്കാണ് ഇതിന്റെലാഭം ?

ഇവിടത്തെ മനുഷ്യരെ പൊതുവിൽ ചരിത്രവും കലയും സാഹിത്യവും വിദ്യാഭ്യാസവും കാര്യമായി ബാധിക്കാറില്ലെന്ന് തോന്നിയിട്ടുണ്ട്. അവർ വൈകാരികമായിട്ടാണ് പ്രവർത്തിക്കുക, വിശ്വാസങ്ങളാണ് നയിക്കുക. വിശ്വാസ രൂപീകരണമാകട്ടെ നിലനിൽക്കുന്ന അധികാരകമ്പോളവും. ഇതൊക്കെ എത്ര തിരിച്ചറിഞ്ഞാലും ഇതിൽ നിന്ന് മാറി ജീവിതം തെരഞ്ഞെടുക്കുക എന്നത് അസാദ്ധ്യമാണ് എന്നതാണ് ദുര്യോഗം. കാരണം സാമൂഹ്യ സുരക്ഷിതത്വം ഇല്ലാത്ത ഒരു സമൂഹത്തിലാണ് ജിവിക്കുന്നത്. സ്വകാര്യ സ്വത്ത് നിലനിൽക്കുന്ന പണത്തിനെ അടിസ്ഥാനമാക്കി മാത്രം ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന സമൂഹത്തിൽ ജീവിതം തെരഞ്ഞെടുക്കുന്നതിന് പരിമിതികൾ ഉണ്ട്.

വിവാഹം ഒരു സ്ത്രീക്കും പുരുഷനും ലൈംഗീക ബന്ധത്തിലേർപ്പെടാൻ സമൂഹം നൽകുന്ന ലൈസൻസ് ആണെന്ന് തോന്നിയിട്ടുണ്ട്..

വിവാഹമെന്നത് ഒരു സാമൂഹ്യ ആചാരമാണ്. സ്ത്രീ പുരുഷ ആകർഷണവും ലൈംഗികതയും ഗർഭധാരണവും പ്രസവവും മുലയൂട്ടലും പ്രകൃതിയുടെ നിയമമാണ്. പ്രകൃതിദത്തമായ ഒന്നിനെ സാമൂഹ്യ നിയമങ്ങളാൽ നിയന്ത്രിക്കുന്നു. കാലഘട്ടത്തിനനു സരിച്ച് അതു മാറേണ്ടിയിരിക്കുന്നു. ഈമാറ്റം കൂടുതൽ കൂടുതൽ ജനാധിപത്യപരവും നൈസർഗീകവുമാകണം എന്നാൽ ഇന്ന് കമ്പോളം നിയന്ത്രിക്കുന്നവരുടെ താല്പര്യം സംരക്ഷിക്കുന്ന വിധമാണ് മാറ്റം. ഇത് പ്രത്യക്ഷമാകണമെന്നില്ല. പലപ്പോഴുംവൈകാരീകത,

സുരക്ഷിതത്വം, കടമ, ബാദ്ധ്യത,  ഉത്തരവാദിത്വം, വഴിസ്വഭാവികമാക്കും. അത് നിയമവും നീതിയും പോലുമാകും.

ഇത് എന്റെ തന്നെ അടുത്ത തലമുറ എന്ന് പുരുഷന് ഉറപ്പാക്കാനും സ്വത്ത് സ്വന്തം മക്കൾക്ക് കൈമാറാനും സ്ത്രീ തന്നോട് മാത്രമെ ലൈംഗീകമായി ബന്ധപ്പെട്ടിട്ടുള്ളു എന്ന് ഉറപ്പാക്കേണ്ടത് ആവശ്യമാണ്.

ലൈംഗീകത മാത്രമായി നിയന്ത്രിക്കാനാവാതെ സ്ത്രീയെ തന്നെ കീഴിലാക്കുന്നു. ആദ്യം ബോധത്തിൽ, സ്ത്രീ പുരുഷനേക്കാൾ താഴെയാണ്. പുരുഷന് കീഴ്പ്പെട്ടും പരിചരിച്ചും ജീവിക്കേണ്ടവളാണ്. സ്ത്രീ പുരുഷന്റെ സ്വകാര്യ സ്വത്താണ്. മറ്റ് വസ്തുക്കൾ കൊള്ളയടിക്കുന്നതു പോലെ സ്ത്രീയേയും കൊള്ളയടിച്ച് സ്വന്തമാക്കിയിരുന്നു. ഇത് പുരുഷന്റെ മാത്രം ബോധമല്ല, സ്ത്രീയുടേയും വിശ്വാസമാണ്. അക്രമിയും സംരക്ഷകനും പുരുഷൻ തന്നെ! അധികാരമുള്ള പുരുഷന്റെ അഭിമാനപ്രശ്നമാകുന്നു സ്ത്രീയുടെ ലൈംഗികത. പിന്നെ നിയമത്തിൽ, പിന്നെ ബല പ്രയോഗത്തിൽ. ജാതിയും മതവും മനുഷ്യനിർമ്മിതമായ വിവേചനങ്ങൾ നിലനിർത്തുന്നത് സ്ത്രീയുടെ ലൈംഗീകതയെ, ഗർഭധാരണത്തെ നിയന്ത്രിച്ചു കൊണ്ടാണ്.. സ്ത്രീ സ്വന്തം ഇണയെ സ്വയംതെരഞ്ഞെടുത്താൽ അതിൽ കുട്ടികൾ ഉണ്ടായാൽ പിന്നെ എവിടെയാണ് ജാതിയും മതങ്ങളും! എന്തിനാണ് ജാതിയും മതവുമെല്ലാം ഇത്ര നിഷ്കർഷിക്കുന്നത്. ഒരാൾ ഏത് മതസ്ഥനായാലും ജാതിക്കാരനായാലും മറ്റുള്ളവർക്കെന്താണ്? അധികാരമാണ്, പണമാണ്, ചൂഷണത്തിനാണ്. പണ്ടാണെങ്കിൽ തൊഴിൽപരമായ വിഭജനം. ചിലർ അധ്വാനിക്കുക അതിന്റെ സൗകാര്യങ്ങളും സുഖങ്ങളും മറ്റു ചിലർ അനുഭവിക്കുക. അതിനനുസൃതമായ സാമൂഹ്യബോധം ഉണ്ടാക്കി നില നിർത്തുക. ഇന്ന് ജനാധിപത്യമെന്നാൽ ഒരു പരിധി വരെ അധികാരം പങ്കുവയ്ക്കലാണ്. ഞങ്ങൾ ഇത്ര ക്രിസ്ത്യാനികൾ ഇത്ര നായർ, ഇത്ര ഇസ്ലാം .... അതു കൊണ്ട് ഇത്ര സീറ്റ്, ഇത്ര കോർപ്പറേഷൻ. ഇത്ര സ്കൂളുകൾ, കോളേജുകൾ:... വിലപേശൽ ശക്തി വർദ്ധിപ്പിക്കുന്നു. ഈ കച്ചവടത്തിനിടയിൽ വിവാഹം കേവലം ഒരു ചടങ്ങു മാത്രം.

വിവാഹം സ്ത്രീയുടെ ആവശ്യമാണെന്നും വിവാഹം കഴിക്കാതെ ലൈംഗീക ബന്ധവും ഗർഭധാരണവും ഏറ്റവും മോശമാണെന്നും ഉറപ്പാക്കുന്നു. അത് മരണത്തേക്കാൾ നീചമാക്കുന്നു.

സ്ത്രീയുടെ ജീവിതത്തിന്റെ ഒന്നാം ഘട്ടം വിവാഹത്തിന്  ഉള്ള ഒരുക്കമാണ്. ഭർത്താവ് എന്ന പുരുഷൻ ഏത് സ്വഭാവക്കാരനാണോ അതനുസരിച്ച് മാറാൻ പാകമാക്കുക.ഇരിക്കുന്ന പാത്രത്തിന്റെ രൂപം സ്വീകരിക്കുന്ന വെള്ളം പോലെ. വിവാഹം കഴിഞ്ഞാൽ അയാളെയും അയാൾക്ക് വേണ്ടപ്പെട്ടവരേയും പരിചരിച്ച് ജീവിതം തൃപ്തിപ്പെടുക. നിർവൃതിയടയുക. ഇതാണ് കുടുംബ സങ്കല്പം.

ഇപ്പോൾ അവൾ വീടിനകത്തോ പുറത്തോ ജോലി ചെയ്ത് സാമ്പത്തിക വരുമാനവും ഉണ്ടാക്കണം. യഥാർത്ഥത്തിൽ മനുഷ്യരുടെ ഇച്ഛ ഇതൊന്നുമല്ല. ഇത്തരത്തിൽ നിർബന്ധിച്ച് ഒരു കൂരക്കു കീഴിൽ ജീവിക്കുന്നവർ തമ്മിൽ യാതൊരു ഐക്യമോ പരസ്പര കരുതലോ ഇല്ല. സമൂഹം കുറ്റപ്പെടുത്താത്ത മറ്റിടങ്ങൾ ഇല്ലാത്തതു കൊണ്ട് ഒന്നിച്ച് ജീവിക്കുന്നു. എന്നിട്ടും ചിലർ ഈ കാണാ ചങ്ങലകൾ പൊട്ടിക്കുന്നു. ചിലപ്പോഴെങ്കിലുമത് അക്രമത്തിലും കൊലപാതകത്തിലുമെത്താറുണ്ട്.

ഇവിടെ ചോദിക്കുന്ന ഒരു ചോദ്യം ജാതിയും ജാതകവും ആചാരങ്ങളും സ്ത്രീധനവും ആയ വിവാഹങ്ങൾ മാത്രമാണോ തകരുന്നത്, പ്രണയ വിവാഹങ്ങൾ തകരുന്നില്ലേ? എന്താണ് പ്രണയ വിവാഹം എന്ന് ഇവിടെ പറയുന്നത്? വേലിക്കപ്പുറം നിന്ന് നോക്കിയത്, കുറച്ചു നാൾ ഓഫീസിൽ അടുത്ത സീറ്റിലിരുന്നത്, ബസ്സിൽ കേറുമ്പോൾ കണ്ടത്, മൊബൈൽ പരിചയം. പിന്നെ തീരുമാനിക്കുന്നു ഇയാൾ/ഇവൾ മാത്രം എന്റെ ജീവിതത്തിൽ. ഇതാണ് ഇന്നത്തെ പ്രണയം. ഒരു ഭ്രമം. അതു കൊണ്ടാണ് പ്രണയാഭ്യർത്ഥന നിരസിക്കുമ്പോൾ അക്രമാസക്തമാകുന്നത്. യഥാർത്ഥത്തിൽ നമ്മൾ പ്രണയിക്കുന്ന ഒരാളെ വേദനിപ്പിക്കാനാവില്ല. സ്വന്തമാക്കലും കീഴടക്കലുമാണ് ഇന്ന് പ്രണയം. ഇവർക്ക് ജീവിത യാഥാർത്ഥ്യങ്ങളെ നേരിടാനാവില്ല. അധികാര സ്ഥാപനമാണ് ഇന്ന് പ്രണയം. എന്റേതായില്ലെങ്കിൽ നശിപ്പിക്കുക. ഈ പ്രണയം ഒരു ബാദ്ധ്യതയാണ്. തകരുന്നത് സ്വാഭാവികം.

ഇന്നു കടുംബം എന്ന ഒരു സ്ഥാപനം നില നിൽക്കണമെങ്കിൽ ലൈംഗീക ബന്ധവും സിനിമയും ഹോട്ടൽ ഭക്ഷണവും ആഘോഷങ്ങളും മാത്രമല്ല. വീടു വൃത്തിയാക്കലും സമയബന്ധിതമായി ഭക്ഷണമുണ്ടാക്കലും തുണിയലക്കും, വാടകയും കരവും ഇലക്ട്രിസിറ്റി ചാർജും വെള്ള കരവും കൃത്യമായി അടക്കലും ഇഷ്ടമുള്ളപ്പോഴും ഇല്ലാത്തപ്പോഴും കയറി വരുന്ന വിരുന്നുകാരെ സ്വീകരിക്കലും സാമൂഹ്യ ബന്ധങ്ങൾ നില നിർത്തലും ആശുപത്രിയും ഇതിനെല്ലാം സാമ്പത്തികമുണ്ടാക്കലും മറ്റ് അനിശ്ചിതങ്ങളും ചേർന്നതാണ് ജീവിതം. ഇതിന് അധ്വാനവും സമയവും ആവശ്യമാണ്. പലപ്പോഴും മടുപ്പിക്കുന്നതും ആവർത്തന വിരസവുമാണ്. പ്രണയത്തിനിടയി ഈ യാഥാർത്ഥ്യങ്ങൾ ചിന്തിക്കാറുണ്ടോ? ഇത് എല്ലാം ഇങ്ങനെ തന്നെ വേണമോ? പുനഃക്രമീകരിക്കാൻ കഴിയുമോ ശ്രമിക്കാറില്ല. അത്യാവശ്യമുള്ളത് കുടുംബാംഗങ്ങൾ എല്ലാ വരും പങ്കുവച്ചു ചെയ്യുമോ. ഇതിന്റെ ഉത്തരവാദിത്വം എല്ലാവ



തടേതുമാണെന്ന് അംഗീകരിക്കുമോ? പൊതു അടുക്കള, കുട്ടികളുടെയും പ്രായമായവരുടേയും രോഗികളുടേയും പരിപാലനം ഇവ സാമൂഹ്യ ഉത്തരവാദിത്വമാകുമോ! ഇന്ന് പലപ്പോഴും ഒരാൾ പൂർണമായി കീഴ്പ്പെട്ട് ജീവിക്കുന്നു. വഴക്ക്, ഭക്തി, ആർഭാടം, മദ്യം തുടങ്ങിയ ലഹരികളിൽ ദിവസങ്ങൾ തീർക്കുന്നു. ഈ അന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾ പല തരം വൈകൃതങ്ങളും ക്രൂരതകളും ഉള്ളവരാകുന്നു. സഹാനുഭൂതി, കരുതൽ, കരുണ, പങ്കുവക്കൽ തുടങ്ങിയ മാനുഷീക മൂല്യങ്ങൾ അറിയാത്തവരാകുന്നു. ഇന്റർനെറ്റും സിനിമയും മടക്കമുള്ള മാദ്ധ്യമങ്ങൾ, കക്ഷിരാഷ്ട്രീയം, പൗരോഹിത്യ മതാചാരങ്ങൾ ഒന്നും മാനുഷീകതയെ രൂപപ്പെടുത്തുന്നില്ല. നൈസർഗികമായ ജീവിത ചോതനയെ സാമൂഹ്യ ഉത്തരവാദിത്വത്തോടെ കാണാൻ പ്രാപ്തമാകുന്നതല്ല....... നമ്മുടേത് ഐഡിയൽ സമൂഹമല്ല, ഐഡിയൽ സ്വാതന്ത്ര്യവും ഒരു വ്യക്തിക്കുമില്ല.

ചില ക്രമങ്ങളും സ്വയം ക്രമീകരണങ്ങളും ആവശ്യമാണ്. വ്യക്തിയും സമൂഹവും തമ്മിൽ വലിയ വൈരുദ്ധ്യമുണ്ട്. ഈ വൈരുദ്ധ്യം ഒപ്റ്റിമം പോയന്റ് കണ്ടു പിടിച്ച് ആഹ്ലാദത്തോടെ ജീവിക്കുക. അത് ഒരു പോയിന്റിൽ അവസാനിക്കുന്നതല്ല. അതായത് കൂടുതൽ ആഹ്ലാദകരമായ ഒരു ജീവിത ലക്ഷ്യം നമുക്കുണ്ടായിരിക്കണം. അത് നിരന്തരം പരിഷ്കരിച്ചു കൊണ്ടിരിക്കുകയാണ് പ്രതീക്ഷ നൽകന്നത്. പുതിയ അറിവുകൾ, സാങ്കേതികവിദ്യകളുടെ കണ്ടുപിടിത്തം ഇതെല്ലാം എല്ലാവരുടേയും ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പുഴയിൽ മാലിന്യം കലർത്തി വ്യവസായം നടത്തി ലാഭമുണ്ടാക്കി ആ പണം കൊണ്ട് മാളിൽ പോയിരുന്നോ വീട്ടിലിരുന്ന് ഫോൺ ചെയ്തോ ഭക്ഷണം കഴിക്കുന്നത് കുടുംബ ജീവിതത്തിൽ മാറ്റമുണ്ടാക്കുമ്പോൾ അവർ ഉപയോഗിച്ച കുടിവെള്ളം നഷ്ടപ്പെട്ട നിരവധി പേർ, രോഗം ബാധിച്ച നിരവധി പേർ ഇങ്ങനെ കഷ്ടപ്പെടുന്നു. മാത്രമല്ല എല്ലാവരും ഈ മാലിന്യം കലർന്ന വെള്ളമാണ് ഉപയോഗിക്കുന്നതെന്നും അത് തങ്ങളെയും നിത്യരോഗികളാക്കുമെന്നും ജനങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ചുരുക്കി പറഞ്ഞാൽ വിവാഹം പുതിയ ഒരു തലമുറയുടെ സൃഷ്ടിക്കു ആരംഭമാണെങ്കിൽ അധികാരം, രാഷ്ട്രീയം വികസനം, വിദ്യാഭ്യാസം, മാദ്ധ്യമങ്ങൾ ഇടപെട്ട് സാമൂഹ്യ ഉത്തരവാദിത്വം, പ്രകൃതി വിഭവങ്ങളുടെ ലഭ്യത... രൂപപ്പെടുത്തി കൊണ്ടിരിക്കകയാണ്. പരസ്പര കരുതലും പങ്കുവക്കലും അംഗീകാരവും ആശ്രിതത്വവുമുള്ള അന്തരീക്ഷവുമാണ് അവരോടുള്ള ഉത്തരവാദിത്വം. വിവാഹമെന്നാൽ കോടികൾ ചെലവഴിച്ച് സാധാരണ ജീവിതത്തിൽ ഒരിക്കലും ഉപയോഗിക്കാത്ത വേഷം കെട്ടി ആർഭാടം കാട്ടി രക്ഷകനേയും പരിചാരികയേയും വാങ്ങലല്ല, പുതിയ സൃഷ്ടിക്ക് സ്വാഗതമരുളുന്ന സ്നേഹമുള്ളവരുടെ ഒരു കൂടിച്ചേരലാവട്ടെ!

**കഥ**



**ശ്രീലക്ഷ്മി**
ബി.എഡ്. വിദ്യാർത്ഥി
ചങ്ങനാശ്ശേരി

# ജാനകിക്ക് ലൗ സലാം

'ഈ ലോകം മുഴുവനും നിന്റെ കട്ടിലിന്റെ ചുവട്ടിലാണെന്ന് തോന്നുന്നു എനിക്ക്.'

അവൾക്ക് ചിരിവന്നു.

'ഈ കട്ടിലിന്റടീൽ മാത്രല്ല ആ മേൽപാലത്തിന്റടീലും....'

ഗർഭിണിയായ തമാശയെ അയാൾ അത്ഭുതത്തോടെ നോക്കി.

'സാറേ ഇപ്പോത്തന്നെ നേരം ഒരുപാട് കളഞ്ഞു.'

നേരം പോകുന്നു. സാറിനതറിയാം. മൂപ്പര് ചുമരിലെ കലണ്ടറിൽ ലൗ ചിഹ്നത്തിനുള്ളിൽ കയറിയിരിക്കുന്ന ലൗബേഡ്സിനെ നോക്കി വെറുതേയിരുന്നു.

'ഇനീപ്പോ തൊടങ്ങാൻ മടീണ്ടെങ്കി.... സാറ് കെടക്ക് ഞാൻ ശര്യാക്കിക്കോളാ'

അവൾ സാറിന്റെ കൈ പിടിച്ചു.

'തുടങ്ങിയാൽ അവസാനിക്കും കുട്ടീ'

'കുട്ടീ'യോ? ആ, എന്തെങ്കിലും വിളിച്ചോട്ടെ.

ഓരോരുത്തര് എന്തൊക്കെ വിളിക്കുന്നു! എന്നാലും കുട്ടീന്ന് വിളിക്കുന്ന ഒരാള് മാത്രം മതിയായിരുന്നു.

അതൊന്നും ഇയാളോട് പറഞ്ഞ് മനസിലാക്കി തിരുത്താൻ പോയാൽ പിന്നെ അതിൽ പിടിച്ചാകും സഞ്ചാരം. എല്ലാം സഹിക്കാം, മുഖത്ത് നോക്കാതെ സംസാരിക്കുന്നതാണ് വലിയ എടങ്ങേറായിട്ട് തോന്നുന്നത്.

'പിന്നേയ്, ഞാൻ ഇത്രയും നേരം വർത്താനം പറഞ്ഞിരുന്നതെന്നെ അധികാ. ങ്ങള് മനസിലാക്കണം'

'കുട്ടി എന്തെങ്കിലും കഴിച്ചോ?'

അങ്ങോട്ട് പറയുന്നതൊന്നും കേൾക്കാതെ സാറ് കണ്ണുവിടർത്തിക്കൊണ്ട് ചോദിച്ചു. അംഗൻവാടി ടീച്ചർ പുതിയ കുട്ടിയോട് വിശേഷം ചോദിക്കുന്ന ഭാവം. കുട്ടി അവളുടെ പുരികം പൊക്കി നിസ്സഹായത കാണിച്ചു.

'പണി കഴിഞ്ഞ് ചെന്നിട്ട്. അതാണ് ശീലം.'

എന്തു നല്ല ശീലം! സാറിന് വളരെ സന്തോഷം തോന്നി. അങ്ങനെയാവുമ്പോൾ പച്ചവെള്ളം ആണെങ്കിലും ദേഹത്ത് പിടിക്കും. ഏത് മാഷാണാവോ ഇവളെ പഠിപ്പിച്ച് ഇങ്ങനെയാക്കിയത്?

'ങ്ങളിപ്പോ വേറെ ഏതെങ്കിലും ടീമിന്റെ കൈയ്യിലാണ് പെട്ടിരുന്നതെങ്കില് തല്ലുകൊള്ളണ്ടതാണ്.'

ക്ഷമയ്ക്കില്ലേ ഒരതിര്.

'എന്തിന്?' തല കുമ്പിട്ടിരുന്ന് ചോദിക്കുന്നത് കണ്ടാലേ അറിയാം എന്തിനാന്നറിയാഞ്ഞിട്ടല്ല. നല്ല പുളിച്ച ഉത്തരം വായിലേക്ക് വന്നെങ്കിലും കുട്ടി ഒന്നടങ്ങി.

'ദെന്ത് ചോദ്യാണ് സാറേ?' ഉത്തരം പറയാതിരിക്കാനുള്ളതാണ് മൂപ്പർക്ക് ചെയ്യാൻ കഴിയുന്നത്.

വളവിലൂടെ കടന്നുപോയ ആദ്യത്തെ ലാസ്റ്റ് ബസ് ശൃംഗാരത്തോടെ നിലവിളിച്ചു. ജീവിതത്തിലെ നിത്യസാന്നിധ്യ ശബ്ദങ്ങളിലൊന്ന്. എല്ലാ ശബ്ദങ്ങളും തയ്യാറെടുപ്പിനുള്ളത്. പകലിനെ, രാത്രിയെ ഒക്കെ ക്ഷണങ്ങളാക്കി പകുത്തു നൽകുന്ന ശബ്ദങ്ങൾ. സാറ് ഒന്നും മിണ്ടുന്നില്ല. രണ്ടു കൈയ്യും പിന്നിലേക്ക് കുത്തി അവൾ മലർന്ന് ഫാനിലേക്ക് നോക്കി. ഓരോ ചിറകിലും രണ്ടട്ടി

പൊടിയുണ്ടെങ്കിലും തളരാതെ ഊക്കിൽ കറങ്ങിക്കൊണ്ടിരുന്നു.

'രണ്ടാമത്തെ പണി പിടിക്കേണ്ട നേരായി'

'അപ്പോ ഒരു രാത്രി എത്ര ആൾക്കാർ?' അതൊന്നും ചോദിക്കണ്ടായിരുന്നു.

'ആൾക്കാരുടെ കണക്കൊന്നും അല്ല, ആരോഗ്യം എങ്ങനെയോ അത്രയും ജോലി ചെയ്യും.' കുട്ടി മിടുക്കിയാണ്.

'ഇന്ന് നിന്റെ ജോലിഭാരം കുറയും. എന്നോട് സംസാരിച്ചിരുന്നാൽ മതി. പൈസ തരും'

അയാൾക്ക് പ്രാന്താണെന്ന് തോന്നുന്നു. കണ്ടപ്പോ അങ്ങനെ തോന്നിയില്ല. കൃത്യം മേല്പാലത്തിന്റെ ചുവട്ടിൽ തന്നെ നിന്നിരുന്നു. ആദ്യായിട്ടാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസിലായി. ഏതോ വിവരാനുള്ള പോലെ, ആരെയോ കാത്ത് നിൽക്കുന്ന പോലെ. കാശിന്റെ കാര്യം ആദ്യമേ പറഞ്ഞുറപ്പിക്കേണ്ട കാര്യമൊന്നും ഇല്ലെന്ന് തോന്നി.

'സംസാരിച്ചിരുന്നിട്ട് പൈസ വാങ്ങൽ അല്ല ഞാൻ ചെയ്യുന്ന തൊഴിൽ. വേണ്ടെങ്കീ പറ, ഞാനങ്ങ് പോട്ടെ.' മഞ്ഞവെളിച്ചം തട്ടി അവളുടെ ലൗ ചിഹ്നമൂക്കുത്തി തിളങ്ങി. ദേഷ്യത്തിൽ കണ്ണുകളും.

'പ്രാന്താണോ? അതോ ആദ്യായിട്ടായതിന്റെ പേടിയോ, അതും അല്ലെങ്കിൽ പാപവിചാരങ്ങളോ?' സാധാരണ ഇതൊക്കെയാണ് പ്രശ്നങ്ങളായിട്ട് വരാറുള്ളത്. അതുകൊണവൾ ഇത്രയും നേരം ക്ഷമിച്ചത്. അങ്ങനെയുള്ളവർക്ക് ചില സഹായങ്ങളൊക്കെ ചെയ്തു കൊടുക്കാറ്.

'വർത്താനം പറഞ്ഞിരിക്കാനാണെങ്കീ പൊറത്തെവിടെയെങ്കിലും ഇരുന്നാ പോരേ? റൂമെടുക്കേണ്ട കാര്യം ഉണ്ടായിരുന്നോ? ഞാനെന്റെ കെട്ട്യോനോട് നല്ലോണം സൊള്ളീട്ടാ വരണത്'

'അതുശരി, നിനക്ക് കെട്ട്യോനും മക്കളും ഒക്കെയുണ്ടോ?'

'ഇല്ലെങ്കീ ങ്ങള് കെട്ടണംന്ന് വിചാരിക്ക്ണ്ണ്ടോ? വെറുതേ വിഷയൊന്നും മാറ്റണ്ട സാറേ, അവടെ കെടക്കിൻ. ഞാൻ വേണെങ്കീ ലൈറ്റോഫാക്കാ. ആദ്യായിട്ടായതോണ്ടാണ് ഒക്കെ ശര്യാക്കാ.'

നേരം കളയാനില്ല. ലൈറ്റോഫാക്കാൻ അവൾ എഴുന്നേറ്റു.

'ഇരിക്കൂ കുട്ടീ.' അയാൾ കൈയ്യിൽ പിടിച്ചു. തിരിഞ്ഞ് ഒറ്റൊന്ന് പൊട്ടിച്ചാലോന്ന് കരുതിയതാ. പക്ഷേ തിരിഞ്ഞപ്പോഴാണ് എമ്മാതിരി പെടലാണ് പെട്ടതെന്ന് അവൾ തിരിച്ചറിഞ്ഞത്. സാറ് കണ്ണൊക്കെ നിറച്ച് വെച്ചിരിക്കുന്നു. അവൾ മുറുക്കിക്കടിച്ചു വെച്ചിരുന്ന പല്ലുകൾ അയച്ചു വിട്ടു.'

'ങ്ങളേതെങ്കിലും സന്മാർഗ്ഗക്കാരനാ?' അയാൾക്ക് മനസിലായില്ല. ഏതെങ്കിലും ദൈവത്തിന്റെ ആളാണോന്ന് തെളിച്ചു ചോദിച്ചു.

'അല്ല' സാറ് മുഖം കുനിച്ചപ്പോൾ വേറെ റൂട്ടിലേക്കുള്ള രണ്ടാമത്തെ ലാസ്റ്റ് ബസ് കടന്നു പോയി. അതത്ര വിശ്വസിക്കാവുന്ന മറുപടി അല്ല.

'നെറ്റിയിൽ ഒന്നൂല്ല, കാല് നോക്കട്ടെ.... കാണിക്ക്... ' കുട്ടി കുനിഞ്ഞ് അയാളുടെ കാൽ മടമ്പ് തൊട്ടു നോക്കി. പാന്റ് തെരച്ച് കയറ്റി വെച്ചിട്ട് മുട്ടിൽ തൊട്ടു നോക്കി. ഒന്നും ഇല്ല.

'എന്താണ്? '

'ദൈവത്തിന്റെ സ്വന്തം മുസ്ലീമാണെങ്കില് നെറ്റീല് തഴമ്പാവും. ദൈവത്തിന്റെ സ്വന്തം ക്രിസ്ത്യാനി ആണെങ്കില് കാൽമുട്ടില് തഴമ്പ്, ദൈവത്തിന്റെ സ്വന്തം ഹിന്ദു ആണെങ്കില് ചമ്മണം പടിഞ്ഞിരന്നതിന്റെ തഴമ്പും കാണാ.'

'ഓഹോ?' അയാൾ ചിരിച്ചു. 'ഞാനിതിലൊന്നും പെടില്ലാന്ന് തോന്നുന്നു അല്ലേ?'

'ഒന്നിലും പെടാത്തവരാണ് അധികവും' അവളും ദേഷ്യം മറന്ന് ചിരിച്ചു.

'ന്ന് ട്ടും ങ്ങളെന്താണിങ്ങനെ, ഞാമ്പറഞ്ഞ പോലത്തെ ആൾക്കാര് പോലും എല്ലാം കഴിഞ്ഞിട്ടേ വെറ്പ്പിക്കല് തൊടങ്ങൂ..'

സാറ് അത് കേട്ട് പൊട്ടിച്ചിരിച്ചു. കണ്ണിൽ നിന്ന് വെള്ളം വരുവോളം. അങ്ങനെയേ വിട്ടാൽ ചിരിച്ചോണ്ടേയിരിക്കും എന്ന് കുട്ടി മനസിലാക്കി.

'അവസാനം നേരത്തിന് പോവാൻ സമ്മതിക്കാതെ പിടിയും വലിയും ആയാൽ വിധം മാറും' ചില്ലറക്കാരിയൊന്നും അല്ലെന്നുള്ള ബോധം ഉണ്ടായിക്കോട്ടെ അയാൾക്ക്.

'പേടിക്കണ്ട. വാക്കുകൊല്ലാതെ നിന്നെ ഞാൻ തടയില്ല.' നല്ല ചൊറിഞ്ഞു വരുന്ന വർത്താനോം പറഞ്ഞിട്ട് തല കുമ്പിട്ടിരിക്കുന്നു. ഇവനെയൊക്കെ എന്തു ചെയ്യണം! നേരം വെളുത്തിട്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യാന് ഉളതാ, അപ്പഴാണ്. പെട്ടെന്ന് ഓർമ്മ വന്നപ്പോൾ കുറിപ്പൈസ അടച്ചതിന്റെ രസീത് ബ്ലൗസിനുള്ളിൽ നിന്നെടുത്ത് പേഴ്സിലേക്ക് വെച്ചു.

'അതെന്താണ്? '

ഒരാവശ്യോം ഇല്ലാത്ത കാര്യത്തിലൊക്കെ ചാടി വീഴാൻ ഉഷാറാണല്ലോ.

'കുറിപ്പൈസ അടച്ചതിന്റെ...' കൂടുതൽ വ്യക്തമാക്കി പറഞ്ഞു കൊടുക്കേണ്ട കാര്യമൊന്നും ഇല്ല.

'ഓ... അതുശരി. നിന്റെ ഭർത്താവിന് എന്താ ജോലി?'

'തുന്നക്കാരനായിരുന്നു. ഇപ്പോ ഒന്നും ഇല്ല. കാലിന് സുഖല്ല.'

'അയ്യോ, കഷ്ടം'

'എന്ത് കഷ്ടം? ങ്ങളെപ്പോലെ വട്ടൊന്നും ഇല്ലല്ലോ മൂപ്പർക്ക്, സമാധാനം.'

'എനിക്ക് വട്ടായിരുന്നെങ്കിൽ...'

'ഉം.' അവൾ മൂളി

'കഷ്ടപ്പെട്ട് പണിയെടുത്ത് കുടുംബം പോറ്റാൻ പാട് പെടുന്ന ആൾക്കാര് തോനെ ഉള്ള

നാട്ടില് വെറ്തേ ഇങ്ങനെ പൈസ മുടക്കി സമയം കളഞ്ഞ് നടക്കുന്ന നിങ്ങളെയൊക്കെ എന്ത് പറയണം?'

'മടുത്തൂ.'

'കെട്ട്യോളെ മടുത്തൂന്ന് പറഞ്ഞാമതി.' അതിന് മറുപടിയായി അയാൾ എന്തെങ്കിലും ഒന്ന് മൊഴിയുന്നതും കാത്ത് അവൾ കുറേ നേരം ഇരുന്നു.

'ആയിരിക്കും'

ആയിരിക്കും പോലും.

'അപ്പോ ഇന്ന് ഇങ്ങനെത്തന്നെയായിരിക്കും അല്ലേ?' ചോദ്യം കേട്ട് അയാൾ

ഭയനീയമായി അവളെ നോക്കി.

സ്റ്റാന്റിൽ നിന്നും മൂന്നാമത്തെ ലാസ്റ്റ് ബസും പോയി.

'ഭർത്താവിന് സുഖമില്ലാത്തതുകൊണ്ടാണോ നീ ഈ പണിക്ക് വരണത്?' എന്തോ പെശകായ പണി പോലെയുണ്ട് സാറ് പറയുന്നത് കേട്ടാൽ.

'ആയിരിക്കും' അവൾക്ക് ചിരി വന്നു.

'ഒരു വീട്ടിൽ നിന്ന് ആരെങ്കിലുമൊക്കെ എന്തെങ്കിലുമൊക്കെ പണിക്ക് പോണ്ടേ?'

ഉത്തരം കിട്ടാനുള്ള ചോദ്യം അല്ലായിരുന്നു, വെറുതേ.

'ങ്ങക്കെന്താ പണി?'

'മാഷാണ്' അതുനന്നായി

'സാറേ അദ്ധ്വാനിച്ച് ജീവിക്കണം. അത്രയ ല്ലേയുള്ളൂ.'

അത്രയൊക്കെത്തന്നേ ഉള്ളൂ. എന്നാലും സാറിനൊരു എന്തോപോലെ.

'ശരിയാണ്'

'ഒരു സൂക്കേട് വന്നൂന്നു വെച്ചിട്ട് മൂപ്പർ ക്കത്ര കൊഴപ്പോന്നൂല്ല. പിന്നെ ഞാൻ പൊറത്ത് പോണ്ടാന്ന് പറയാറ്ണ്ട്. എവടെയെങ്കിലും വീണു കെടന്നാലൊക്കെ ആര് തിരിഞ്ഞു നോക്കാൻ?'

'ഉം'

'ലോട്ടറിക്കച്ചോടം ചെയ്ത് നോക്കിക്കൂടേന്ന് പലരും പറഞ്ഞു, ഇപ്പോ പഞ്ചായത്ത്കാര് വണ്ടിയും കൊടുക്കും. ന്നാലും അങ്ങനെ മരിച്ച് കിടന്ന് സമ്പാദിക്കേണ്ട കാര്യല്ലാന്ന് തോന്നുന്നു.'

സമ്പാദ്യം എന്ന വാക്ക് സാറ് കുറച്ചു നേരത്തേക്കെടുത്തു. അത് വലിയൊരു പ്രശ്നം തന്നെ. അതുകൊണ്ട് തിരിച്ചവൾക്കുതന്നെ കൊടുത്തു.

'പിന്നെ ങ്ങക്കൊന്നും ഉള്ളത്രേം പ്രശ്ന ങ്ങളൊന്നും മൂപ്പർക്കില്ല. അതുറപ്പാണ്.'

അവൾ വീണ്ടും അതുതന്നെ പറയുന്നു.

'എന്തു പ്രശ്നം?' അവൾ സാറിനെ നോക്കി യില്ല. ഒച്ചവരാതെ ചിരിച്ചു.

'ഞാനെത്ര ആൾക്കാരെ കണ്ടിരിക്കുന്നു സാറേ നമ്മടെയൊക്കെ ലോക പരിചയം വെവ്വേറെ അല്ലേ?'

സാറ് തലയുയർത്തി അവളെ ശ്രദ്ധിക്കു ന്നുണ്ട്.

'ഇവിടെ അഭിനയിച്ചിട്ട് കാര്യല്ല. അതിന്റെ ആവശ്യോം ഇല്ല.'

ശരിക്കും അവളുടെ അഹങ്കാരത്തിനൊരുമ്മ കൊടുക്കാൻ തോന്നി സാറിന്.

'ഞങ്ങള് ഞങ്ങളെപ്പറ്റിത്തന്നെ ഒരുപാട് ആലോചിക്കാറുണ്ട്. ഒരു പ്രശ്നത്തേയും ഞങ്ങളിൽ നിന്ന് വേർതിരിക്കാൻ കഴിയാറില്ല. കള്ളത്തരോം രഹസ്യോം ഉണ്ട്... എന്നാലില്ല. ങ്ങളെപ്പറ്റീം നേരം വെളുത്തിട്ട് ഞങ്ങള് പറഞ്ഞ് ചിരിക്കും. പക്ഷേ എന്നും അങ്ങനെ ചിരിച്ചുകൊണ്ട് പറയാനും കഴിയാറില്ല...'

സാറ് വെറുതേ അവളുടെ കൈയ്യിൽ പിടിച്ചു തലോടി. കുട്ടിയ്ക്ക് സാറിനോട് പാവം തോന്നി.

നല്ല കട്ടിയുള്ള പുരികമാണ് സാറിന്. താടി യും മീശയും വിടവുകളോടുകൂടിയതാണ്. മീശ യ്ക്കുള്ളിലെ കാക്കപ്പുള്ളി കാണാൻ പാകത്തിന് വലുതാണ്. ഇടത്തേ ചെവിയിൽ ഒരു ചോരക്കുരു വുമുണ്ട്. പുറത്തേക്ക് ഉന്തി നിൽക്കുന്ന കണ്ണുകൾ....

അടുത്തിരിക്കുന്നയാളുടെ പരീക്ഷപ്പേപ്പറി ലേക്കെത്തിനോക്കുന്ന പോലെ കുട്ടി തന്നെ നോക്കുന്നതറിഞ്ഞ് സാറ് തലപൊക്കി അവളെ നോക്കി ചിരിച്ചു.

എത്ര ചൂടായാലും ഒതുളുപ്പും ഉണ്ടാ കാൻ പോവുന്നില്ല. പിന്നെ, വരുന്നവരോരുത്തരും ഓരോന്ന് തീർത്തിട്ടല്ലേ പോകുന്നത്. നേരം കഴി യുമ്പോൾ രൊക്കം പൈസ എണ്ണി വാങ്ങണം. പണിയെടുക്കാതെ വാങ്ങുന്നതാണെന്നൊരു തോന്നൽ ഉണ്ടാകും. പക്ഷേ പണിക്ക് വന്നതല്ലേ .. ഇതിപ്പോൾ ഉണ്ണാൻ വിളിച്ചിട്ട് ഊണില്ലാന്ന് പറയു മ്പോലെ.... ഏയ്, അങ്ങനെ അല്ല. ആ ചൊല്ല് ശരിയാവില്ല. പോട്ടെ.

'ഇനി വളരെ കുറച്ച് നേരംകൂടിയേ ഉള്ളൂ അല്ലേ?'

ചെങ്ങായിക്ക് ഇപ്പഴാണ് തെളിയുന്നതെന്ന് തോന്നുന്നു. എന്നാലും ഏതോ മരണവീട്ടിലിരുന്ന് ആത്മനിയന്ത്രണത്തോടെ വിലാക്കുന്ന പോലെ തോന്നും ഇരിപ്പും പറച്ചിലും ഒക്കെകൂടി നോക്കു മ്പോൾ. ആൾക്കാര് ഇങ്ങനെ തണുത്ത കഞ്ഞി വെള്ളം പോലെയാകുന്നത് കുട്ടിയ്ക്ക് തീരെ കണ്ടൂട.

'സാറിന വേണെങ്കീ ലേശൂടി സമയം നീട്ടി ത്തരാ' കുട്ടിക്ക് ദയയുണ്ട്.

'നന്ദി'

'ഓ...' ഇതിനു വേണ്ടിയിട്ടായിരുന്നോ.

'ഇങ്ങനെ വന്നു പോയ ആരെയെങ്കിലും

മറക്കാൻ കഴിയാതെയുണ്ടോ..?' ഇയാൾക്ക് എന്തൊക്കെയാണ് അറിയേണ്ടത്?

ചോദിച്ച ചോദ്യത്തിനുള്ള നീണ്ട ഉത്തരം കൈയ്യിലുണ്ടായിരുന്നു. പുറത്താരോടെങ്കിലും പറയാൻ കഴിയുമെന്ന് കരുതിയിട്ടില്ല. പറയാൻ മടിയോ കുറവോ ഒന്നും തോന്നേണ്ട കാര്യവും ഇല്ല. മേല്പാലത്തിനടിയിൽ അന്തംവിട്ട് നിന്ന യാളെ ഇവിടം വരെ കൊണ്ടുവന്നില്ലേ? ഒഴിഞ്ഞു പോകാൻ നിവൃത്തിയും ഇല്ല. അവസരം മുതലാക്കിക്കളയാം. അല്ലാതെന്ത് ചെയ്യാൻ.

കലണ്ടറിലെ ലൗ ബേഡ്സ്ന് സംശയമുണ്ടായിരുന്നു ഇവളിതൊക്കെ പറയോന്ന്. പറഞ്ഞാലൊരു നേരമ്പോക്കായി. കണ്ട കാര്യങ്ങളായാലും അവൾ തന്നെ പറയുന്നത് കേൾക്കാൻ ഒരു സുഖം...

വേണു മാഷ്

വേനക്കാലത്ത് ഇപ്പോഴും വരാറുണ്ട്. സ്കൂള് പൂട്ടിയിട്ട് മാഷ് മുറുക്കും. വായിൽ നിറയെ മുറുക്കാനും വെച്ച് ഏതോ കവിതയോ ശ്ലോകമോ ഒക്കെ ചൊല്ലും. അതിന്റെ അർത്ഥവും പറയും. വളരെ ഉറക്കെ. ഇവിടുന്ന് ഇറങ്ങിപ്പോകുമ്പോൾ താഴത്തെ ചെക്കൻ ക്ലാസ് കഴിഞ്ഞോന്ന് ചോദിക്കും.

എന്നെ മുമ്പിൽ കിടത്തിയിട്ട് കവി സീതയെ വർണ്ണിച്ച വരികൾ ചൊല്ലും. പൊട്ടിച്ചിരിക്കുമ്പോൾ കോളാമ്പി കമിഴ്ത്തിയ പോലെ എന്റെ മേലൊക്കെ ചുവപ്പ് പടരും.

ഏഴാം ക്ലാസില് എന്നെ മലയാളം പഠിപ്പിക്കുമ്പോഴും മാഷ് ചിരിക്കാറുള്ളത് പോലെ. വർത്തമാനവും അതുപോലെ. ഒരു മാറ്റവും ഇല്ല. പിന്നെ പണ്ടത്തെപ്പോലെത്തന്നെ കുട്ടീന്ന് വിളിക്കും.. ഇപ്പോഴും. മാഷുമാരൊക്കെ ഇങ്ങനെയാണ്ന്ന് തോന്നുന്നു.

'ഏതു വേണുമാഷ്?'

സാറ് ക്ലസ്റ്റർ മീറ്റിംഗുകൾ തലയിലിട്ട് കുലുക്കി. അതൊന്നും അന്വേഷിക്കണ്ട. പറയില്ല. മാഷിന് എന്നെ അറിയില്ല. മാഷിന്റെ കുട്ടിയായിരുന്നൂന്നറിയില്ല. പറയില്ല. ഞാൻ വളർന്ന് വലുതായതു കൊണ്ട് മാഷ്ക്ക് എന്നെ മനസിലായില്ല.

വല്ലപ്പോഴും കിട്ടുന്ന ഈ ഏഴാം ക്ലാസും വിട്ട് ഞാൻ ചെല്ലുമ്പോൾ ഞങ്ങൾക്ക് കുളിക്കാൻ ചൂടുവെള്ളം റെഡിയാക്കിയിട്ടുണ്ടാകും മകൻ. കുളിക്കുമ്പോൾ വെറ്റിലക്കറയിൽ സോപ്പിട്ട് തന്നു കൊണ്ട് കെട്ട്യോൻ ആക്കിച്ചോദിക്കും– സീതേ മാഷ്ക്ക് തരക്കേടൊന്നും ഇല്ലേന്ന്.

ഹമീദ്

'ഇതാരപ്പാ?' ലൗ ബേഡ്സ് പരസ്പരം നോക്കി.

അവൻ അയൽപക്കക്കാരനാണ്. മിക്കവാറും എന്നും കാണുന്നതു കൊണ്ടാവും മറക്കാൻ പറ്റാത്തവരിൽ പെട്ടത്. പിന്നെ എന്നും മീൻ വാങ്ങുമ്പോൾ നാലെണ്ണമെങ്കിലും അധികം തരും. അതിൽ കൂടുതൽ തന്നാലും വാങ്ങാറില്ല. ആവശ്യത്തിനു മാത്രം ആൾക്കാരോട് മിണ്ടുന്ന ഒരുത്തനാണെന്നാണ് ഞാൻ ആദ്യം കരുതിയത്. പക്ഷേ ആവശ്യത്തിനും ഇല്ല. നമ്മൾ ചോദിക്കുന്നതിനൊന്നും വ്യക്തമായി നേരിട്ട് മറുപടി തരില്ല. വേറെ എന്തെങ്കിലുമൊക്കെ പറയും. കേൾക്കുന്നവർ ഊഹിച്ചെടുക്കണം. ഒരുപാട് ദൂരെപ്പോയിട്ടേ മുറിയെടുക്കൂ. ഞാനാദ്യമൊക്കെ ചോദിച്ചിട്ടുണ്ട്, ഇത്രയ്ക്ക് വേണോന്ന്. അവനെന്തൊക്കെയോ പറഞ്ഞു. നരകത്തിലേക്കെങ്കിലും കയറ്റണേന്ന് പ്രാർത്ഥിച്ചു കൊണ്ടേ തുടങ്ങൂ.

നല്ല കണിവെള്ളരിക്ക തൊലി ചെത്തി വെച്ച പോലൊരു ചെക്കൻ. തീരും വരെ എണ്ണിയാൽ നൂറുവട്ടം ചേച്ചീ... ചേച്ചീന്ന് വിളിച്ചിട്ടുണ്ടാകും. മീൻ വിൽക്കാൻ വരുമ്പോഴും അതുപോലെ വിളിക്കും. പാവാണ്. മര്യാദയുള്ളവനാ.

ചാമി

ഒരാവേശത്തിന്റെ പുറത്ത് ഭാര്യയോട് ദേഷ്യപ്പെട്ട് എങ്ങിത്തിരിച്ചവനാണ്. പല വിഷയങ്ങളും ഞാനറിയുന്നത് അവൾ വഴിയാണ്. നാട്ടിൽ നടക്കുന്ന പല കാര്യങ്ങളും നമ്മൾ അറിയുന്നുണ്ടെങ്കിലും ചാമി പറയുമ്പോൾ അത് പുത്തനായിരിക്കും. ഞാൻ കാരണം ആണ് പോലും അവന്റെ കുടുംബം നീങ്ങുന്നത്. എങ്ങനേന്ന് ചോദിച്ചിട്ടില്ല. നമുക്കെന്തിന്?

പല ആൾക്കാരും അത് പറഞ്ഞിട്ടുണ്ട്.

ചാമിക്ക് ഒരു... കുമ്പളക്കൊറ്റന്റെ മണമാണ്. ശരിക്കുള്ള കുമ്പളക്കൊറ്റന്റ മണം സഹിച്ചൂടാത്തതാണ്. എങ്കിലും ചാമിൻറത് നല്ല മണാണ്. എനിക്കതിഷ്ടാണ്.

കുട്ടി പുറകിലേക്ക് ചാഞ്ഞിരുന്നു. അവൾ വളയൊന്നും ഇട്ടിട്ടില്ല.

ഉപയോഗിച്ച് ഉപേക്ഷിച്ച കോണ്ടം കണ്ടെടുത്ത് അതിൽ നിന്നും ഉപയോഗിച്ചയാളെ കണ്ടെത്താൻ കഴിയുമെന്നൊരു വിവരവുമായി ഒരു ദിവസം ചാമി വന്നതോർക്കുന്നു. ആരാണിതൊക്കെ നടന്ന് പെറുക്കാൻ നിക്കുന്നതെന്ന് ഞാൻ ചോദിച്ചു. മകൻ പറഞ്ഞിട്ടറിഞ്ഞ വിവരമാണ്.

ഏതോ കോളേജിൽ നിന്നും ഒരുപാടെണ്ണം പെറുക്കിയെടുത്തിട്ടുണ്ട് പോലും. അവനതിൽ നല്ല നാണക്കേടുണ്ട്. ഇത്തരം വലിയ വിഷയങ്ങളൊക്കെ മൂപ്പരോടേ സംസാരിക്കാറുള്ളൂ, ഞാൻ.

വല്ലപ്പോഴും എന്നെക്കാണാൻ ചില കുട്ടികളൊക്കെ വരാറുണ്ട്. ലൈംഗിക ബന്ധത്തിൽ ഏർപ്പെടുമ്പോൾ കോണ്ടം നിർബന്ധമായിട്ടും ഉപയോഗിക്കണംന്ന് പറയാറുണ്ട്. രാജ്യത്തിന്റെ

ആരോഗ്യം കണക്കിലെടുത്ത് അവരത് വെറുതേ തരും. കോടിക്കണക്കിന് ചിലവ് ചെയ്ത് സർക്കാർ ഇതിൽ ശ്രദ്ധിക്കുന്നുണ്ട്. അതു കൊണ്ട്  സഹകരി ക്കണംന്ന് പറയാറുണ്ട്.

'എന്താ ല്ലേ? കുടുംബം തകരരുത്... രാജ്യം തകരരുത്....' കണ്ടുപിടിച്ചാൽ മാനം പോകുന്ന് പേടിണ്ടോ?'

'അതു പോയാ പോട്ടെ. ചാമീന്റതൊക്കെ പോയാലും വന്നാലും കണക്കാ...'

'പിന്നെ?'

'രാജ്യദ്രോഹാവും'

മുഖത്തു നോക്കാതെയാണവൻ പറഞ്ഞത്. സാധാരണ അങ്ങനെയല്ല. എന്തൊരു തമാശ. ഉപ യോഗിക്കുന്നതോ ഉപയോഗിക്കാത്തതോ ദ്രോഹം?

'ശരിയാണ്' സാറ് ശരിവെച്ചു.

എന്റെ അരയിലൊരു കറുത്ത ചരട് കെട്ടി യിട്ടുണ്ട്. കുളി കഴിഞ്ഞ് അതുണങ്ങാൻ കുറച്ച് നേരം എടുക്കും. അതുണങ്ങും മുമ്പാണ് ആദ്യ മായി ഞങ്ങൾ കൂടുന്നത്. അവനത് തൊട്ടും പിടിച്ചും ഒക്കെ നോക്കി, കട്ടികളെപ്പോലെ. എന്നിട്ട് പറയും ഈ നനഞ്ഞ തിരി കൊളുത്തി യാലോന്ന്...

ചരടിന്റെ നനവ് ഉണങ്ങും വരെ അതിൽ മുഖമുരസി കളിക്കലാണ് അവന്റെ മെയിൻ പണി.

അവളുടെ കണ്ണിലെയും ചുണ്ടിലെയും പ്രണയം സാറ് കൗതുകത്തോടെ നോക്കി. ചാമിക്ക് രണ്ട് മക്കളാണ്. കെട്ട്യോളെ എപ്പോ കണ്ടാലും പെറ്റെണീറ്റപോലെയാണ്.. അമ്പിളി പോലെ. എന്റെ മോന്റെ വാട്സാപ്പിലുണ്ട്. ഫോട്ടോ ഇടും ഇടയ്ക്ക്.

'ഞാൻ കാരണം എല്ലാവരേയും ഓർക്കാൻ കഴിഞ്ഞു...ല്ലേ?"

'ഏയ്... ഞങ്ങള് മിക്കവാറും ഓർക്കും.'

'ഇവര്ടെ കൂട്ടത്തിൽ ഇനി ഞാനും വരോ?'

ലൗ ബേഡ്സ് വായ പൊത്തി ചിരിച്ചിട്ട് പെട്ടെന്ന് മിണ്ടാതെ നിന്നു. കുട്ടി നിശബ്ദയായി അയാളോട് സഹതപിച്ചു. അദ്ധ്വാനിക്കാത്ത പൈസ വാങ്ങണമല്ലോയെന്ന് തോന്നിക്കൊണ്ടേ യിരുന്നു.

പിന്നെ, എന്തായാലും പെട്ടു. പിരിയുമ്പോൾ ആൾക്കാരുടെ മുഖത്തൊരു തൃപ്തികണ്ടില്ലെങ്കിലും സുഖക്കേടാണ്.

'ന്നെക്കൊണ്ട് കൊറേ പറയിച്ചു. ഞാങ്കരുതി കേട്ടാ മതീന്ന്'

'എനിക്കിങ്ങനെ പറയാനുള്ള കഴിവില്ല'

നിർത്തി നിർത്തിയാണ് പറഞ്ഞു പോകുന്നത് സാറ്.

'മോശം അനുഭവം ഉണ്ടായിട്ടില്ലേ?'

'പറയാഞ്ഞിട്ടായിരുന്നു.'

'അതെന്തേ?'

എല്ലാവരേയും പോലെ തുടക്കത്തിൽ ഏറ്റവും കൂടുതൽ ഉണ്ടായത് മോശം തന്നെ.

കുട്ടി തന്റെ സാരി മടക്കിക്കയറ്റി തുട കാണിച്ചു കൊടുത്തു. ഒരു കോളേജ് കുമാരൻ വരച്ചതാണ്. ബ്ലേഡുകൊണ്ട് ആഴത്തിൽ വരഞ്ഞ ലൗ ചിഹ്നം. ആ കഷണം അവൻ കൊണ്ടുപോയി. അവിടം കുഴിഞ്ഞിരിക്കുന്നു. ലൗ ബേഡ്സ് പരസ്പരം കെട്ടിപ്പിച്ച് കരഞ്ഞു. അതിലൊന്നു തൊട്ടു നോക്കി സാറ്.

'കഷ്ടപ്പെട്ടു ഉണങ്ങാൻ. ആസ്പത്രീൽ പോവാൻ കഴിയോ?'

സാറ് തലകുനിച്ചിരിക്കുന്നതിൽ തെറ്റില്ലെന്ന് തോന്നി. അയാളുടെ കണ്ണിൽ നിന്നും പറഞ്ഞത് അവൾ തുടച്ചു കൊടുത്തു.

എത്ര ലൗലോലിതനായ മനുഷ്യൻ! സമയം നിസ്സംഗനായതു കൊണ്ട് അതിന്റെ പാട്ടിന് പോകുന്നു.

'നീയെനിക്കൊരു കാര്യം ചെയ്ത് തരണം'

എത്രയോ ആളുകൾ പല താളത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

'സമയം അതിന്റെ ജോലി വൃത്തിയായി ചെയ്യുകയും വിശപ്പ് ആമാശയത്തിന്റെ ഉച്ചിയി ലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നിമിഷത്തിൽ 'ഈ സാറ് എന്താണാവോ പറയാൻ പോകുന്നത് !

സാറ് ബാഗ് തുറന്ന് ഒരു പൊതിയെടുത്ത് കുട്ടിയ്ക്ക് കൊടുത്തു.. അവളത് തുറന്നു.

നല്ല നാക്കിലയിൽ പൊതിഞ്ഞ പച്ചച്ചോറ്.

അതു കണ്ടിട്ട് അന്തംവിടേണ്ട ആവശ്യമി ല്ലെന്ന് കുട്ടി പഠിച്ചു കഴിഞ്ഞിരുന്നു. പേപ്പറിനു ള്ളിൽ വാട്ടിയ ഇല വെച്ച് പൊതിഞ്ഞ് ചാക്ക് നൂലുകൊണ്ട് കെട്ടിയിരിക്കുന്നു. ഇത്ര ഭദ്രമായിട്ട് ഇതാര് കെട്ടിക്കൊടുത്തു വിട്ടൂന്നറിയില്ല....

ഏതോരു പെണ്ണാണ്.

'ഇത് കൂട്ടിക്കുഴച്ച് എനിക്കു തരൂ.'

അവളത് ചെയ്ത് കൊടുക്കുമെന്ന് അയാൾ ക്കുറപ്പാണ്. പിന്നെന്തിനാണിത്ര ദയനീയമായി നോക്കുന്നതാവോ.

'എന്തു കൂട്ടിക്കുഴക്കും?'

'അയ്യോ, അത് ഞാൻ തന്നില്ലേ?'

എന്തൊരുത്സാഹം, കാണേണ്ടതാണ്.

ചെറിയ കുപ്പിയിലെ വെളിച്ചെണ്ണയും കുഞ്ഞിപ്പൊതിയിലെ ഉപ്പും സാറ് നീട്ടി. കുട്ടി കുപ്പി തുറന്ന് മണപ്പിച്ചു. അവൾക്ക് പെറ്റു കിടന്ന കാലം ഓർമ്മ വന്നു. സംശയിച്ചു നിൽക്കാതെ സാറിന്റെ ഗതിയും കുട്ടിയുടെ വിഗതിയും കൂട്ടിക്കുഴച്ചുരുള യാക്കി. സാറിന്റെ വായിൽ ഉറവ. ഉച്ചയുണ്ടാക്കി ക്കൊണ്ടുതന്നെ അയാളത് വായിലിട്ട് കുഴച്ചു.

'കിണ്ണത്തിലായിരുന്നെങ്കില് ഒപ്പിവടിക്കാ

മായിരുന്നു അല്ലേ?'

കുട്ടി ഒന്നും മിണ്ടാൻ പോയില്ല. അയാളും പറയും അതിന്റെ പുറവും പറയും.

'കൈയ്യില് കുപ്പിവള ഇട്ടിട്ടുണ്ടായിരന്നെങ്കിൽ അതിപ്പോ കിലുങ്ങിയേനെ.' അപ്പറഞ്ഞതിന് ഒന്ന് മൂളികൊടുത്തു.

കലണ്ടറിലെ ലൗ ബേഡ്സ് അനങ്ങാതെ അങ്ങനെത്തന്നെ ഇരുന്നു. സാറ് മിടുക്കനായി മുഴുവനും കഴിച്ചിട്ട് കുട്ടിയുടെ മടിയിൽ കിടന്നുറങ്ങി. ലൗ ബേഡ്സ് ഒന്നുകൂടി അടുത്തേക്ക് നീങ്ങിയിരുന്നു.

'ലിസ്റ്റിൽ ചേർക്കണമെങ്കിൽ അയാളുടെ പേരറിയണ്ടേ?'

അതു ശരിയാണല്ലോയെന്ന് മറ്റേത് തല കുലുക്കി.

കുട്ടിയെ കാണാനില്ലാതെ നേരം വെളുത്തു. ബാഗോ പേഴ്സിലെ പൈസയോ ചുരുട്ടിവെച്ച എച്ചിലിലയോ ഒന്നും ആരും മായ്ച്ചു കളഞ്ഞിട്ടില്ല. സ്റ്റാന്റിലേക്ക് രണ്ടാമതെത്തേണ്ട ഫസ്റ്റ് ബസ് ഗൗരവത്തോടെ കടന്നു പോയി.

അവൾക്കൊന്നും കൊടുത്തിട്ടില്ല. മോശായിപ്പോയി.

സമയം പറഞ്ഞ് ആളെ ഒഴിപ്പിക്കാൻ വന്ന ചെക്കനോട് ഒരു ദിവസം കൂടി നീട്ടിത്തരണമെന്ന് പറഞ്ഞു. വേണം എന്നു പറഞ്ഞാൽ കൊടുക്കാതിരിക്കാൻ കഴിയില്ലല്ലോ.

ബസ്സ്റ്റാന്റിലും റെയിൽവേ സ്റ്റേഷനിലും ഒന്നും ഉണ്ടാകില്ലെന്നറിഞ്ഞിട്ടും തിരഞ്ഞു. കാണാതെ പോകുന്നതെങ്ങനെയാണ്? അതിലൊരു കള്ളത്തരം ഉണ്ടല്ലോ. അത് വേണ്ട.

കുടയ്ക്കു കീഴിലിരുന്ന് ബീഡി വിൽക്കുന്ന ചെക്കന്റടുത്തെത്തിയപ്പോൾ സാറിനെ വേണു മാഷ് തോണ്ടി. തിരിഞ്ഞ് നോക്കി, കണ്ടില്ല.

ചന്തയിൽ കണിവെള്ളരിക്ക മുൻപിൽ നിരത്തി വെച്ചിരിക്കുന്ന ചെക്കൻ ചേച്ചീ... ചേച്ചീന്ന് നീട്ടിവിളിച്ചപ്പോൾ നരകത്തിന്റെയും സ്വർഗത്തിൻെറയും വാതിലുകൾക്കിടയിൽ അന്തം വിട്ട് നിൽക്കുന്ന ഹമീദിനെ വലിച്ച് ഭൂമിയിലേക്കിടാൻ തോന്നിപ്പോയി സാറിന്.

നഗരക്കാഴ്ചകൾ വിവരിച്ചു കൊടുത്ത അദൃശ്യനായ ചാമി മത്സ്യകന്യകയുടെ ചന്തിയിൽ നിന്നടർന്നുവീണ ലൗ ചിഹ്നം തിരികെയൊട്ടിക്കാൻ ശ്രമം നടത്തുന്നത് നോക്കി കുറേ നേരം ഇരുന്നു.

കുട്ടിയുടെ കട്ടിലിന്റെ ഓരോ കാലും കുഴിമാന്തി സ്ഥാപിച്ചിട്ടാണ് സാറ് തിരികെ വന്നത്. ഒരെണ്ണം ബസ്സ്റ്റാന്റിൽ രണ്ടാമത്തേത് റെയിൽവേ സ്റ്റേഷനിൽ മൂന്നാമത്തേത് ചന്തയിൽ നാലാമത്തേത് സർക്കാരാശുപത്രിയിൽ.. ആ കാലിനൊരു ചെറിയ ആട്ടം ഉള്ളതാണ്.

വളവിലെ മേല്പാലത്തിന്റെ ചുവട്ടിലേക്ക് ലക്ഷ്യം വെച്ചു കൊണ്ടയാൾ മുറി പൂട്ടി. പോകാനാണെന്ന് മനസിലായപ്പോൾ ലൗ ബേഡ്സ് വാതിൽക്കലേക്ക് എത്തിനോക്കി.

ചെക്കന്റെ കൈയ്യിൽ താക്കോൽ കൊടുക്കുമ്പോൾ അവൻ സ്വാഭാവികമായൊരു സംശയം ചോദിച്ചു.

'എല്ലാരും വരുന്ന നേരത്ത് പോവാണോ?'

'ഒന്നുകിൽ കുറച്ചു കഴിഞ്ഞ് വരും. അല്ലെങ്കിൽ ഇല്ല.'

'ഓ... അതുശരി'

അഞ്ചു മിനിട്ട് കൂടി കാത്തു നിൽക്കേണ്ടി വന്നില്ല. കുട്ടി ഓടി അടുത്തുവന്നു. വലിയ കമ്മലൊക്കെ ഇട്ടിട്ടുണ്ട്.

'എവടെ പൊതി?'

ഏത് പൊതിയെന്ന് ചോദിച്ച് കളിപ്പിക്കാമായിരുന്നു. പക്ഷേ പൊതിയില്ലാതെ പുറപ്പെട്ട് പോകാൻ കഴിയില്ലാന്ന് അവൾ മനസിലാക്കിയല്ലോ....

അര ഡസൻ വെച്ച് ഓരോ കൈയ്യിലും ഇട്ടിട്ട് കുട്ടി തന്റെ കൈ സാറിന്റെ കാതിലേക്ക് നീട്ടിപ്പിടിച്ച് കിലുക്കി.

'നിനക്ക് കളറിഷ്ടപ്പെട്ടോ..?'

'ഓ.... മീൻഗുളികേടെയും കള്ളിമുൾപഴത്തിന്റെയും നിറം. ഇഷ്ടപ്പെട്ടു.

ഒരുപാട് ചോദിക്കാനും പറയാനും ഉണ്ടായിരുന്നെങ്കിലും ഇനിയും അവളെ മെനക്കെടുത്തരുതെന്ന് വിചാരിച്ചു.

എന്നാലും തീരെ പറ്റാത്തത് ചോദിച്ചു–
'ഇന്നലെ എനിക്ക് ചോറുവാരിത്തരുമ്പോ നിനക്ക് വിശക്കുന്നില്ലായിരുന്നോ?'

'നല്ലോണം'

റോഡിലേക്ക് കണ്ണോടിച്ചു കൊണ്ടാണവൾ പറഞ്ഞത്.

'നിനക്കൂടി കഴിക്കായിരുന്നു.'

അവൾ സാറിനെ നോക്കി നന്നായി ചിരിച്ചു.

'എന്റെ ചോറും ഒരൊഴിഞ്ഞ വയറും വെളുക്കോളം കാത്തിരിക്കുന്നുണ്ടായിരുന്നു.'

സാറിന്റെ വയറു നിറച്ചു കൊണ്ട് വളരെ വ്യക്തതയോടെ, ശ്രദ്ധിച്ച്, സ്ഫുടമായിട്ട് കുട്ടി പറഞ്ഞു.

ഏറ്റവും അവസാനം കൃത്യസമയത്ത് വരാനായി നാലാമത്തെ ബസ് സ്റ്റാന്റിലേക്ക് പോകുകയായിരുന്നു. അവളതിനെ കൈകാണിച്ച് നിർത്തിയിട്ട് ഓടിക്കയറി. ബസ് വിട്ടു.

സാറിന് റ്റാ... റ്റ....

പിന്നല്ലാതെ...., അവൾക്ക് പണിക്കു പോണ്ടേ?

■



**ഷീബ കെ.എം.**
ചരിത്ര വിഭാഗം അദ്ധ്യാപിക
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല, കാലടി

# ദേശരാഷ്ട്രത്തിന്റെ വിവാഹയുക്തികൾ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ഇന്ത്യയിൽ ഏകീകൃതസ്വഭാവത്തോടെ വിവാഹസമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തുകയുണ്ടായി. നാനാജാതിമതസ്ഥരും ഈ 'ആധുനികീകരണ' പ്രക്രിയയിൽ പങ്കാളികളാകേണ്ടിയും വന്നു. അധിനിവേശത്തിന്റെയും മുതലാളിത്തത്തിന്റെയും പരിസരങ്ങളിൽ ഏക ഭാര്യ/ഭർതൃബന്ധത്തിൽ അധിഷ്ഠിതമായ അണുകുടുംബമാതൃക മാനകമായി സ്ഥാപിക്കപ്പെടുകയാണുണ്ടായത്. കേവലമായ നിയമനിർമ്മാണത്തിലൂടെ നടപ്പിലാക്കിയെടുത്ത ഈ സാമൂഹ്യമാറ്റം കേരളത്തിന്റെ ലിംഗഭേദവിന്യാസങ്ങളിൽ കാതലായ പൊളിച്ചെഴുത്തുകൾ സൃഷ്ടിച്ചു എന്നു മാത്രമല്ല പുരുഷാധികാരത്തിന് പുതുരൂപത്തിൽ വേരോടാനുള്ള വളക്കൂറുള്ള മണ്ണൊരുക്കുകയും ചെയ്തു. കുടുംബത്തിനകത്ത് ഭർത്താവ് എന്ന അധികാരിയെ സ്ഥാപിക്കുകയും ഔദ്യോഗിക രേഖകളിൽ പുരുഷനെ മാത്രം കുടുംബനാഥനായി പരിഗണിക്കുകയും ചെയ്യുന്ന വ്യവസ്ഥയ്ക്കും ഇത് വഴിയൊരുക്കി. അധിനിവേശത്തിന് കീഴ്പ്പെട്ടുപോയ ഓരോ പ്രദേശത്തിന്റെയും തലമുറകളായി ആചരിച്ചു പോന്ന ജീവിതക്രമങ്ങളെയും പരമ്പരാഗത വ്യവസ്ഥകളെയും ഇളക്കി പ്രതിഷ്ഠിക്കാനുള്ള ശ്രമമായി ഇത് മാറി. സ്വാതന്ത്ര്യാനന്തരം ദേശരാഷ്ട്രങ്ങൾ സ്വന്തം നിയമനിർമ്മാണത്തിനൊരുങ്ങിയപ്പോഴും ആധുനികതയുടെ സ്ത്രീപുരുഷമാനകലൈംഗികതയ്ക്ക് (heteronormativity) അണുകുടുംബ മാതൃക തന്നെയായിരുന്നു ആധാരം. വിവാഹ പ്രായവും വിവാഹ ചട്ടങ്ങളും ഏകീകൃത സ്വഭാവത്തിലേക്ക് പരിവർത്തിപ്പിക്കപ്പെടുകയും ചെയ്തു. അതിനാൽത്തന്നെ തങ്ങളുടെ പഴയ ആചാരങ്ങൾ തുടരുന്നവർ രാജ്യത്തിനു മുന്നിൽ കുറ്റവാളികളായിത്തീരുന്ന അവസ്ഥയുണ്ടായി.

മധ്യപ്രദേശിലെ ഗോണ്ട് ആദിവാസിവിഭാഗങ്ങൾ വിവാഹത്തിന് മുൻപേ തന്നെ പ്രായപൂർത്തിയായ ആൺകുട്ടികളെയും പെൺകുട്ടികളെയും ഒന്നിച്ചിടപഴകാൻ പ്രേരിപ്പിച്ചിരുന്നു. ഘോട്ടുൽ എന്ന കുടിലുകളിലാണ് യുവതീയുവാക്കൾ കഴിഞ്ഞിരുന്നത്. വരും ജീവിതത്തിലേക്കുള്ള പരിശീലനത്തിന്റെ സ്വഭാവത്തിലായിരുന്നു ഇത്. എന്നാൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് ഗോണ്ട് മേഖലയിൽ സർക്കാർ ധനസഹായത്തോടെ ഒരു സാമൂഹ്യ വിവാഹം നടത്താൻ ഒരുങ്ങിയപ്പോൾ അതിനായി പേര് രജിസ്റ്റർ ചെയ്യുന്ന വധൂവരൻമാരിൽപ്പെട്ട സ്ത്രീകൾ ഗർഭധാരണപരിശോധനയ്ക്ക് വിധേയമാകണമെന്ന് നിർബന്ധിക്കുകയുണ്ടായി. അപ്പോൾ ഗർഭിണികളായതിനാൽ പലർക്കും ധനസഹായം നിഷേധിക്കപ്പെട്ടു. വധുവിൽ കന്യകാത്വം പ്രതീക്ഷിക്കുന്ന ഭരണകൂടം എത്ര സൂക്ഷ്മമായാണ് പുരുഷാധിപത്യത്തിലൂന്നിയ വിവാഹമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതെന്ന് ദർശിക്കാവുന്നതാണ്.



**പോക്സോ നിയമത്തിന്റെ മറവിൽ ആദിവാസികളെ ജയിലിലടയ്ക്കുന്നതിനെതിരെ കൽപ്പറ്റയിൽ നടന്ന പ്രക്ഷോഭം**

കേരളത്തിലെ ആദിവാസി വിഭാഗങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവങ്ങൾ ഇതിലും കഠിനമാണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗികപീഡനം തടയാൻ പുറപ്പെടുവിച്ചിട്ടുള്ള POCSO( Protection of Children from Sexual Offences ) Act 2012 പ്രകാരം പതിനെട്ടു വയസ്സിന് താഴെയുള്ള പെൺകുട്ടികളെ വിവാഹം കഴിച്ച ആദിവാസി പുരുഷൻമാരെ പോലീസ് പിടികൂടുകയാണ്. തങ്ങളുടെയിടയിൽ കാലങ്ങളായുള്ള പതിവായതിനാലും ഈ നിയമത്തെക്കുറിച്ചറിവില്ലാത്തതിനാലും പലരും ജയിലിലായി. പലരും ശിക്ഷാ കാലാവധിക്കു ശേഷം 'ഭാര്യ'മാർക്ക് 18 വയസ്സ് തികയുമ്പോൾ വീണ്ടും വിവാഹം കഴിച്ച് ജീവിക്കുന്നു. വയനാട്ടിൽ ആദിവാസി വിഭാഗങ്ങളിൽ നിന്ന് ഇരുപതോളം പേർ അറസ്റ്റ് ചെയ്യപ്പെട്ടതിനെതിരെ അനവധി പ്രക്ഷോഭങ്ങളും ഉയർന്നുവന്നു. ഇതിന്റെ ഭാഗമായി 2016 ഏപ്രിൽ മാസം കല്പറ്റയിൽ ദയാഭായി ഉദ്ഘാടനം ചെയ്ത വൻ പ്രതിഷേധയോഗവും സംഘടിപ്പിക്കപ്പെട്ടു. ■

വഴിത്താരകൾ




**ജാനകി**

*കോഴിക്കോട് സർവ്വകലാശാല*

*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*


# നുണയും സത്യവും

## ചീരുവിന്റെ പുതിയ സമസ്യകൾ

**ചീ**രു ആകെ ആശയക്കുഴപ്പത്തിലാണ്. മധ്യവേനൽ അവധിയായി.അവധിയെക്കാൾ പ്രശ്നം അതു കഴിഞ്ഞുള്ള സ്കൂൾ തുറക്കലാണ്. തുടർന്നുള്ള ടീച്ചർമാരുടെ ചോദ്യങ്ങൾ. എവിടെയൊക്കെ പോയി? എന്തൊക്കെ കണ്ടു? എന്തൊക്കെ പുത്തൻ സാധനങ്ങൾ വാങ്ങിച്ചു?

ഓർമ്മയുള്ള സമയം തൊട്ടുള്ള തന്റെ അവധിക്കാലം ചീരു ഓർത്തുപോയി.പതിവു പോലെ അവളും അനിയത്തിയും നാലു മണിക്കൂർ ആനവണ്ടിയിൽ ഇരുന്നു, വെയിൽ കൊണ്ടു തളർന്നു അമ്മമ്മയുടെ വീട്ടിലെത്തുന്നു. പിന്നീടുള്ള രണ്ടു മാസം പറമ്പിലും, പാടത്തും കറങ്ങി നടന്നു, രൂക്ഷമായ വേനലിൽ വരളുന്ന കിണറുകളെ വെറുതെ വിട്ടു, പുഴയിലും കുളത്തിലും മുങ്ങി നിവർന്നു, മരം കേറിയും ഓല ടാക്കീസിൽ സിനിമ കണ്ടും ഒഴിവുകാലം അടിച്ച് പൊളിക്കുന്നു. ചീരുവിനതു ഹരമാണു. പക്ഷേ ഒരു സങ്കടം മാത്രം.

കുറേ വർഷങ്ങളായി ചീരുവിന്റെ അവധിക്കാലത്തിനു ഒരു മാറ്റവുമില്ല. മറ്റു കുട്ടികൾ ഏതൊക്കെയോ വിചിത്രലോകങ്ങളിൽ പോയ കഥകൾ പറയുന്നു. അവൾക്കും ആഗ്രഹങ്ങൾ ഇല്ലാതില്ല. കുറേകാലമായി അവൾ പോകാൻ കൊതിക്കുന്ന ഒരിടമുണ്ട്... കശ്മീർ. എങ്ങിനെയാണ് മഞ്ഞു പെയ്യുന്ന ആ നാടിനോടു അവൾക്കു പ്രണയമായതെന്നു അവൾക്കറിഞ്ഞുകൂട.. ഇടക്കിടക്ക് വീട്ടിൽ വരാറുള്ള സന്ദർശകരുടെ വിവരണങ്ങളിൽ നിന്നാണോ, മുത്തശ്ശി കഥകളിൽ നിന്നാണോ, അല്ലെങ്കിൽ റ്റിവിയിൽ തെളിയുന്ന നിറപ്പകിട്ടാർന്ന സിനിമാ ഗാനങ്ങളിൽ നിന്നാണോ എന്നറിയില്ല. ഷമ്മി കപൂറിന്റെ 'താരീഫ് കരൂം ക്യാ ഉൻകീ" എന്ന് തുടങ്ങുന്ന ഗാനം ചിത്രഹാറിൽ കണ്ട്, അവൾ ആ സിനിമയിലെ നായികയായ കശ്മീരി പെൺകൊടി ആകാൻ കൊതിച്ചു. 'എവിടെയെങ്കിലും സ്വർഗ്ഗം ഉണ്ടെങ്കിൽ, അതിവിടെയാണ്' എന്ന ചൊല്ല് അവളെ കോൾമയിർ കൊള്ളിച്ചു. കശ്മീർ അവളെ വല്ലാതെ ഗ്രസിച്ചു. മോഹിപ്പിച്ചു കളഞ്ഞു.

അങ്ങനെയിരിക്കെ, പണ്ടൊരു അവധിക്കാലം കഴിഞ്ഞു സ്കൂളിലെത്തിയപ്പോൾ, താൻ സങ്കൽപ്പിച്ചെടുത്ത, നെഞ്ചിലേറ്റിയ ദൃശ്യങ്ങൾ അതിശയിപ്പിക്കുന്ന വ്യക്തതയോടെ അവൾ വിവരിക്കാൻ തുടങ്ങി. സംഭവിക്കാത്ത കശ്മീർ യാത്രയിൽ കണ്ട ഭൂഭംഗികൾ വർണ്ണിച്ച് അവൾ മതിമറന്നു പോയി. ഹിമാലയ പർവത നിരകൾ, ഷിക്കാരകൾ, തടാകങ്ങൾ, എന്നിങ്ങനെ പലതും. അവളുടെ ഭാഗ്യത്തിനു, മറ്റാരും അവിടെ പോകാത്തതു കൊണ്ട്, എല്ലാവരും അവളുടെ ഭാവനാവിലാസത്തെ വിശ്വസിച്ചു. തന്റെ കഥ അവൾക്കു തന്നെ വളരെ ഇഷ്ടപ്പെട്ടു.. അവൾക്കിത്ര മനോഹരമായി കഥ പറഞ്ഞു ഫലിപ്പിക്കാൻ പറ്റുമെന്നു അവൾ പോലും അറിഞ്ഞിരുന്നില്ല.

പക്ഷെ പാവം ചീരു...അവളുടെ സന്തോഷം ഇത്ര പെട്ടെന്നു അണയുമെന്നു കരുതിയില്ല. ഒരു സഹപാഠി അവളുടെ അമ്മയെ വഴിയിൽ കാണുമെന്നും കുശലപ്രശ്നം നടത്തുന്ന കൂട്ടത്തിൽ അമ്മയോട് കശ്മീർ യാത്രയെ പറ്റിയൊക്കെ ചോദിക്കുമെന്നും, മുൻപേ കാണാൻ പറ്റാഞ്ഞതു അവളുടെ ജാഗ്രതക്കുറവായി കാണരുത്. ചീരു തന്നെ അവളുടെ കഥയെ അത്ര ഗൗരവമായി എടുത്തിട്ടില്ല എന്നതാണു കൂടുതൽ ശരി. എന്നാൽ സ്കൂളിൽ എല്ലാവരും അതൊരു ഗുരുതരമായ വീഴ്ചയായി കണ്ടു.

അവൾക്ക് ഏറ്റവും പ്രിയങ്കരിയായ ടീച്ചർ പോലും അവളോടു മിണ്ടാതിരുന്നപ്പോൾ ചീരുവിനു വിഷമമായി. "താൻ നുണ പറഞ്ഞു പറ്റിച്ചു അല്ലെ?" എന്നു കൂട്ടുകാരികൾ കയർത്തപ്പോൾ അവൾക്കു കരച്ചിൽ വന്നു. അവൾ ഒരു ആഗ്രഹം



കഥാരൂപത്തിൽ പറഞ്ഞതാണു. ആരെയും പറ്റി ക്കാൻ ഉദ്ദേശിച്ചതല്ല. ശകാരങ്ങളും, മിണ്ടാതിരി ക്കലും, ഒറ്റക്കാക്കലും ഒക്കെ മുറക്കു നടന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ കാര്യങ്ങൾ പൂർവസ്ഥിതിയിലായി. പക്ഷെ അവളുടെ ഉള്ളിൽ നിന്നും, ആ സംഭവത്തിന്റെ പകപ്പും നീറ്റലും അകന്നു പോയില്ല.

ദിവസങ്ങൾ കഴിഞ്ഞു പോയി. ഒരു സന്ധ്യക്ക് അവളും അമ്മയും ഒന്നിച്ചിരുന്നു ടിവി കാണുകയായിരുന്നു. ഒരു സിനിമാ നടനു മായുള്ള സംഭാഷണമാണ്. ഹിന്ദി നടനാണ്. വീട്ടില് എല്ലാവരും കൂടിയിരുന്നു ഈ നടന്റെ സിനിമ കണ്ടത് അവൾക്കോർമ്മയുണ്ട്. പേര് അറിയില്ല. അയാളുടേയും പടത്തിന്റേയും പേരു കിട്ടുന്നില്ല. പക്ഷെ അമ്മ ആസ്വദിച്ചു കാണുക യാണ്. ഒരു ഘട്ടമത്തിയപ്പോൾ അമ്മ അവളെ കെട്ടിപ്പിടിച്ച് പൊട്ടിച്ചിരിച്ചു. “അപ്പൊ എന്റെ ചീരു ഒരു ജൂനിയർ ഫർഹാൻ അഖ്ത്ർ ആണല്ലെ!” ഓ, അതാണു ആ നടന്റെ പേര്! പക്ഷേ ഫർഹാനും ചീരുവും തമ്മിലെന്ത് ?

അവൾക്കു ജിജ്ഞാസ മൂത്തു. “എന്താമ്മേ കാര്യം?” അമ്മക്ക് ചിരി നിർത്താനാവുന്നില്ല.’ ഫർഹാൻ സ്കൂളിൽ പഠിക്കുമ്പോൾ ചെയ്ത ഒരു കാര്യം എന്താന്നോ? എല്ലാ  കുട്ടികളും വലിയ കാറുകളിൽ  വന്നിറങ്ങുന്നതു കണ്ട്, ഫർഹാൻ ഒരു ദിവസം അവരോട് പറഞ്ഞു. “ഞാൻ ഹെലികോപ്റ്ററിലാണു വരുന്നത്.” കൂട്ടുകാർ വിശ്വസിച്ചില്ല.” ഞങ്ങൾ കണ്ടിട്ടില്ലല്ലോ” എന്നായി അവർ. “നിങ്ങൾ എങ്ങനെ കാണാനാണ്? ഞാൻ സ്കൂളിനു മുകളിലെ ഹെലിപാഡിൽ വന്നിറങ്ങു കയല്ലെ!” ഈ വാർത്ത സ്കൂളിൽ വലിയ പുകി ലുണ്ടാക്കി. കുട്ടികൾ വീട്ടിൽ പോയി പുതിയ ഡിമാൻഡുകൾ മുന്നോട്ട് വെച്ചു. കാര്യം ലളിതമാണ്. അവർക്കും ഹെലികോപ്റ്ററിൽ വരണം. രക്ഷാ കർത്താക്കൾ ഈ കിംവദന്തിയുടെ ഉറവിടം അന്വേഷിച്ചെത്തിയതു ഫർഹാന്റെ പക്കലാണ്. തുടർന്നു ണ്ടായ സംഭവ വികാസങ്ങൾ ഒന്നും തന്നെ ഫർഹാനെ തളർത്തിയില്ല. കഥകൾ മെനയുവാനുള്ള തന്റെ കഴിവിനെ കുറിച്ചു ഫർഹാനിൽ ആത്മവിശ്വാസം വർദ്ധിച്ചു.അയാൾ ഇന്നു എത്രയോ ആളുകൾ ആരാ ധിക്കുന്ന കലാകാരനാണ്. അയാ ളുടെ കഥകൾക്കായി സിനിമാ കുതുകികൾ ക്യൂ നിൽക്കുന്നു.” ഇത്രയും പറഞ്ഞത് അമ്മ അവളെ ഉറ്റു നോക്കികൊണ്ടാണ്.

ചീരു അമ്മയേയും നോക്കി. പക്ഷെ അവളുടെ കൺഫ്യൂഷൻ മാറിയിട്ടില്ല. ഫർഹാൻ അഖ്തർ അപ്പോൾ പറഞ്ഞതു നുണയല്ലേ? എന്ത് കൊണ്ടാണ് ഫർഹാനെ ടീച്ചർമാർ ശകാരിക്കാ തിരുന്നത്? “അത് നമുക്കറിയില്ല.പക്ഷെ ഒന്നുണ്ട്. കുട്ടികളുടെ കുസൃതികളിൽ സർഗാത്മകത കാണുവാൻ മറ്റൊരു മനസ്സു വേണം.അത് എല്ലാ സ്കൂളിലും ഉണ്ടായിക്കോളണം എന്നില്ല. നീ പോയില്ല എന്നതാണു സത്യം. പക്ഷെ നിന്റെ കശ്മീർ കാണണം എന്ന മോഹവും സത്യമാണ്. മോഹങ്ങളെ സത്യമാക്കാൻ പറ്റിയില്ലെങ്കിൽ, നമുക്ക് കഥകളാക്കാം.” അമ്മ ഒരുവിധം അവ സാനിപ്പിക്കാൻ ശ്രമിച്ചു. ചീരു വിടുന്ന മട്ടില്ല. “അപ്പോൾ കഥകൾ നുണകളാണോ?” “കഥകൾ നുണയുമല്ല സത്യവുമല്ല” അമ്മ രക്ഷപ്പെടാൻ നോക്കി. അതു ഫലിച്ചു. ഇപ്പോൾ ചീരു നുണക്കും സത്യത്തിനും ഇടയിലുള്ള ലോക ങ്ങളെ തിരയുകയാണ്. എന്നിട്ടും അവധിക്കാലം ഒരു കീറാമുട്ടിയായി തന്നെ അവശേഷിക്കുന്നു.



**വര: സംഗീത**

ശാസ്ത്രം

സീമ ശ്രീലയം

**പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ**



# കാലാവസ്ഥാവ്യതിയാനങ്ങൾക്കെതിരെ പോരാടുന്ന പെൺകുട്ടി

**കാ**ലാവസ്ഥാവ്യതിയാനങ്ങൾക്കെതിരെയുള്ള പോരാട്ടത്തിലൂടെ ലോകശ്രദ്ധ നേടിയ സ്ക്കൂൾ വിദ്യാർഥിനി, പതിനാറാം വയസ്സിൽ സമാധാനനോബൽ സമ്മാനത്തിനു നാമനിർദ്ദേശം ചെയ്യപ്പെട്ട പെൺകുട്ടി! ഈ നേട്ടങ്ങളെല്ലാം ഗ്രേറ്റതൻബെർഗിനു സ്വന്തം. കഴിഞ്ഞ വേനലിൽ ഒരു ദിവസം സ്ക്കൂളിൽ നിന്നിറങ്ങി സ്വീഡിഷ് പാർലമെന്റിനു മുന്നിൽ ഇരുന്നുകൊണ്ടാണ് ഗ്രേറ്റ ഭൂമിയമ്മയ്ക്കു വേണ്ടിയുള്ള തന്റെ പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചത്. 2003 ജനുവരി മൂന്നിന് സ്വീഡനിൽ ഓപ്പറ ഗായികയായ മലേന എർമാന്റെയും നടനും എഴുത്തുകാരനുമായ സ്വാന്റെതൻബർഗിന്റെയും മകളായാണ് ഗ്രേറ്റയുടെ ജനനം.

കൈകൊണ്ട് പെയിന്റ് ചെയ്ത ഒരു ബാനറും പിടിച്ച് വെറും പതിനഞ്ചുവയസ്സു മാത്രം പ്രായമുള്ള ഒരു പെൺകുട്ടി സ്വീഡിഷ് പാർലമെന്റിനുമുന്നിൽ ഒറ്റയ്ക്കിരുന്നു സമരം ചെയ്യുക! പലർക്കും ഇതൊരു കൗതുകക്കാഴ്ച മാത്രമായിരുന്നു ആദ്യം. ചിലർ പരിഹസിച്ചു, കുറ്റപ്പെടുത്തി. മാതാപിതാക്കൾ പോലും അവൾക്കൊപ്പം നിന്നില്ല. സഹപാഠികളും അവൾക്കൊപ്പം ചേരാൻ തയ്യാറായില്ല. ആദ്യമൊക്കെ ഒറ്റയ്ക്കായിരുന്നെങ്കിലും ക്രമേണ ഗ്രേറ്റയ്ക്കൊപ്പം നിൽക്കാൻ ആളുകൾ എത്തിത്തുടങ്ങി. സ്വീഡനിലെ പൊതുതെരഞ്ഞെടുപ്പു കഴിഞ്ഞ ശേഷം ഗ്രേറ്റതൻബർഗ് ഒരു കാലാവസ്ഥാ റാലിയിൽ ആയിരക്കണക്കിനാളുകളെ അഭിസംബോധന ചെയ്തു സംസാരിച്ചു. അത്ര ഒഴുക്കില്ലാത്തതെങ്കിലും ഹൃദയത്തിന്റെ ഭാഷയിലുള്ള ആ സംസാരം ഏവരെയും ആകർഷിച്ചു.

2018 ആഗസ്റ്റിൽ ആഗോളതാപനത്തിനും കാലാവസ്ഥാവ്യതിയാനങ്ങൾക്കുമെതിരെ പോരാടാൻ ഒറ്റയ്ക്കിറങ്ങിയ ഗ്രേറ്റ ഇന്ന് ലോകമെങ്ങുമുള്ള കുട്ടികൾക്കും യുവതലമുറയ്ക്കും പരിസ്ഥിതി മുന്നേറ്റങ്ങളിൽ മാതൃകയും പ്രചോദനവുമാണ്. വിവിധ രാജ്യങ്ങളിലെ ഭരണാധികാരികൾ പോലും ഇന്നാപെൺകുട്ടിയുടെ ശബ്ദത്തിനു കാതോർക്കുന്നു. ആഗോളതാപനത്താൽ ചുട്ടുപൊള്ളിപ്പനിച്ച്, കാലാവസ്ഥാവ്യതിയാനങ്ങളാൽ വലഞ്ഞ് ഊർദ്ധ്വശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ രക്ഷയ്ക്കായി ഗ്രേറ്റ നടത്തുന്ന മുന്നേറ്റങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു. 'സ്ക്കൂൾ സ്ട്രൈക്ക് ഫോർ ക്ലൈമറ്റ്' എന്ന ഗ്രേറ്റയുടെ ബാനർ ഡസൻ കണക്കിനു ഭാഷകളിലേക്കാണ് വിവർത്തനം ചെയ്യപ്പെട്ടത്.

ഇക്കഴിഞ്ഞ മാർച്ച് പതിനഞ്ച് വെള്ളിയാഴ്ച കാലാവസ്ഥാവ്യതിയാനങ്ങൾക്കെതിരായ ഒരു വൻ മുന്നേറ്റത്തിനാണ് ലോകം സാക്ഷ്യം വഹിച്ചത്. ഭാവിക്കായി വെള്ളിയാഴ്ചകൾ എന്ന മുദ്രാവാക്യം ഉയർത്തി എല്ലാ വെള്ളിയാഴ്ചകളും ഭൂമിയെ രക്ഷിക്കാനുള്ള സമരത്തിനായി മാറ്റിവച്ച ഗ്രേറ്റയുടെ പോരാട്ടം ലോകം ഏറ്റെടുക്കുകയായിരുന്നു. വെയിലും മഞ്ഞും മഴയും വകവയ്ക്കാതെ ഗ്രേറ്റ നടത്തിയ സമരം എഴുപത്തിഒന്നോളം രാജ്യങ്ങളിലെ എഴുനൂറോളം സ്ഥലങ്ങളിൽ കുട്ടികൾ ഏറ്റെടുത്തു നടത്തിയപ്പോൾ ഏറ്റവും വലിയ പാരിസ്ഥിതിക മുന്നേറ്റങ്ങളിൽ ഒന്നായി അതു മാറുകയായിരുന്നു.

രാവിലെ ആറുമണിക്കെഴുന്നേറ്റ് സ്ക്കൂളിലേക്ക് പോവാനുള്ള ഒരുക്കങ്ങൾ തുടങ്ങുകയും കൃത്യം മൂന്നുമണിക്കു സ്ക്കൂളിൽ നിന്നുവീട്ടിൽ തിരിച്ചെത്തുകയും ചെയ്തിരുന്ന, ഒരു സാധാരണ ജീവിതം നയിച്ചുകൊണ്ടിരുന്ന പെൺകുട്ടിയായിരുന്നു ഗ്രേറ്റ. ആസ്പർജേർ

 സ്രോഗത്തിനടിമകൂടിയായ ഈ പെൺകുട്ടി ഇന്ന് ലോകത്തെ ചിന്തിപ്പിച്ചു കൊണ്ടിരിക്കുക യാണ്. സർവ്വജീവജാലങ്ങൾക്കും വരാനിരി ക്കുന്ന എത്രയോ തലമുറകൾക്കും ഒരുപോലെ അവകാശപ്പെട്ട ഈ ഭൂമിയെ കാക്കണമെന്ന സന്ദേശം നൽകിക്കൊണ്ടിരിക്കുകയാണ്. കട ലിലെ പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ഭീകര തയും വംശനാശഭീഷണി നേരിടുന്ന ധ്രുവ ക്കരടികളുടെ അവസ്ഥയുമൊക്കെ പ്രതിപാദി ക്കുന്ന വീഡിയോ സ്ക്കൂളിൽ പ്രദർശിപ്പി ച്ചപ്പോൾ അത് കണ്ട് എട്ടുവയസ്സിൽ താൻ പൊട്ടി ക്കരഞ്ഞു പോയെന്ന് ഗ്രേറ്റ തന്നെ പറയുന്നു. പിൽക്കാലത്ത് കാലാവസ്ഥാവ്യതിയാനങ്ങളെ ക്കുറിച്ച് മനസ്സിലാക്കിയപ്പോൾ നമ്മെ കാത്തി രിക്കുന്ന ദുരന്തത്തിന്റെ ആഴം മനസ്സിനെ ചുട്ടു പൊള്ളിക്കാൻ തുടങ്ങി. മുതിർന്നവർ എന്തു കൊണ്ടാണ് ഈ പ്രശ്നം കാര്യമായെടുക്കു കയും പ്രതികരിക്കുകയും ചെയ്യാത്തതെന്ന് ആ പെൺകുട്ടി ഏറെ ആകുലപ്പെടുകയും ചെയ്തു. കാലാവസ്ഥാവ്യതിയാനങ്ങൾ സംബ ന്ധിച്ച വീഡിയോകൾ കണ്ടു. അതെക്കുറിച്ച് വിശദമായി അറിയാൻ ശ്രമിച്ചു. ഭൂമിയുടെ ഭാവിയെക്കുറിച്ച് ആകുലരാവുന്നവരെ ഒന്നിച്ചു ചേർക്കണമെന്ന് അതിയായി ആഗ്രഹിച്ചു.

2018 നവംബറിൽ സ്റ്റോക്ക് ഹോംടെഡ് എക്സിൽ സംസാരിച്ച ഗ്രേറ്റ ഡിസംബറിൽ യു.എൻ ക്ലൈമറ്റ് ചെയ്ഞ്ച് കോൺഫറൻസിലും സംസാരിച്ചു. തീർന്നില്ല ഗ്രേറ്റയുടെ മുന്നേറ്റങ്ങൾ. ഈ വർഷം ജനുവരിയിൽ ദാവോസിലെ വേൾഡ് ഇക്കണോമിക് ഫോറത്തിൽ സംസാരിക്കാനും ഗ്രേറ്റയ്ക്ക് ക്ഷണം ലഭിച്ചു. ചൂടിന്റെ കാര്യത്തിൽ റെക്കോഡിട്ട് ഓരോ വർഷവും കടന്നുപോവുന്ന, സമുദ്രങ്ങൾക്കും പൊള്ളുന്ന, മഞ്ഞുമുഴുവൻ ഉരുകിത്തീർന്നു കൊണ്ടിരിക്കുന്ന കാലത്ത് ഭൂമിയുടെ രക്ഷയ്ക്കായുള്ള ഗ്രേറ്റതൻബർഗിന്റെ വാക്കുകളും പ്രവർത്തനങ്ങളും ലോകത്തിന് പ്രതീക്ഷയുടെ പച്ചപ്പു തന്നെയാണ്. ■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**'അല്ല, അല്ല– അവൾ വിവാഹശേഷം തീർച്ചയായും ജോലിയിൽ തുടരും! മാസാമാസം കിട്ടുന്ന സ്ത്രീധനമല്ലേ ഒറ്റത്തവണ കിട്ടുന്നതിനേക്കാൾ നല്ലത്'**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara